പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV
# (SUBJECT COMMITTEE IV)

# വ്യവസായവും ധാതുക്കളും
# (INDUSTRY AND MINERALS)

ആനുകാലിക റിപ്പോർട്ട്
(2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെ)

(PERIODICAL REPORT FROM 1st APRIL 2018 TO
31st MARCH 2019)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

2019 ജൂലൈ 1-ാം തീയതി സമർപ്പിച്ചത്
(Presented on 1st July 2019)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2019

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV
# (SUBJECT COMMITTEE IV)

# വ്യവസായവും ധാതുക്കളും
# (INDUSTRY AND MINERALS)

**ആനുകാലിക റിപ്പോർട്ട്**

**(2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെ)**

(PERIODICAL REPORT FROM 1st APRIL 2018 TO 31st MARCH 2019)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

740/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 56 |

## സബ്ജക്റ്റ് കമ്മിറ്റി IV

## വ്യവസായവും ധാതുക്കളും
## (2019-2021)

**ഘടന**

<u>ചെയർമാൻ:</u>

ശ്രീ. ഇ. പി. ജയരാജൻ,
വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ:</u>

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി,

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,
മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. ആന്റണി ജോൺ

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. പി. ബി. സുരേഷ്കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

## അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV(2016-2018)-ന്റെ കാലയളവ് പൂർത്തീകരിച്ചതിനെത്തുടർന്ന് 7-1-2019-ലെ 598-ാം നമ്പർ ബുള്ളറ്റിൻ പ്രകാരം സബ്ജക്ട് കമ്മിറ്റി IV (2019-2021) രൂപീകൃതമായി. പ്രസ്തുത കമ്മിറ്റികൾ 1-4-2018 മുതൽ 31-3-2019 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 9 യോഗങ്ങൾ ചേരുകയുണ്ടായി. 24-4-2018, 30-5-2018, 19-6-2018, 25-7-2018, 10-10-2018, 29-11-2018, 19-2-2019, 27-2-2019, 13-3-2019 എന്നീ തീയതികളിലാണ് പ്രസ്തുത യോഗങ്ങൾ ചേർന്നത്. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ, കരട് ചട്ടങ്ങൾ, 2017-18-ലെ ധനാഭ്യർത്ഥനകളുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവയുടെ പരിഗണന, ചട്ടങ്ങളുടെ സാധൂകരണം, 235 എ പ്രകാരം വിവിധ വിഷയങ്ങളിന്മേലുള്ള ചർച്ച, 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന, ആയതിന്റെ കരട്, റിപ്പോർട്ടുകളുടെ പരിഗണന എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 41.41% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

അദ്ധ്യായം I — സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II — സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III — സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

അദ്ധ്യായം IV — നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V — സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI — (a) 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII — സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2019 ജൂൺ 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ഇ. പി. ജയരാജൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2019 ജൂൺ 27.

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

(1) വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2017-18 വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് 30-5-2018-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 21-6-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(2) 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 2018 ജൂൺ 19-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2018 ജൂൺ 21-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(3) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനവും ഭാവി നവീകരണവും സംബന്ധിച്ച് പഠനം നടത്തുകയും 22-11-2017, 10-1-2018 എന്നീ തീയതികളിൽ യോഗം ചേർന്ന് പ്രസ്തുത വിഷയത്തെ അടിസ്ഥാനമാക്കി വകുപ്പുതല ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. 29-11-2018-ന് ചേർന്ന സമിതി യോഗം ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും 2018 ഡിസംബർ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകൾ

സഭയിൽ ബില്ലുകളൊന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

1. 2018-ലെ കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങളുടെ കരട് 24-4-2018-ലെ യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2. കേരള മൈനർ മിനറൽ കൺസഷൻ (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ് 2015 (എസ്.ആർ.ഒ. നമ്പർ 671/2015), മൈക്രോ, സ്മാൾ & മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട് 2006-കൗൺസിൽ അംഗങ്ങളുടെ നിയമനം (എസ്.ആർ.ഒ. നമ്പർ 523/2017), വ്യവസായ എസ്റ്റേറ്റുകൾ, മിനി വ്യവസായ എസ്റ്റേറ്റുകൾ എന്നിവയെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999 പ്രകാരം നോട്ടിഫൈ ചെയ്ത് പുറപ്പെടുവിച്ച വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 815/2017 മുതൽ 853/2017 വരെ) എന്നിവ 24-4-2018-ലെ സമിതി യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

3. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 70/18 ഭേദഗതി 30-5-2018-ലെ സമിതി യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

4. കേരള മൈൻസ് & മിനറൽസ് ആക്ട് 1957 പ്രകാരവും പ്രസ്തുത നിയമ പ്രകാരം പുറപ്പെടുവിച്ച ചട്ടങ്ങൾ പ്രകാരവും ശിക്ഷാർഹമായ കുറ്റങ്ങൾക്കെതിരെ കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുന്നതിന് ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തുന്നതിന് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ കരട് 10-10-2018-ലെ യോഗം ഭേദഗതി കൂടാതെ അംഗീകരിച്ചു.

5. പാലക്കാട് കിൻഫ്രാ മെഗാഫുഡ് പാർക്കിന്റെ കൈവശമുള്ള സ്ഥലം വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ടും പ്രസ്തുത പ്രദേശത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിച്ചുകൊണ്ടും പുറപ്പെടുവിച്ച വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 502/2018) 29-11-2018-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 235(എ) പ്രകാരം, 25-7-2018-ലെ യോഗം കേരള സിറാമിക്സ് ലിമിറ്റഡിന്റെ പ്രവർത്തന അവലോകനവും ഭാവി നവീകരണവും എന്ന വിഷയം സംബന്ധിച്ചും, 10-10-2018-ലെ യോഗം ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ പ്രവർത്തന അവലോകനവും ഭാവി നവീകരണവും, കൈത്തറി മേഖലയുടെ പ്രവർത്തന അവലോകനവും ഭാവി നവീകരണവും എന്നീ വിഷയങ്ങളെ സംബന്ധിച്ചും ബന്ധപ്പെട്ട വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | |
| 1 | 2 | 3 | 4 |
| XXXVII—വ്യവസായങ്ങൾ | 2017-18 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് | 20-6-2018 |
| XXXVII—വ്യവസായങ്ങൾ | 2010-11 | വ്യവസായ വകുപ്പ് (കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കെൽപാം) | 20-6-2018 |
| XXXVII—വ്യവസായങ്ങൾ | 2011-12 | വ്യവസായ വകുപ്പ് (കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കെൽപാം) | 20-6-2018 |
| XXXVII—വ്യവസായങ്ങൾ | 2012-13 | വ്യവസായ വകുപ്പ് (കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കെൽപാം) | 20-6-2018 |
| XXXVII—വ്യവസായങ്ങൾ | 2016-17 | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് | 20-6-2018 |
| | | കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് കമ്പനി | 20-6-2018 |
| | | കെ. എസ്. ഇ. ഡി. സി. ലിമിറ്റഡ് (കെൽട്രോൺ) കമ്പനി | 20-6-2018 |
| | | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 20-6-2018 |
| | | പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്) | 20-6-2018 |
| XXXVII—വ്യവസായങ്ങൾ | 2017-18 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള, ടെക്നോപാർക്ക്, തിരുവനന്തപുരം, ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് | 6-12-2018 |

| 1 | 2 | 3 | 4 |
|---|---|---|---|
| XXXVII—<br>വ്യവസായങ്ങൾ | 2010-11 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, ബാംബൂ കോർപ്പറേഷൻ | 6-12-2018 |
| | 2011-12 | | |
| | 2012-13 | | |
| | 2013-14 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | |
| | 2014-15 | | |
| | 2015-16 | | |
| | 2016-17 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡ്, കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ), കെൽപാം, കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം, കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ് അപ്പക്സ് സഹകരണ സംഘം (സുരഭി) | |
| | 2017-18 | ആട്ടോകാസ്റ്റ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡ്, കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡ്, കിൻഫ്ര, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | |
| | 2017-18 | കയർ വികസന വകുപ്പ് | |
| XXXVII—<br>വ്യവസായങ്ങൾ | 2014-15 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | 30-1-2019 |
| | 2015-16 | | |
| | 2016-17 | | |
| | 2017-18 | ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡ് | 30-1-2019 |
| | | പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്) | |
| | | ദി കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് | |
| | | മലബാർ സിമന്റ്സ് ലിമിറ്റഡ് | |
| | | കേരള സിറാമിക്സ് ലിമിറ്റഡ് | |

അദ്ധ്യായം VI

(a) 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 61 | 1, 19-26, 32 | 2-18, 27-31, 33-61 | 51 |

(b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1976/സബ്.സി.ബി2/2017/നി.സെ.)

ശിപാർശ

എച്ച്.ഡി.സി.കെ., കാഡ്കോ, സുരഭി, കെ.എസ്.ബി.സി., കെൽപാം, കേരള ബാംബൂ മിഷൻ (കെ-ബിപ്) എന്നീ ഏജൻസികൾ മുഖേന കരകൗശല രംഗത്തെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുണ്ട്. എന്നാൽ അതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 'മേൽ ശീർഷകത്തിൽ 1000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതികാരണം 2017-18 സാമ്പത്തിക വർഷത്തിൽ സമിതി ശിപാർശ പ്രകാരം തുക വകയിരുത്തുവാൻ സാധിച്ചിട്ടില്ല.

(റഫറൻസ് നമ്പർ വ്യവ. കെ3/265/2017/വ്യവ., തീയതി 5-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

സംസ്ഥാന കരകൗശല മേഖലയിൽ ക്ലസ്റ്റർ ഡെവലപ്മെന്റിന്റെ ഭാഗമായി കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം 200 ലക്ഷം രൂപയോളം ആവശ്യമായി വരുമെന്നും ഇതിൽ 85 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി 115 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതികാരണം 2017-18 സാമ്പത്തിക വർഷത്തിൽ സമിതി ശിപാർശ പ്രകാരം തുക വകയിരുത്തുവാൻ സാധിച്ചിട്ടില്ല

(റഫറൻസ് നമ്പർ വ്യവ.കെ3/265/2017/വ്യവ., തീയതി 5-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

കരകൗശല മേഖലയിലെ വിദഗ്ധ തൊഴിലാളികളെ സ്വയംസംരംഭകരാക്കി മാറ്റാനുള്ള 'ആഷ്' എന്ന പുതിയ പദ്ധതിക്കായി ശരാശരി ഒരു ആർട്ടിസാന് ഒരു ലക്ഷം രൂപ സഹായം എന്ന നിരക്കിൽ 100 ആർട്ടിസാൻമാരെയെങ്കിലും സഹായിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നതെന്നും ആയതിലേക്കായി 2017-18 സാമ്പത്തിക വർഷം 100 ലക്ഷം രൂപ ആവശ്യമുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2017-18 സാമ്പത്തിക വർഷത്തിൽ സമിതി ശിപാർശ പ്രകാരം അധിക തുക വകയിരുത്തുവാൻ സാധിച്ചിട്ടില്ല

(റഫറൻസ് നമ്പർ വ്യവ.കെ3/265/2017/വ്യവ., തീയതി 5-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

എച്ച്.ഡി.സി.കെ., കാഡ്കോ, സുരഭി, കെ.എസ്.ബി.സി., കെൽപാം എന്നീ സ്ഥാപനങ്ങൾ കരകൗശലമേഖലയുടെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളിൽ വിപണന സഹായം, ഉൽപ്പന്ന വികസനം, നൈപുണ്യ വികസനം തുടങ്ങിയ പദ്ധതികൾക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 750 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2017-18 സാമ്പത്തിക വർഷത്തിൽ സമിതി ശിപാർശ പ്രകാരം അധിക തുക വകയിരുത്തുവാൻ സാധിച്ചിട്ടില്ല.

(റഫറൻസ് നമ്പർ വ്യവ. കെ3/265/2017/വ്യവ., തീയതി 5-7-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കയർ വികസന ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിനും പ്രോജക്ട് ആഫീസുകളുടെ കീഴിൽ വരുന്ന വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കിൾ ആഫീസുകളിലും വാടക കുടിശ്ശികയുണ്ടെന്നും മറ്റിനങ്ങളിലുള്ള ചെലവ് കൂടാതെ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നൽകേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ആവശ്യത്തിനായി മേൽ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

വാടക കുടിശ്ശിക തീർക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ വ്യവ. ഇ 2/178/2017/വ്യവ., തീയതി 14-9-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കയർ വികസന വകുപ്പിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നൽകേണ്ടതിനാൽ 100 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

കയർ വികസന വകുപ്പിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നൽകുന്നതിനായി 2017-18 വർഷം അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ വ്യവ. ഇ 2/178/2017/വ്യവ., തീയതി 14-9-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമപദ്ധതികൾ എന്നിവ നടപ്പിലാക്കാൻ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്ന വിഹിതത്തിൽ 2012-13 മുതൽ പദ്ധതിയേതരത്തിലാണ് തുക വകയിരുത്തുന്നതെന്ന് സമിതി വിലയിരുത്തുന്നു. പ്രതിമാസം 1,000 രൂപ വച്ച് പെൻഷൻ കൂടാതെ കുടുംബ പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമപദ്ധതികൾ എന്നിവ നടപ്പാക്കാനും വിരമിക്കൽ ആനുകൂല്യവും കടിശ്ശികയും നൽകാനും ഉൾപ്പെടെ തുക വിനിയോഗിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. 2017-18 പെൻഷൻ വിതരണത്തിന് 10000 ലക്ഷം രൂപ ആവശ്യമായി വരുമെന്ന സാഹചര്യം കണക്കിലെടുത്ത് 5000 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ 2851-00-106-93 ശീർഷകത്തിൽ കയർ തൊഴിലാളി ക്ഷേമനിധിയിൽ 50 കോടി രൂപ വകയിരുത്തിയിരുന്നു. കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമപദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിനായി 2851-00-106-93 ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ച 36,33,41,000 രൂപ ഉൾപ്പെടെ 86,33,41,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ. ഇ 2/178/2017/വ്യവ., തീയതി 14-9-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കയറും കയറുൽപ്പന്നങ്ങളും വിൽപ്പനയ്ക്കുള്ള സഹായം എന്ന 50% കേന്ദ്ര വിഹിതമുള്ള പദ്ധതിയായ എം.ഡി.എ.യ്ക്ക്, റീഇമ്പേഴ്സ്മെന്റായിട്ടാണ് തുക ലഭിക്കുന്നതെന്നും ഭാരത സർക്കാർ നൽകുന്ന ധനസഹായത്തിന്റെ സമാന സഹായമായി എം.ഡി.എ.യുടെ 50% സംസ്ഥാനം വഹിക്കുന്നു എന്നും സമിതി വിലയിരുത്തുന്നു. പദ്ധതി നിലനിർത്തുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തേണ്ടതുള്ളതിനാൽ 880 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം എം.ഡി.എ. പദ്ധതിയ്ക്കായി സംസ്ഥാന വിഹിതമായ 880 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ 2016-17-ലെ കേന്ദ്ര വിഹിതയിനത്തിൽ ലഭിക്കേണ്ടിയിരുന്ന 400 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ വ്യവ. ഇ 2/178/2017/വ്യവ., തീയതി 14-9-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കയറുല്പന്നങ്ങളുടെ ഉല്പാദനം സ്ഥായിയായി നിലനിർത്തുക, വിപണനം മെച്ചപ്പെടുത്തുക, അതുവഴി കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുക, ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്കായാണ് ഈ തുക വിനിയോഗിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയത് കൂടാതെ 3 കോടി രൂപ ഈ പദ്ധതിക്കായി അധികമായി അനുവദിച്ചിരുന്നെന്നും ആകെ 8 കോടി രൂപ ഇതിനോടകം പ്രസ്തുത ആവശ്യത്തിനായി ചെലവഴിച്ചു കഴിഞ്ഞെന്നും 1 കോടി രൂപയുടെ അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2017-18 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

ഈ ഇനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല

(റഫറൻസ് നമ്പർ വ്യവ. ഇ 2/178/2017/വ്യവ., തീയതി 14-9-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

കയർ മേഖലയ്ക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, കയർ സംബന്ധമായ പൊതു/സർക്കാർ നയങ്ങൾ നടപ്പിലാക്കുക, കമ്പോള വിപണന നിർദ്ദേശങ്ങൾ നൽകുക, കയർ മേഖലയ്ക്കുവേണ്ട വിജ്ഞാനം വളർത്തിയെടുത്ത് ആവശ്യക്കാർക്ക് കിട്ടാനുള്ള നടപടി സ്വീകരിക്കുക എന്നീ ചുമതലകൾ നിക്ഷിപ്തമായ ഒരു ഉന്നതാധികാര സമിതിയാണ് കയർ മേഖലയ്ക്കുള്ള അപ്പക്സ് ബോഡി. കയർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്ന ഒരു മോണിറ്ററിംഗ് സംവിധാനമായും പരാതി പരിഹാര സംവിധാനമായും പ്രവർത്തിക്കുന്ന സമിതിക്കുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തി യിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനായി 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷത്തിൽ കയർ മേഖലയ്ക്കുള്ള അപ്പക്സ് ബോഡിക്ക് ബഡ്ജറ്റ് വിഹിതമായി 25 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തുകയൊന്നും തന്നെ അനുവദിക്കുകയുണ്ടായില്ല

(റഫറൻസ് നമ്പർ വ്യവ. ഇ 2/178/2017/വ്യവ., തീയതി 14-9-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

പ്രാഥമിക കയർ പിരി സഹകരണ സംഘങ്ങളിലേയും, മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിലേയും സെക്രട്ടറി, ബിസിനസ്സ് മാനേജർ എന്നീ തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ ഒരു ഭാഗം ഒരു നിശ്ചിത കാലയളവിലേക്ക് സർക്കാർ മുഖാന്തിരം നൽകി, സർക്കാരിന്റെ വികസന പദ്ധതികൾ കയർ മേഖലയിൽ ഫലപ്രദമായി നടപ്പാക്കുന്നതിനും അതിലൂടെ സംഘങ്ങളെ സ്വയം

പര്യാപ്തതയിൽ എത്തിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 400 ലക്ഷം രൂപ ഈ പദ്ധതിക്കായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം, പ്രാഥമിക കയർപിരി സഹകരണ സംഘങ്ങളിലെയും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിലെയും സെക്രട്ടറി, ബിസിനസ്സ് മാനേജർ എന്നീ തസ്തികയിൽ ജോലി ചെയ്യുവരുന്ന ജീവനക്കാർക്ക് മാനേജീരിയൽ ഗ്രാന്റ് അനുവദിക്കുന്നതിനായി എസ്.ഡി.ജി. മുഖാന്തിരം 3 കോടി രൂപ 2851-00-106-26(പി) ശീർഷകത്തിൽ അനുവദിച്ചു.

(റഫറൻസ് നമ്പർ വ്യവ. ഇ 2/178/2017/വ്യവ., തീയതി 14-9-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കയർ വികസന വകുപ്പിനുകീഴിൽ 14 ജില്ലകളിൽ 10 പ്രോജക്റ്റ് ഓഫീസുകളും 42 സർക്കിൾ ഓഫീസുകളും പ്രവർത്തിക്കുന്നതായും ഇവയിൽ മിക്ക ഓഫീസ് കെട്ടിടങ്ങളും വളരെയധികം പഴക്കം ചെന്നതും അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടതുമാണെന്നും വിലയിരുത്തിയ സമിതി പ്രസ്തുത പദ്ധതിക്കായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ മൂന്ന് കയർ പ്രോജക്റ്റ് ഓഫീസുകളുടെ നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. നോർത്ത് പറവൂർ-6,69,812 രൂപ, ചിറയിൻകീഴ്-2,25,618 രൂപ, കണ്ണൂർ-5,85,000 രൂപ എന്നീ ഓഫീസുകൾ നവീകരിക്കുന്നതിന് മൊത്തം 14,80,430 രൂപ അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ. ഇ 2/178/2017/വ്യവ., തീയതി 14-9-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

സീസൺ സമയത്ത് പരമാവധി കുറഞ്ഞ വിലയിൽ തോട്ടണ്ടി സംഭരിച്ച് തൊഴിൽ ദിനങ്ങൾ നൽകുന്നതിനായി കാപ്പെക്സിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 3300 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

കാപ്പെക്സിന് തോട്ടണ്ടി സംഭരിക്കുന്നതിനായി പ്രവർത്തനമൂലധനമായി 2017-18 സാമ്പത്തിക വർഷം 24 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ. കെ2/133/2017/വ്യവ., തീയതി 9-10-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

2011 മുതൽ 2016 വരെ റിട്ടയർ ചെയ്ത തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ആവശ്യത്തിനായി 1000 ലക്ഷം രൂപ (നോൺ പ്ലാൻ) അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ കുറവുമൂലം ഈ ആവശ്യത്തിന് 2017-18 സാമ്പത്തികവർഷം തുക വകയിരുത്തിയിരുന്നില്ല. എന്നാൽ 2018-19 വർഷം ഈ ശീർഷകത്തിൽ നിന്നും തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിലേക്കായി 4.61 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ. കെ2/133/2017/വ്യവ., തീയതി 9-10-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കെ.എസ്.സി.ഡി.സി.ക്ക് 2017-18 സാമ്പത്തിക വർഷത്തെ പ്രവർത്തന മൂലധനമായി 10000 ലക്ഷം രൂപ പ്ലാൻ ശീർഷകത്തിൽ ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 10000 ലക്ഷം രൂപ അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

കേരള കശുവണ്ടി വികസന കോർപ്പറേഷന് പ്രവർത്തനങ്ങൾ മുടക്കം കൂടാതെ തുടരുന്നതിന് 65 കോടി രൂപ പ്രവർത്തന മൂലധനമായി അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. ടി തുക പൂർണ്ണമായും, കൂടാതെ തൊഴിലാളികൾക്കുള്ള ബോണസ് മുതലായ ആനുകൂല്യങ്ങൾ നൽകുന്നതിലേക്കായി 10 കോടി രൂപയും 2017-18 സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ. കെ2/133/2017/വ്യവ., തീയതി 9-10-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കെ.എസ്.സി.ഡി.സി.ക്ക് 2015 വരെയുള്ള ഗ്രാറ്റുവിറ്റി നൽകാനായി 56.17 കോടി രൂപ, 2014 ജൂൺ മുതൽ 2016 ജൂലൈ വരെയുള്ള ഇ.പി.എഫ്. നൽകാനായി 6.05 കോടി രൂപ, 20 ഫാക്ടറികൾ വിലയ്ക്കെടുക്കുന്നതിലേക്കായി 62.05 കോടി രൂപ, വാണിജ്യ നികുതി വകുപ്പിൽ 1970-71 മുതലുള്ള കുടിശ്ശിക 2016 വർഷത്തെ ആംനെസ്റ്റി സ്കീമിൽ ഉൾപ്പെടുത്തി അടയ്ക്കാനുള്ള 15.99 കോടി രൂപ എന്നിവ ഉൾപ്പെടെ ആകെ 140.26 കോടി രൂപ ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി നോൺ പ്ലാൻ ശീർഷകത്തിൽ 14026 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

വിവര ലഭ്യതയുടെ കുറവുമൂലം ഈ ആവശ്യത്തിന് 2017-18 സാമ്പത്തിക വർഷം തുക വകയിരുത്തിയിരുന്നില്ല. ഗ്രാറ്റുവിറ്റി കുടിശ്ശിക തീർക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ 16.5 കോടി രൂപ കേരള കശുവണ്ടി വികസന കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ. കെ2/133/2017/വ്യവ., തീയതി 9-10-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

## 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4576/സബ്.സി.ബി2/2016/നി.സെ.)

<u>ശിപാർശ</u>

നിലവിലുള്ള പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ വാർഷിക നവീകരണ ചെലവുകൾ, പ്ലാന്റ്, മെഷീനറി, സ്റ്റേറ്റ് ഓഫ് ആർട്ട് എന്നിവയ്ക്കുള്ള ചെലവുകൾക്കും നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി ലക്ഷ്യമിടുന്ന വ്യവസായ എസ്റ്റേറ്റ് ശക്തിപ്പെടുത്തൽ എന്ന തുടർ പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തുവെങ്കിലും പ്രസ്തുത തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ 720/എഫ്2/2016/വ്യവ., തീയതി 30-10-2017)

(കാലതാമസ പത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലേയും 1 മുതൽ 8 വരെ ക്ലാസ്സുകളിലുള്ള കുട്ടികൾക്ക് അടുത്തവർഷം സൗജന്യമായി യൂണിഫോം നൽകുന്നതിനായി മേന്മയേറിയ തുണി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സ്കീം ഈ വർഷം നടപ്പിലാക്കണമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതായും 25 ലക്ഷം സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന ഈ പദ്ധതിക്ക് മൊത്തം 350 കോടി രൂപ ചെലവ് വരുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത സ്കീം ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്നതിനായി 35000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

26-11-2016-ലെ ജി.ഒ. (ആർറ്റി.) നമ്പർ 1248/16/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒന്ന് മുതൽ അഞ്ചാം ക്ലാസ്സുവരെയുള്ള എല്ലാ സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്കും സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം നൽകുന്നതിനായി 82 കോടി രൂപ അനുവദിച്ചതിൽ നിന്നും 47 കോടി രൂപ ഡയറക്ടർ പബ്ലിക് ഇൻസ്ട്രക്ഷൻ കൈത്തറി ഡയറക്ടറുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും പ്രസ്തുത പദ്ധതിക്കായി തുക ചെലവഴിക്കുകയും ചെയ്തു വരുന്നു.

(റഫറൻസ് നമ്പർ വ്യവ.സി1/173/2017/വ്യവ., തീയതി 3-11-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

കേന്ദ്രാവിഷ്കൃത പദ്ധതിയായ റിവൈവൽ, റിഫോം, റീസ്ട്രക്ചറിംഗ് പാക്കേജിന്റെ തുടർച്ചയായി കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനത്തിന് ബാങ്ക് വായ്പ ലഭിക്കുമെങ്കിലും സംഘങ്ങൾക്ക് മാർജിനായി എടുക്കേണ്ട തുക ഇല്ലാത്തതിനാൽ സർക്കാർ സഹായം ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 150 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് ബാങ്കുകളിൽനിന്ന് വായ്പ തരപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യവും സംഘങ്ങളുടെ വിഹിതം കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യവും നിലനിന്നിരുന്നതിനാലും മാർജിൻ മണി ഗ്രാന്റ് ആയി അധിക ഫണ്ട് ലഭ്യമായാൽ ചെലവഴിക്കുവാൻ സാധിക്കാത്ത സാഹചര്യമായിരുന്നതിനാലും സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ പ്രകാരം അധിക തുക വകയിരുത്തിയില്ല.

(റഫറൻസ് നമ്പർ വ്യവ. സി1/173/2017/വ്യവ., തീയതി 3-11-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

2013-14 മുതലുള്ള റിബേറ്റ് കുടിശ്ശിക നൽകുന്നതിനും 2016-17-ലെ റിബേറ്റിനുമായി കൈത്തറി യന്ത്രത്തറി വ്യവസായങ്ങൾക്ക് നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 667.59 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തികവർഷം കൈത്തറി സഹകരണ സംഘങ്ങൾക്കും, ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്കും റിബേറ്റ് നൽകുന്നതിനായി 5,32,40,000 (അഞ്ച് കോടി മുപ്പത്തിരണ്ട് ലക്ഷത്തി നാൽപ്പതിനായിരം രൂപ) ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നു. 2013-14 മുതലുള്ള റിബേറ്റ് കുടിശ്ശിക അനുവദിക്കുന്നതിന് തുക അപര്യാപ്തമായി വന്നതിനാൽ 2016-17 സാമ്പത്തികവർഷം 61,21,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുള്ളത് ചെലവഴിച്ചു.

(റഫറൻസ് നമ്പർ വ്യവ.സി1/173/2017/വ്യവ., തീയതി 3-11-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

തേനീച്ച കൂട്ടത്തെപ്പറ്റിയും തേൻ ഉൽപ്പാദനത്തെപ്പറ്റിയും അവബോധം സൃഷ്ടിക്കുന്നതിനും തേനിൽനിന്നും വിവിധ തരത്തിലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുമായി വിഭാവനം ചെയ്യുന്ന തേൻമ്യൂസിയം പദ്ധതി നടപ്പിലാക്കുന്നതിനായി

ടോക്കൺ ആയി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത സ്കീമിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2016-17-ൽ തുക അനുവദിക്കുന്നതിന് കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ വ്യവ. കെ1/269/2016/വ്യവ., തീയതി 22-1-2018)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് ഗാന്ധിജിയുടെ പ്രവർത്തനങ്ങളെയും മൂല്യങ്ങളെയും പറ്റി അവബോധം സൃഷ്ടിക്കുന്നതിനും ഖാദി പ്രസ്ഥാനത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ള പയ്യന്നൂരിലെ ഗാന്ധി ഖാദി മ്യൂസിയം എന്ന പദ്ധതി സ്കൂൾ കുട്ടികൾ, യുവജനങ്ങൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ആദ്യത്തേതും ക്രിയാത്മകവുമായ പദ്ധതിയാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത സ്കീമിനുവേണ്ടി ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

പയ്യന്നൂരിൽ ഗാന്ധി ഖാദി മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ രൂപരേഖ ഖാദി ബോർഡ് സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

(റഫറൻസ് നമ്പർ വ്യവ.കെ1/269/2016/വ്യവ., തീയതി 22-1-2018)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

ഖാദി ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഏകദേശം 2000 പേർക്ക് തൊഴിൽ ലഭ്യമാക്കാനും ലക്ഷ്യമിടുന്ന ഖാദിഗ്രാമങ്ങൾ സ്ഥാപിക്കൽ എന്ന പദ്ധതിയിൽ സ്കീകൾ

എൻഡോസൾഫാൻ ദുരിത ബാധിതർ, ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർ ഇടങ്ങിയ ദുർബ്ബലവിഭാഗങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ ചർക്കകളും തറികളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായും ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കൽ, ഓരോ ജില്ലയിൽനിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും വൈദഗ്ധ്യ വികസന പരിശീലനം നൽകി 100 തറികൾ, അസംസ്കൃത വസ്തുക്കൾ എന്നിവ കുടുംബങ്ങളിൽ ലഭ്യമാക്കുവാൻ വിഭാവനം ചെയ്യുന്നതായും സമിതി മനസ്സിലാക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളുവെന്നതിനാൽ പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് നടപ്പ് സാമ്പത്തിക വർഷം 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2016-17 വർഷം തുക അനുവദിക്കുന്നതിന് കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ വ്യവ. കെ1/269/2016/വ്യവ., തീയതി 22-1-2018)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

തൊഴിലാളി വിഭാഗത്തിൽ ഏറ്റവും കുറഞ്ഞ കൂലി ലഭിക്കുന്നത് ഖാദി നെയ്ത്തു തൊഴിലാളികൾക്കാണെന്ന് വിലയിരുത്തിയ സമിതി, അവരുടെ കൂലി അടിയന്തരമായി വർദ്ധിപ്പിക്കണമെന്നും അതിനാവശ്യമായ തുക വകയിരുത്തണമെന്നും അഭിപ്രായപ്പെടുന്നു. ഖാദി ഇണിറ്റ് റിബേറ്റ് നൽകുന്നതോടൊപ്പം ഖാദി തൊഴിലാളികൾക്ക് അവരുടെ കൂലി 40% വർദ്ധിപ്പിച്ചാലെ അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുകയുള്ളൂവെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. 12500-ഓളം ഖാദി തൊഴിലാളികൾക്ക് അവരുടെ കൂലി 40% എങ്കിലും വർദ്ധിപ്പിച്ച് നൽകുന്നതിനും ഉൽപ്പാദന ഇൻസെന്റീവും ഉൽസവകാല ഇൻസെന്റീവും നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും തൊഴിലാളികളുടെ ഉൽപ്പാദന ഇൻസെന്റീവ് ഇരട്ടിയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായെങ്കിലും അതിന് ആനുപാതികമായ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ച് നൽകിയിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റിൽ വകയിരുത്തിയ 4 കോടി രൂപ ഖാദി ബോർഡിന് നൽകിയിട്ടുണ്ട്. വിഭവ ലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കുന്നതിന് കഴിഞ്ഞില്ല

(റഫറൻസ് നമ്പർ വ്യവ.കെ1/269/2016/വ്യവ., തീയതി 22-1-2018)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

സംസ്ഥാനത്തെ ഖാദിമേഖലയിൽ പ്രവർത്തിക്കുന്ന ഖാദി സ്ഥാപനങ്ങൾക്കും സഹകരണ സംഘങ്ങൾക്കും അവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ധനസഹായം വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

2016-17 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. വിഭവ ലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കുന്നതിന് കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ വ്യവ.കെ1/269/2016/വ്യവ., തീയതി 22-1-2018)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

ഖാദി ബോർഡിന്റെ 2016-17-ലെ പദ്ധതികളായ കോട്ടയം ജില്ലയിൽ പുതിയ മാർക്കറ്റിംഗ് കോംപ്ലക്സ് കെട്ടിടം ആരംഭിക്കുക, ബോർഡിനുകീഴിലുള്ള സംഭരണ ശാലകളുടെ നവീകരണം എന്നിവ പൂർത്തിയാക്കുന്നതിനും പ്രദർശന മേള ഐ.എ.റ്റി.എഫ്. എന്നിവയ്ക്കായും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2016-17 വർഷം അധിക തുക അനുവദിക്കുന്നതിന് കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ വ്യവ.കെ1/269/2016/വ്യവ., തീയതി 22-1-2018)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

2015-16 സാമ്പത്തിക വർഷത്തിലെ റിബേറ്റ് ക്ലെയിം കുടിശ്ശിക ഇനത്തിൽ 2000 ലക്ഷം രൂപ ഖാദി സ്ഥാപനങ്ങൾക്കും ഖാദി ബോർഡിനുമായി നൽകേണ്ടതുണ്ടെന്നും കൂടാതെ നോർമൽ റിബേറ്റ് ഇനത്തിൽ 1500 ലക്ഷം രൂപ ആവശ്യമുള്ളിടത്ത് 785 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ റിബേറ്റ് ക്ലെയിം കുടിശ്ശികയിനത്തിൽ 2000 ലക്ഷം രൂപയും നോർമൽ റിബേറ്റ് ഇനത്തിൽ അധികമായി വേണ്ടിവരുന്ന 715 ലക്ഷം രൂപയും ചേർത്ത് ഖാദി ചില്ലറ വില്പനയ്ക്കുള്ള അധിക റിബേറ്റിനായി 2715 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2016-17 വർഷം അധിക തുക അനുവദിക്കുന്നതിന് കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ വ്യവ.കെ1/269/2016/വ്യവ., തീയതി 22-1-2018)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

സംസ്ഥാന സർക്കാർ നിർദ്ദേശം അനുസരിച്ച് സംസ്ഥാനത്തെ ഖാദി ചില്ലറ വില്പനയ്ക്ക് വിവിധ സ്പെല്ലുകളിലായി വർഷത്തിൽ 70 ദിവസങ്ങൾമാത്രം 10% അധിക റിബേറ്റ് (നോർമൽ റിബേറ്റിന് പുറമെ) ഉപഭോക്താക്കൾക്ക് നൽകുന്നതുമൂലം നോർമൽ റിബേറ്റിനത്തിലും ഉത്സവകാല റിബേറ്റിനത്തിലും ഉള്ള തുക കുറവ് ചെയ്ത് ഉപഭോക്താക്കൾക്ക് ഖാദി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് നിർബന്ധിതമാവുകയും ആ തുക റീഇമ്പേഴ്സ് ചെയ്യാതെ വരികയും ചെയ്താൽ ഖാദി സ്ഥാപനങ്ങളുടെയും ഖാദി ബോർഡിന്റേയും നിലനിൽപ്പിനെയും ഖാദി മേഖലയേയും ബാധിക്കാനിടയുണ്ട് എന്ന് സമിതി

വിലയിരുത്തുന്നു. ഖാദി ചില്ലറ വില്പനയ്ക്ക് ഉത്സവകാല അധിക റിബേറ്റിനായി 1200 ലക്ഷം രൂപ വേണ്ടിവരുമെന്നും ഈ ആവശ്യത്തിലേക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഉത്സവകാല റിബേറ്റിനത്തിൽ 1200 ലക്ഷം രൂപ ഖാദി ബോർഡിന് നോൺ പ്ലാൻ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2016-17 വർഷം അധിക തുക അനുവദിക്കുന്നതിന് കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ വ്യവ.കെ1/269/2016/വ്യവ., തീയതി 22-1-2018)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

ഖാദി ജീവനക്കാരുടെ ശമ്പളം, പെൻഷൻ, യാത്രാപ്പടി, കണ്ടിജൻസി എന്നീ ഇനങ്ങളിലുള്ള ചെലവ് കൂടാതെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നത് മൂലമുള്ള അധികചെലവും ഈ ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിനാലും 1990-91 മുതൽ 2015-16 വരെ പദ്ധതിയേതര ഭരണപരമായ ചെലവുകൾക്കായി ചെലവഴിച്ച തുക ഖാദി കമ്മീഷനിൽ തിരിച്ചടയ്ക്കേണ്ടതിനാലും ബഡ്ജറ്റിൽ ഈ ഇനത്തിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2322.66 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. വിഭവ ലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കുന്നതിന് കഴിഞ്ഞില്ല. എന്നാൽ ഓരോ സാമ്പത്തിക വർഷവും തുക വർദ്ധിപ്പിച്ച് നൽകുന്നുണ്ട്.

(റഫറൻസ് നമ്പർ വ്യവ.കെ1/269/2016/വ്യവ., തീയതി 22-1-2018)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

തേനീച്ച വളർത്തൽ വ്യവസായത്തിന്റെ വികസനത്തിനായി തേനീച്ച വളർത്തൽ വികസന പരിപാടികൾ നടത്തുക, സബ്സിഡി നിരക്കിൽ തേനീച്ചയും തേനീച്ചപ്പെട്ടികളും നൽകുക എന്നീ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ആവശ്യത്തിനായി മേൽ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2016-17 വർഷം അധിക തുക അനുവദിക്കുന്നതിന് കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ വ്യവ.കെ1/269/2016/വ്യവ., തീയതി 22-1-2018)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കേന്ദ്രസർക്കാരിന്റെ വാണിജ്യമന്ത്രാലയത്തിന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി പ്രൊമോഷൻ നടപ്പിലാക്കുന്ന മോഡിഫൈഡ് ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീം (MIIUS) പദ്ധതിയിൽ, പദ്ധതി അടങ്കലിന്റെ 50% കേന്ദ്ര സർക്കാർ വിഹിതവും ബാക്കി 50% സംസ്ഥാന സർക്കാർ നടത്തിപ്പ് ഏജൻസി ഉപഭോക്താക്കൾ, ധനകാര്യസ്ഥാപനങ്ങളിൽനിന്ന് ലോൺ എന്ന രീതിയിലാണ് തുക കണ്ടെത്തുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. എറണാകുളത്തിന് പരിസരത്തുള്ള ഫർണിച്ചർ ഉൽപ്പാദന യൂണിറ്റുകൾക്ക് ദേശീയ അന്തർദ്ദേശീയ വിപണി കണ്ടെത്തുന്നതിന് അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിയിലൂടെ സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ എറണാകുളത്ത് പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തുലോം തുച്ഛമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 600 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

എറണാകുളത്ത് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള ഭൂമിക്ക് പ്രാദേശികതല നിരീക്ഷണ സമിതിയുടെ ക്ലീയറൻസും മറ്റ് അനുമതികളും ലഭിക്കാത്തത് കാരണം പദ്ധതി തുടങ്ങിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ തൃശ്ശൂർ ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത ക്ലീയറൻസുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതി മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയുകയുള്ളു.

(റഫറൻസ് നമ്പർ 172/ബി1/2017/വ്യവ, തീയതി 25-11-2017)

(കാലതാമസ പത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

സുതാര്യവും കാര്യക്ഷമവുമായ ധാതുപരിപാലനത്തിനായി നാഷണൽ ഇൻഫോമാറ്റിക് സെന്റർ മുഖാന്തിരം കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (KOMPAS) എന്ന ഇ-ഗവേണൻസ് പദ്ധതി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നടപ്പിലാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. 2016-17 സാമ്പത്തികവർഷം ഇ-ഗവേണൻസ് പദ്ധതി നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കി വരുന്ന നാഷണൽ ഇൻഫർമാറ്റിക് സെന്റർ പ്രോഗ്രാമർക്ക് നൽകുന്നതിനായി 8.4 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ആവശ്യമുള്ളതായും സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി 6.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ 2016-17 സാമ്പത്തിക വർഷം കേരള ഓൺ ലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (KOMPAS) എന്ന ഇ-ഗവേണൻസ് പദ്ധതി നടത്തിപ്പിന്റെ ആവശ്യത്തിലേക്കായി 12 ലക്ഷം രൂപ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 5.5 ലക്ഷം രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളു. അധികമായി ശിപാർശ ചെയ്ത 6.5 ലക്ഷം രൂപ റീഅപ്രോപ്രിയേഷൻ വഴി അനുവദിക്കുകയും ആകെ 12 ലക്ഷം രൂപ ലഭിച്ചതിൽ 11.71 ലക്ഷം രൂപ

ടി സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 8.38 ലക്ഷം രൂപ ടി പദ്ധതി നടപ്പിലാക്കുന്ന നാഷണൽ ഇൻഫർമാറ്റിക് സെന്റർ നിയോഗിച്ചിട്ടുള്ള പ്രോഗ്രാമർമാർക്ക് നൽകുന്നതിനുവേണ്ടിയും ബാക്കിയുള്ള തുക കമ്പ്യൂട്ടറുകളുടെ ആനുവൽ മെയിന്റനൻസിനും ട്രെയിനിംഗുകളുടെ നടത്തിപ്പിനും, ഡിജിറ്റൽ സിഗ്നേച്ചർ വാങ്ങിക്കുന്നതിനുമായി ചെലവഴിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ 336/എ 1/2017/വ്യവ., തീയതി 7-11-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

സിഡ്കോയുടെ മേജർ വ്യവസായ എസ്റ്റേറ്റുകളിലും, മിനി എസ്റ്റേറ്റുകളിലും, വ്യവസായ പാർക്കുകളിലുമായി ആയിരത്തോളം വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുവെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഇത്തരം ചെറുകിട വ്യവസായ യൂണിറ്റുകളുടെ സുഗമമായ നടത്തിപ്പിന് വിഘാതമാകുന്നതായി സമിതി വിലയിരുത്തുന്നു. ചെറുകിട വ്യവസായ മേഖലയിൽ സർക്കാരിന്റെ പ്രൊമോഷൻ ഏജൻസിയായി പ്രവർത്തിക്കുന്ന സിഡ്കോയുടെ വിവിധ ഡിവിഷൻ വഴി ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അവരുടെ വ്യവസായം സുഗമമായി നടത്തുന്നതിന് സഞ്ചാരയോഗ്യമായ റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിലവിലുള്ള എസ്റ്റേറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേജർ വ്യവസായ/മിനി വ്യവസായ എസ്റ്റേറ്റുകളിലെയും വ്യവസായ പാർക്കുകളിലെയും അറ്റകുറ്റപ്പണികൾക്കായി 800 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

സിഡ്കോയിലെ വ്യവസായ എസ്റ്റേറ്റുകളുടെ നവീകരണത്തിന് സമിതി ശിപാർശ ചെയ്ത തുക ലഭിച്ചിട്ടില്ല.

(റഫറൻസ് നമ്പർ 720/എഫ്2/2016/വ്യവ., തീയതി 30-10-2017)

(കാലതാമസ പത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു).

### ശിപാർശ

1961 ജൂലൈ 21-ന് രൂപീകരിക്കപ്പെട്ട സിഡ്കോയിലെ പല ഉൽപ്പാദന യൂണിറ്റുകളിലും ഉൽപ്പാദനക്ഷമമല്ലാത്തതും കാലഹരണപ്പെട്ടതുമായ യന്ത്രങ്ങളും അടിസ്ഥാന സൗകര്യങ്ങളുമാണുള്ളതെന്നതിനാൽ സിഡ്കോയുടെ കീഴിലുള്ള വ്യവസായ യൂണിറ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും യന്ത്രസാമഗ്രികൾ നവീകരിക്കുന്നതിനുമായി 1306 ലക്ഷം രൂപ ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

### സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത 1306 ലക്ഷം രൂപ അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ 720/എഫ്2/2016/വ്യവ ., തീയതി 30-10-2017)

(കാലതാമസ പത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു).

### ശിപാർശ

ഹാർഡ്‌വെയർ മേഖലയിൽ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കാൻ കഴിവുള്ള സംരംഭകർക്കായി ഐ.ടി. ഹാർഡ്‌വെയർ ഇൻകുബേറ്ററുകൾ എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ സിഡ്കോയുടെ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനും സംരംഭകരുടെ ആവശ്യങ്ങൾക്ക് അനുസൃതമായി അവയെ മാറ്റിയെടുക്കുന്നതിനും സിഡ്കോയ്ക്ക് സാമ്പത്തിക സഹായം ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ 300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

### സ്വീകരിച്ച നടപടി

ഇക്കാര്യത്തിനായി 300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തുവെങ്കിലും പ്രസ്തുത തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ 720/എഫ്2/2016/വ്യവ ., തീയതി 30-10-2017)

(കാലതാമസ പത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

ത്രിചക്ര വാഹനങ്ങളുടെ ഉൽപ്പാദനവും വിപണനവും ലക്ഷ്യമിട്ട് 1984-ൽ പ്രവർത്തനം ആരംഭിച്ച കേരളാ ഓട്ടോ മൊബൈൽസ് ലിമിറ്റഡ് നഷ്ടത്തിലായതിനാൽ കമ്പനിയുടെ നിലനിൽപ്പിനായി വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ആരംഭിച്ച നൈപുണ്യ വികസന ഗവേഷണ കേന്ദ്രത്തിന്റെ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെയും പ്ലാന്റിന്റെയും നവീകരണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നൈപുണ്യ വികസന പദ്ധതി നടപ്പാക്കുന്നതിനായി 450 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

നൈപുണ്യ വികസന പദ്ധതി നടപ്പാക്കുന്നതിനായി വ്യക്തമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

(റഫറൻസ് നമ്പർ വ്യവ.ഡി1/239/16/വ്യവ., തീയതി 13-12-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കെൽ, കണ്ടറ യൂണിറ്റിന്റെ സമഗ്ര പുനരുദ്ധാരണം അടിയന്തരമായി പൂർത്തീകരിച്ച് കൂടുതൽ ഉൽപ്പാദനക്ഷമത കൈവരിക്കുവാനും നിലവിൽ നഷ്ടത്തിലായ യൂണിറ്റ് ലാഭകരമാക്കുന്നതിനുമായി 1860 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

കമ്പനിയുടെ കുണ്ടറ യൂണിറ്റിന്റെ സമഗ്ര പുനരുദ്ധാരണ ആധുനികവൽക്കരണ പദ്ധതികൾക്കായി 9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 3.6 കോടി രൂപ കമ്പനിക്ക് അനുവദിച്ച് നൽകുകയും ചെയ്തു.

(റഫറൻസ് നമ്പർ വ്യവ.ഡി1/239/16/വ്യവ., തീയതി 13-12-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

കെൽ, കുണ്ടറ യൂണിറ്റിന് 20 കോടിയുടെ ഓർഡർ കൈവശമുണ്ടെങ്കിലും ഓർഡർ അനുസരിച്ച് ഉൽപ്പന്നങ്ങൾ നൽകണമെങ്കിൽ അസംസ്കൃത വസ്തുക്കൾ വിലയ്ക്കുവാങ്ങേണ്ടതുണ്ടെന്നും ഇതിന് സാമ്പത്തിക സഹായം അത്യാവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യത്തിനായി 400 ലക്ഷം രൂപ അടിയന്തരമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

കെൽ, കുണ്ടറ യൂണിറ്റിന്റെ പ്രവർത്തനത്തിന് സമിതി ശിപാർശ ചെയ്ത 4 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ.ഡി1/239/16/വ്യവ., തീയതി 13-12-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

കെൽ, മാമല യൂണിറ്റിന്റെ നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ പ്ലാന്റിന്റെ ആധുനികവൽക്കരണത്തിനും കാലപ്പഴക്കം ചെന്ന മെഷീനുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായി ഈ ഇനത്തിൽ 850 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

കമ്പനിയുടെ മാമല യൂണിറ്റിലെ നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ പ്ലാന്റിന്റെ ആധുനികവത്ക്കരണത്തിനും കാലപ്പഴക്കം ചെന്ന മെഷീനുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായി സമിതി ശിപാർശ ചെയ്ത 8.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ.ഡി1/239/16/വ്യവ., തീയതി 13-12-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കെല്ലിന്റെ മാമല യൂണിറ്റിൽ വ്യാവസായികാടിസ്ഥാനത്തിൽ ട്രാൻസ്ഫോർമറുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള 12.5 കോടി രൂപയുടെ പദ്ധതിയുടെ ആദ്യ ഗഡുവായി 2012-13-ൽ 4 കോടി രൂപയും 2014-15-ൽ 3 കോടി രൂപയും 2015-16-ൽ 3.5 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രോജക്റ്റ് പൂർത്തിയാക്കി ഉൽപ്പാദനം തുടങ്ങുന്നതിനായി 2 കോടി രൂപകൂടി അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ആവശ്യത്തിലേയ്ക്കായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

കെല്ലിന്റെ മാമല യൂണിറ്റിൽ വ്യാവസായികാടിസ്ഥാനത്തിൽ ട്രാൻസ്ഫോർമറുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രോജക്റ്റ് പൂർത്തിയാക്കുന്നതിനും സമിതി ശിപാർശ ചെയ്ത 2 കോടി രൂപയിൽ 65 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ.ഡി1/239/16/വ്യവ., തീയതി 13-12-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കെൽ, ഒലവക്കോട് യൂണിറ്റിന്റെ പുനരുദ്ധാരണത്തിനുള്ള 1 കോടി രൂപയുടെ പദ്ധതിയിൽ 50 ലക്ഷം രൂപ കമ്പനിക്ക് 2012-13 വർഷത്തിൽ അനുവദിച്ചിട്ടുള്ളതായും പുനരുദ്ധാരണം പൂർണ്ണതോതിൽ പൂർത്തീകരിച്ച് യൂണിറ്റ് ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ ശേഷിക്കുന്ന 50 ലക്ഷം രൂപകൂടി ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പുനരുദ്ധാരണത്തിനും വൈവിധ്യവൽക്കരണത്തിനുമുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

കമ്പനിയുടെ ഒലവക്കോട് യൂണിറ്റിന്റെ പുനരുദ്ധാരണ ആധുനികവത്ക്കരണ പദ്ധതികൾക്കായി സമിതി ശിപാർശ ചെയ്ത 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ.ഡി1/239/16/വ്യവ., തീയതി 13-12-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

2003-04 കാലയളവിൽ കെൽ കമ്പനിയിൽ നിന്നും സ്വയം പിരിഞ്ഞു പോകൽ പദ്ധതി (വി.ആർ.എസ്.) പ്രകാരം വിരമിച്ചവർക്ക് കൊടുക്കവാനുള്ള ദീർഘകാല കരാർ കടിശ്ശിക, ശമ്പള പരിഷ്കരണ കടിശ്ശിക, 2003-04-ലെ ബോണസ് കടിശ്ശിക, ലേബർ കോടതിയുടെ ഉത്തരവുപ്രകാരം സർവ്വീസിൽ സ്ഥിരപ്പെടുത്തിയ 16 കരാർ തൊഴിലാളികൾക്ക് നൽകേണ്ട ഇടക്കാലാശ്വാസം എന്നിവ നൽകുന്നതിനായി 110.92 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

റിയാബിനോട് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

(റഫറൻസ് നമ്പർ വ്യവ.ഡി1/239/16/വ്യവ., തീയതി 13-12-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

ഇലക്ട്രോണിക്സ് വ്യവസായ മേഖലയിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കെൽട്രോണിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള പവർ ഇലക്ട്രോണിക്സ്, സ്പേസ് ഇലക്ട്രോണിക്സ്, ഫാബ്രിക്കേഷൻ എന്നീ സൗകര്യങ്ങൾ, നിർമ്മാണ-പ്രവർത്തന യന്ത്രസാമഗ്രികൾ എന്നിവ നവീകരിക്കുകയും സോഫ്റ്റ്‌വെയർ ഗ്രൂപ്പിന്റെ വികസന പദ്ധതികൾ നടപ്പിലാക്കുകയും ഗ്രിഡ് ടൈ സോളാർ ഇൻവർട്ടർ നിർമ്മിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുന്ന പദ്ധതികൾക്കുമായി 1650 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

2016-17-ലെ ബഡ്ജറ്റിൽ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സിന് അലുമിനിയം ഇലക്ട്രോലിറ്റിക് കപ്പാസിറ്ററുകളുടെയും മോട്ടോർറൺ കപ്പാസിറ്ററുകളുടെയും ഉൽപ്പാദന സൗകര്യങ്ങൾ നവീകരിക്കുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി 500 ലക്ഷം രൂപ

പ്രത്യേകമായി വകയിരുത്തിയിരുന്നു. ഇതിൽ 75 ലക്ഷം രൂപ പ്രവർത്തന മൂലധനമായും 425 ലക്ഷം രൂപ എം.പി.പി. കപ്പാസിറ്റർ പ്രൊഡക്ഷൻ ലൈനിന്റെ വിപുലീകരണത്തിനായും അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ.ഡി1/239/16/വ്യവ., തീയതി 13-12-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

ഇരുമ്പുരുക്ക് കാസ്റ്റിംഗുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനായി 1984-ൽ സ്ഥാപിതമായ ആട്ടോ കാസ്റ്റ് ലിമിറ്റഡിന്റെ ഉൽപ്പാദന മേഖലയിലെ നവീകരണം, സ്റ്റീൽ കാസ്റ്റിംഗ് പൂർത്തീകരണം, അസംസ്കൃത വസ്തുക്കൾ ശേഖരിച്ചുവയ്ക്കുന്നതിലേക്കായുള്ള പ്രവർത്തനമൂലധനം എന്നീ ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് സ്ഥാപനം ലാഭകരമാക്കുന്നതിനുള്ള പുനരുദ്ധാരണ നവീകരണ പദ്ധതികൾക്കായി ആട്ടോകാസ്റ്റ് ലിമിറ്റഡിന് 3352.19 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സ്വീകരിച്ച നടപടി</u>

ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് സ്ഥാപനം ലാഭകരമാക്കുന്നതിനുള്ള പുനരുദ്ധാരണ നവീകരണ പദ്ധതികൾ ഉൾപ്പെടെയുള്ള ആവശ്യത്തിലേക്കായി ആട്ടോകാസ്റ്റ് ലിമിറ്റഡിന് ആകെ 26 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ.ഡി1/239/16/വ്യവ., തീയതി 13-12-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

സംസ്ഥാനത്ത് ഇരുമ്പുരുക്ക് വ്യവസായത്തിന്റെ വികസനത്തിനായി 1975-ൽ സ്ഥാപിതമായ സിൽക്കിന്റെ 4 ഉൽപ്പാദന യൂണിറ്റുകളും 2 സർവ്വീസ് ഡിവിഷനുകളും വൈവിദ്ധ്യവൽക്കരണത്തിലൂടെ സംസ്ഥാനത്തുടനീളം ജനോപകാരപ്രദമായ പല പദ്ധതികളും നടപ്പിലാക്കിയിരുന്നെങ്കിലും 2005 മുതൽ പീഡിതവ്യവസായമായി പ്രഖ്യാപിക്കപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. സിൽക്കിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള മൂലധന സഹായമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ

2016-17 സാമ്പത്തിക വർഷത്തിൽ 44 ലക്ഷം രൂപ ലാഭം പ്രതീക്ഷിക്കുന്ന കമ്പനിയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി 300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സ്വീകരിച്ച നടപടി</u>

സിൽക്കിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി സമിതി ശിപാർശ ചെയ്ത 300 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ.ഡി1/239/16/വ്യവ., തീയതി 13-12-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് കമ്പനിയിൽ സ്ഥാപിച്ച 16 ടൺ ഹാമ്മറിന്റെ വൈബ്രേഷൻ പ്രതിരോധിക്കുന്നതിനുള്ള വൈബ്രേഷൻ ഡാമ്പനിംഗ് സിസ്റ്റത്തിന് 60 ലക്ഷം രൂപയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹൈടെമ്പറേച്ചർ ഇലക്ട്രിക്കൽ ഫർണസും, ബാച്ച്ടൈപ്പ് ഓയിൽ ഫയേർഡ് ഫർണസും വാങ്ങുന്നതിന് 65 ലക്ഷം രൂപയും വ്യത്യസ്ത മേഖലയിലുള്ള ജോബുകൾ കമ്പനി കൈകാര്യം ചെയ്യുന്നതിനാൽ അവ സൂക്ഷിക്കുവാനും തരംതിരിച്ച് വയ്ക്കുന്നതിനും 6000 സ്ക്വയർഫീറ്റിൽ പ്രീ-ഫാബ്രിക്കേറ്റഡ് ഷെഡ് നിർമ്മിക്കുന്നതിന് 75 ലക്ഷം രൂപയും ആവശ്യമായി വരുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽപ്പറഞ്ഞ പദ്ധതികൾക്കായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സ്വീകരിച്ച നടപടി</u>

വ്യക്തമായ പദ്ധതി നിർദ്ദേശം സമർപ്പിക്കുവാൻ റിയാബിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

(റഫറൻസ് നമ്പർ വ്യവ.ഡി1/239/16/വ്യവ., തീയതി 13-12-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

നിലവിൽ ഉപയോഗരഹിതമായി കിടക്കുന്ന ഭൂമി കണ്ടെത്തി അത് സ്വായത്തമാക്കി വ്യവസായ വികസനത്തിന് ഉപയുക്തമാക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിക്ക് കിൻഫ്ര രൂപം നൽകിയിട്ടുള്ളതായും അപ്രകാരം സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലായി 3617 ഏക്കർ ഭൂമി അക്വയർ ചെയ്യുന്നതിന് ഭരണാനുമതി ലഭിച്ചതായും സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ വ്യവസായ പാർക്കുകൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനും, മുൻകാലങ്ങളിൽ ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നൽകുന്നതിനും കിൻഫ്ര വ്യവസായ പാർക്കുകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യം സജ്ജമാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 206000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

ശിപാർശ

കാക്കനാട് കിൻഫ്ര വ്യവസായ പാർക്കിലേക്ക് വ്യാവസായിക ആവശ്യത്തിനായി പെരിയാറിൽനിന്നും ജലം എത്തിക്കുന്നതിനുള്ള പദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ പദ്ധതിയുടെ ചെലവ് 6519 ലക്ഷം രൂപയായി വർദ്ധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി 1687 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

54, 55 എന്നീ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് വ്യവസായ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ബജറ്റ് വിഹിതത്തിന് പുറമേ അധികമായി 2060 കോടി രൂപയും കൂടാതെ കാക്കനാട് കിൻഫ്ര പാർക്കിലെ ജലവിതരണ പദ്ധതിക്കായി 16.87 കോടി രൂപയും അധികമായി സബ്ജക്റ്റ് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. ഇത് സംബന്ധിച്ച് കിൻഫ്ര സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി അയച്ചിരുന്നുവെങ്കിലും ടി വകുപ്പ് പ്രസ്തുത നിർദ്ദേശം പരിഗണിക്കുകയുണ്ടായില്ല .

(റഫറൻസ് നമ്പർ 172/ജി1/2017/വ്യവ., തീയതി 25-11-2017)

(കാലതാമസ പത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

2015 സെപ്റ്റംബർ മുതൽ കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതായും 11,000-ത്തോളം വരുന്ന സ്ത്രീതൊഴിലാളികളും അവരുടെ കുടുംബങ്ങളും മറ്റ് വരുമാനമാർഗ്ഗമില്ലാതെ കഷ്ടത അനുഭവിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. അതിനാൽ കശുവണ്ടി ഫാക്ടറികൾ അടിയന്തരമായി പ്രവർത്തിപ്പിക്കണമെന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് അവർക്കർഹതപ്പെട്ട ആനുകൂല്യങ്ങൾ അടിയന്തരമായി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും തോട്ടണ്ടിയുടെ ലഭ്യതക്കുറവുംമൂലം പൂട്ടിക്കിടക്കുന്ന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ സർക്കാരിന്റെ ശ്രമഫലമായി 2016 ഓണത്തിന് മുൻപ് പ്രവർത്തനം പുനരാരംഭിച്ചു. നിലവിൽ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

മേൽപ്പറഞ്ഞ രണ്ട് സ്ഥാപനങ്ങളിലെയും വിരമിച്ച തൊഴിലാളികൾക്ക് കുടിശ്ശികയായിട്ടുള്ള ആനുകൂല്യങ്ങൾ ഘട്ടം ഘട്ടമായി വിതരണം ചെയ്യുന്നതിന് സർക്കാർ ശ്രമിച്ചുവരികയാണ്. ഓണത്തിന് മുമ്പ് രണ്ടുവർഷത്തെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(റഫറൻസ് നമ്പർ കെ2/97/2018/വ്യവ., തീയതി 8-8-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

സംസ്ഥാനത്ത് ഖാദിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും ആയതിന് എല്ലാ യൂണിറ്റുകളിലും യന്ത്രവൽക്കരണം നടപ്പാക്കേണ്ടത് അത്യാവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. ഖാദി ഉൽപ്പാദനമേഖലയിലെ യന്ത്രവൽക്കരണത്തിന് വൈദ്യുതിയ്ക്ക് പകരം സൗരോർജ്ജം ഉപയോഗപ്പെടുത്താവുന്നതാണെന്നും ഇതിലേയ്ക്കായി എല്ലാ ഖാദി യൂണിറ്റുകളിലും സോളാർ പാനൽ സ്ഥാപിക്കുന്നതിന് കെൽട്രോണിനെയോ സർക്കാർ അംഗീകൃത ഏജൻസികളെയോ ചുമതലപ്പെടുത്താവുന്നതാണെന്നും സമിതി അഭിപ്രായ പ്പെടുന്നു. ആയതിനാൽ ഇതിനാവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

<u>സ്വീകരിച്ച നടപടി</u>

ചർക്കകളും തറികളും യന്ത്രസഹായത്താൽ പ്രവർത്തിപ്പിക്കണമെങ്കിൽ ഖാദിഗ്രാമ വ്യവസായ കമ്മീഷൻ നിയമം പാർലമെന്റ് ഭേദഗതി ചെയ്യേണ്ടതുണ്ട്. അത്തരമൊരു നിയമഭേദഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ കേരളത്തിലെ ഖാദി ഉല്പാദന കേന്ദ്രങ്ങളിൽ യന്ത്രവൽക്കരണം നിലവിലെ സാഹചര്യത്തിൽ പ്രായോഗികമല്ല. എന്നിരുന്നാലും ഈ വിഷയം സംബന്ധിച്ച് ബഹു. വ്യവസായ മന്ത്രി ഖാദി തൊഴിലാളി സംഘടനകളുടെ ഒരു യോഗം 16-8-2017-ന് വിളിച്ചു ചേർത്ത് ഈ വിഷയം വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പ്രത്യേകം പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു ഏജൻസിയെ ഏല്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ.കെ1/269/2016/വ്യവ., തീയതി 22-1-2018)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

സിഡ്കോയുടെ ഉടമസ്ഥതയിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായം നടത്തുന്നതിനായി നൽകിയ പട്ടയം ദുരുപയോഗപ്പെടുത്തി വ്യവസായേതര ആവശ്യങ്ങൾക്കായി ഭൂമി ഉപയോഗിക്കുന്നതായ ആരോപണങ്ങൾ നിലനിൽക്കുന്നതായി സമിതി ചൂണ്ടിക്കാട്ടി. കൂടാതെ സിഡ്കോയുടെ നടത്തിപ്പിലും പ്രവർത്തനത്തിലും വ്യാപകമായ ക്രമക്കേടുകൾ ഉള്ളതായും സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ സിഡ്കോയിൽ നിലനിൽക്കുന്ന കടുത്ത സാമ്പത്തിക അച്ചടക്കരാഹിത്യവും കാര്യക്ഷമതയില്ലായ്മയും ഗുരുതരമാണെന്ന് വിലയിരുത്തിയ സമിതി, ഇത് സംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

<u>സ്വീകരിച്ച നടപടി</u>

സിഡ്കോയിൽ നിലനിൽക്കുന്ന കടുത്ത സാമ്പത്തിക അച്ചടക്കരാഹിത്യവും കാര്യക്ഷമതയില്ലായ്മയും സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(റഫറൻസ് നമ്പർ 720/എഫ്2/2016/വ്യവ., തീയതി 30-10-2017)

(കാലതാമസ പത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കേരളത്തിൽ വ്യവസായത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സേവനങ്ങൾ സജ്ജമാക്കി വ്യവസായ വികസനത്തിനുള്ള അന്തരീക്ഷം ഒരുക്കുന്ന സ്ഥാപനമെന്ന നിലയ്ക്ക് കിൻഫ്രയ്ക്ക് സംസ്ഥാന സർക്കാർ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി കാലങ്ങളായി തുക വകയിരുത്താറുണ്ട്. ഇപ്രകാരം നൽകപ്പെടുന്ന സാമ്പത്തിക സഹായം കാര്യക്ഷമമായി വിനിയോഗിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിലേക്കായി കിൻഫ്രയുടെ പ്രവർത്തനത്തിനായി സംസ്ഥാന സർക്കാർ ഇതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്നും പ്രസ്തുത സ്ഥാപനത്തിൽ നിന്നും തിരികെ സർക്കാരിന് ഇതുവരെ എത്ര രൂപയുടെ വരുമാനമുണ്ടായിട്ടുണ്ട് എന്നും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി വ്യവസായങ്ങൾ ആകർഷിക്കുന്നതിനുള്ള നടപടികളാണ് കിൻഫ്ര സ്വീകരിച്ചുവരുന്നത്. കിൻഫ്രയുടെ പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽ നിന്നാണ് നടപ്പിലാക്കി വരുന്നത്. ഇപ്രകാരം കിൻഫ്രയ്ക്ക് ലഭിക്കുന്ന തുക 11.5% പലിശയോടുകൂടി സംസ്ഥാന സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കുന്ന രീതിയിലാണ് തുക അനുവദിക്കാറുള്ളത്. ഇപ്രകാരം കിൻഫ്ര വികസിപ്പിക്കുന്ന വ്യവസായ പാർക്കുകളിൽ നിന്ന് ലഭിക്കുന്ന വരുമാനം കിൻഫ്രയുടെ തന്നെ പുതിയ പദ്ധതികളിലേക്ക് നിക്ഷേപിക്കുകയാണ് ചെയ്യാറുള്ളത്.

(റഫറൻസ് നമ്പർ 172/ജി1/2017/വ്യവ., തീയതി 25-11-2017)

(കാലതാമസ പത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു).

30-5-2018-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

നടപടി റിപ്പോർട്ട് വ്യക്തമല്ലാത്തതിനാൽ കൃത്യതയും വ്യക്തതയുമുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

സ്വീകരിച്ച നടപടി

നാളിതുവരെ (31-3-2018) കിൻഫ്രയ്ക്ക് ലഭിച്ച ലോൺ തുകയും പലിശയും സഹിതം സംസ്ഥാന സർക്കാരിന് തിരിച്ചുകൊടുക്കുവാനുള്ള തുക 592.72 കോടി രൂപയാണ്. കിൻഫ്രയുടെ പുതിയ പദ്ധതികളുടെ സ്ഥലമെടുപ്പ്, എൽ.എ. കോമ്പൻസേഷൻ തുടങ്ങിയ

ആവശ്യങ്ങൾക്ക് റീ ഇൻവെസ്റ്റ്മെന്റ് (Reinvestment) ചെയ്യതിനാൽ ടി 592.72 കോടി രൂപ തിരിച്ച് നല്ലാൻ സാധിച്ചിട്ടില്ല. എന്നാൽ ഇൻവെസ്റ്റ്മെന്റ് ലോണിന്റെ പലിശ കിൻഫ്ര അക്കൗണ്ടിൽ വകയിരുത്തിയിട്ടുള്ളതാകുന്നു. പുതിയ പദ്ധതികളുടെ സ്ഥലത്തിന്റെ വിലയായി 429 കോടി രൂപയുടെയും, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF),- അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് എന്നീ ഫിക്സഡ് അസറ്റുകളായി 203 കോടി രൂപയുടെയും (ആകെ 632 കോടി) നിക്ഷേപം കിൻഫ്രയ്ക്ക് നിലവിൽ ഉണ്ട്.

(റഫറൻസ് നമ്പർ 163/ജി1/2018/വ്യവ., തീയതി 3-7-2018)

ശിപാർശ

ഇലക്ട്രോണിക്സ് വ്യവസായ മേഖലയിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കെൽട്രോണിന്റെ പ്രവർത്തനം വിപുലമാക്കണമെന്നും മറ്റ് സ്ഥലങ്ങളിൽ ഉൽപ്പാദന യൂണിറ്റുകൾ ആരംഭിച്ച് കെൽട്രോണിനെ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

കെൽട്രോണിന്റെ പ്രവർത്തനം വിപുലമാക്കുന്നതിന്റെ ഭാഗമായി എയ്റോസ്പേസ്, ഇലക്ട്രോണിക്സ്, ഡിഫൻസ് ഇലക്ട്രോണിക്സ്, ഐ.ടി., ട്രാഫിക് സിഗ്നൽ, സെക്യൂരിറ്റി സർവൈലൻസ്, അറ്റൻഡൻസ് സിസ്റ്റം, ബയോമെട്രിക്, ഐ.ഡി. കാർഡ്, ഐ.ടി. വിദ്യാഭ്യാസം, സോളാർ എൽ.ഇ.ഡി. തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ.ഡി1/239/16/വ്യവ., തീയതി 13-12-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

സംസ്ഥാനത്ത് പലയിടങ്ങളിലും പെർമിറ്റില്ലാത്ത ക്വാറികൾ ഒരു നിയന്ത്രണവുമില്ലാതെ പ്രവർത്തിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അനുമതി നൽകുന്ന നിലവിലെ രീതിക്ക് പകരം ജില്ലാ കളക്ടർ ചെയർമാനായ ഒരു സമിതി പരിശോധിച്ച് ലൈസൻസ് നൽകുന്ന സമ്പ്രദായം സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

<u>സ്വീകരിച്ച നടപടി</u>

27-2-2012-ലെ ബഹു. സുപ്രീംകോടതിയിലെ ദീപക് കുമാർ Vs. സ്റ്റേറ്റ് ഓഫ് ഹരിയാന കേസ്സിലെ വിധിന്യായത്തിന്റെയും 15-1-2016-ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വിജ്ഞാപനത്തിന്റെയും അടിസ്ഥാനത്തിൽ ധാതുഖനനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതാണ്. ആയത് പ്രകാരം 5 ഹെക്ടറിൽ താഴെ വിസ്തൃതിയുള്ള സ്ഥലങ്ങളിൽ ചെറുകിട ധാതുക്കൾ ഖനനം ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിലേയ്ക്ക് ജില്ലാ കളക്ടർ ചെയർമാൻ ആയി പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റിയുടെയും 5 ഹെക്ടറിന് മുകളിൽ വിസ്തൃതിയുള്ള സ്ഥലങ്ങളിൽ ധാതു ഖനനം ചെയ്യുന്നതിന് സംസ്ഥാനതല പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റിയുടെയും മുൻകൂർ പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം 5 ഹെക്ടറിനുമുകളിൽ ഖനനം അനുവദിക്കുന്നത് വളരെ വിരളമാണ്. 5 ഹെക്ടർ വരെയുള്ള സ്ഥലത്തെ ഖനനം അനുവദിക്കുന്നതിന് പാരിസ്ഥിതികാനുമതി നൽകുന്നത് ജില്ലാ കളക്ടർ ആയതിനാൽ ഇത്തരം സംഗതികളിൽ ജില്ലാ കളക്ടറുടെ അനുമതിയോടുകൂടി മാത്രമേ ഖനനം നടക്കുന്നുള്ളൂ.

(റഫറൻസ് നമ്പർ 336/എ 1/2017/വ്യവ., തീയതി 7-11-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

## 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3291/സബ്.സി.ബി2/2015/നി.സെ.)

<u>ശിപാർശ</u>

വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന കയർ വികസന ഡയറക്ടറേറ്റിനും പ്രോജക്ട് ഓഫീസുകളുടെ കീഴിൽ വരുന്ന സർക്കിൾ ഓഫീസുകൾക്കും വാടക കുടിശ്ശികയുള്ളതായി സമിതി മനസ്സിലാക്കുന്നു. ബിൽ അടയ്ക്കാതെ വന്നിരിക്കുന്നതിനാൽ പല ഓഫീസുകളിലും ടെലഫോൺ ബന്ധങ്ങൾ വിച്ഛേദിച്ചിരിക്കുകയുമാണ്. ആയതിനാൽ കെട്ടിട വാടക, ടെലഫോൺ ബിൽ എന്നിവയിലെ കുടിശ്ശിക തീർക്കുന്നതിനും ഓഫീസ് വാഹനങ്ങൾക്കുള്ള ഡീസലിന്റെ ചെലവിനുമായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

2015-16 വർഷം ടെലഫോൺ ചാർജ്ജിനത്തിൽ ആവശ്യമായ തുക വകയിരുത്തിയിരുന്നു. കെട്ടിട വാടക ഇനത്തിൽ 5,00,000 രൂപയാണ് വകയിരുത്തിയിരുന്നത്. ഈ ശീർഷകത്തിൽ 8,00,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയത് അനുവദിക്കപ്പെട്ടില്ല.

(റഫറൻസ് നമ്പർ വ്യവ.ഇ 2/282/2017/വ്യവ., തീയതി 22-5-2018)

(കാലതാമസ പത്രിക 19-6-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമ പദ്ധതികൾ എന്നിവ നടപ്പിലാക്കാൻ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്ന വിഹിതമാണിത്. 2011-12 വരെ പദ്ധതി ഇനത്തിലാണ് ഇതിനായി തുക വകയിരുത്തിയിരുന്നത്. 2012-13 മുതൽ ഇത് പദ്ധതിയേതര ഇനത്തിലേക്ക് മാറ്റുകയുണ്ടായി. പ്രതിമാസം 600 രൂപ വച്ച് പെൻഷൻ കൂടാതെ കുടുംബ പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിനും വിരമിക്കൽ ആനുകൂല്യം നൽകുന്നതിനുമുൾപ്പെടെ ഏകദേശം 50 കോടി രൂപയിലേറെ ഒരു വർഷം ചെലവ് വരുന്നതായി സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം കയർ തൊഴിലാളി പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി 2851-00-106-93 (എൻ.പി) ശീർഷകത്തിൽ 30 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 2015-16 വർഷത്തെ കയർ പെൻഷൻ നൽകുന്നതിനായി 23,22,89,189 രൂപയും, മാച്ചിംഗ് ഗ്രാന്റിനത്തിൽ 2,15,46,752 രൂപയും അനുവദിച്ചതുൾപ്പെടെ 25,38,35,941 രൂപ ചെലവഴിച്ചു.

2017-18 സാമ്പത്തിക വർഷം കയർ തൊഴിലാളി പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി 2851-00-106-93 ശീർഷകത്തിൽ 50 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പെൻഷൻ നൽകുന്നതിനായി 11,02,50,000 രൂപയും, 2014-15 സാമ്പത്തിക വർഷത്തെ മാച്ചിംഗ് ഗ്രാന്റിനത്തിൽ 1,64,36,672 രൂപയും, ഓണത്തോടനുബന്ധിച്ച് 2016 നവംബർ മുതൽ 2017 മാർച്ച് മാസം

വരെ വിവിധ കാലയളവിലുള്ള പെൻഷൻ കുടിശ്ശികയും 2017 ആഗസ്റ്റ് വരെയുള്ള പെൻഷനും വിതരണം ചെയ്യുന്നതിനായി 41,10,05,328 രൂപ ചെലവഴിച്ചു. (അധിക ചെലവായി അനുവദിച്ചത് 3,76,92,000 രൂപ) ആകെ 53,76,92,000 രൂപ ചെലവഴിച്ചു.

(റഫറൻസ് നമ്പർ വ്യവ.ഇ 2/282/2017/വ്യവ., തീയതി 22-5-2018)

(കാലതാമസ പത്രിക 19-6-2018-ന് സഭയിൽ സമർപ്പിച്ചു).

## ശിപാർശ

50% കേന്ദ്ര വിഹിതമായ ഈ പദ്ധതിയിൽ കയർ ബോർഡ് റീ-ഇമ്പേഴ്സ്മെന്റായാണ് തുക അനുവദിക്കുന്നത്. മുൻ മൂന്ന് വർഷത്തെ വിൽപ്പനയുടെ ശരാശരി കണക്കാക്കി അതിന്റെ 10% ആണ് കയർ മേഖലയിലെ അപ്പക്സ് സ്ഥാപനമായ കയർ ഫെഡിനും മറ്റ് കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സംഘങ്ങൾക്കും വിപണി വികസന സഹായമായി അനുവദിക്കുന്നത്. ഈ ഇനത്തിൽ പ്രതിവർഷം 15 കോടിയിലേറെ ചെലവ് വരുന്നതാണെന്നും, 2014-15-ലെ അർഹതപ്പെട്ട തുക പൂർണ്ണമായും, മടക്കി നൽകാൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ, 2015-16 വർഷത്തിൽ ഏകദേശം 20 കോടി രൂപ കയർ ബോർഡിന് ഈ ഇനത്തിൽ വേണ്ടതായിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സംസ്ഥാന വിഹിതമായി ഈ ഇനത്തിൽ 800 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ കേന്ദ്ര വിഹിതത്തിന്റെ ബാക്കി തുകയായ 799 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

## സ്വീകരിച്ച നടപടി

എം.ഡി.എ. പദ്ധതിക്കായി 2015-16 സാമ്പത്തികവർഷത്തിൽ സംസ്ഥാന വിഹിതമായി 800 ലക്ഷം രൂപയും കേന്ദ്ര വിഹിതമായി ടോക്കൺ പ്രൊവിഷനായി 1 ലക്ഷം രൂപയും ബഡ്ജറ്റ് പ്രൊവിഷനായി വകയിരുത്തിയിരുന്നു. ടി തുകയിൽ സംസ്ഥാന വിഹിതമായി അനുവദിച്ച 800 ലക്ഷം രൂപ കയർഫെഡ്, ഫോമിൽ, കെ.എസ്.സി.സി എന്നീ സ്ഥാപനങ്ങൾക്കും 25 സി.എം. & എം.സി.എസ്. സംഘങ്ങൾക്കും സംസ്ഥാന വിഹിതമായി എം.ഡി.എ. നൽകുന്നതിന് വിനിയോഗിച്ച ആനുപാതികമായുള്ള കേന്ദ്ര വിഹിത തുകയായ 800 ലക്ഷം രൂപ 2016-17 വർഷത്തിൽ കയർ ബോർഡിൽ നിന്നും ലഭ്യമാക്കുകയും, ടി തുക 2015-16-ലെ കേന്ദ്ര വിഹിതയിനത്തിൽ 25 സി.എം. & എം.സി.എസ്. സംഘങ്ങൾക്കും, കയർഫെഡ്, ഫോമിൽ, കെ.എസ്.സി.സി. എന്നീ സ്ഥാപനങ്ങൾക്കും അനുവദിച്ച് നൽകി.

(റഫറൻസ് നമ്പർ വ്യവ.ഇ 2/282/2017/വ്യവ., തീയതി 22-5-2018)

(കാലതാമസ പത്രിക 19-6-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക കയർ സഹകരണ സംഘങ്ങളുടെ വിവിധ പുനരുജ്ജീവന പരിപാടികൾക്ക് വ്യവസ്ഥകൾ പ്രകാരം വിനിയോഗിക്കാവുന്നതാണെങ്കിലും ഇതിൽ മനുഷ്യവിഭവശേഷി, മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയ്ക്കുള്ള പ്രവർത്തന മൂലധന സഹായം വിഭാവനം ചെയ്തിട്ടില്ല എന്ന് ബഡ്ജറ്റ് രേഖകളിൽ സൂചിപ്പിച്ചിരിക്കുന്നു. കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തിക്കുവാൻ പ്രവർത്തന മൂലധനം കൂടി നൽകി പദ്ധതി നടപ്പാക്കിയാൽ മാത്രമേ സംഘങ്ങളുടെ പുനരുജ്ജീവന പരിപാടി കാര്യക്ഷമമായി നടത്തുവാൻ സാധിക്കുകയുള്ളൂ എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക മാനവശേഷി, മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയ്ക്കുള്ള പ്രവർത്തന മൂലധനമായി ഉപയോഗിക്കാൻ പാടില്ല എന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

കയർ സഹകരണ സംഘങ്ങൾക്ക് വർക്കിംഗ് ക്യാപ്പിറ്റൽ അനുവദിക്കുന്നതിനായുള്ള പുതിയ പദ്ധതിയായ കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം ജി.ഒ. (ആർടി.) നമ്പർ 1161/17/ഐ.ഡി, തീയതി 10-8-2017 നിലവിൽ വന്നിട്ടുണ്ട്. ഈ പദ്ധതിക്കായി എസ്.ഡി.ജി.വഴി 12 കോടി രൂപ 2017-18 വർഷം വകയിരുത്തുകയും ആയതിൽ 1,52,90,000 രൂപ 49 സംഘങ്ങൾക്ക് നാളിതുവരെ വിതരണം ചെയ്തിട്ടുമുണ്ട്. കൂടാതെ വിവിധ ആവശ്യങ്ങൾക്കായി സംഘങ്ങൾക്ക് അനുവദിച്ചിരുന്നതും വിനിയോഗിക്കാതെ സംഘങ്ങളുടെ അക്കൗണ്ടിൽ അവശേഷിച്ചതുമായ തുകകൾ വർക്കിംഗ് ക്യാപ്പിറ്റലായി മാറ്റി ഉപയോഗിക്കുന്നതിന് സ.ഉ. (സാധാ.) നമ്പർ 1162/2017/വ്യവ., തീയതി 10-8-2017 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം നടപ്പാക്കുന്നതിലൂടെ സംഘങ്ങളുടെ പുനരുജ്ജീവനം കാര്യക്ഷമമാക്കുവാൻ സാധിക്കുന്നതാണ്.

(റഫറൻസ് നമ്പർ വ്യവ.ഇ 2/282/2017/വ്യവ., തീയതി 22-5-2018)

(കാലതാമസ പത്രിക 19-6-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

സ്വകാര്യ സഹകരണ കയർ മേഖലയിൽ കയർ കടാശ്വാസ പദ്ധതി നടപ്പിലാക്കിയിരുന്നു. സ്വയം സഹായ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള കയർ കടാശ്വാസ പദ്ധതിയുടെ ഭേദഗതി നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുമാണ്. ഈ പദ്ധതിക്കായി

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കയർ കടാശ്വാസ പദ്ധതിക്കായി പദ്ധതി ഇനത്തിലോ പദ്ധതിയേതര ഇനത്തിലോ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

2012-13 വർഷത്തിൽ അനുവദിച്ച് നടപ്പാക്കിയിരുന്ന കയർ കടാശ്വാസ പദ്ധതിയുടെ മാനദണ്ഡ പ്രകാരം കയർ മേഖലയിലെ സ്വാശ്രയ ഗ്രൂപ്പുകൾ, കയർ ക്ലസ്റ്ററുകൾ, സ്വാശ്രയ സംഘങ്ങൾ തുടങ്ങിയ വിഭാഗങ്ങൾക്കുകൂടി കയർ കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന തരത്തിൽ ചില ഭേദഗതികളോടെ നടപ്പാക്കുന്നതിനായി പ്രൊപ്പോസൽ 2016-17-ലെ ബഡ്ജറ്റിൽ കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം 2851-00-106-62 ശീർഷകത്തിൽ ഉൾപ്പെടുത്തി ആവശ്യപ്പെട്ടിരുന്ന 68 കോടി രൂപയിൽ 8 കോടി രൂപ കയർ കടാശ്വാസ പദ്ധതിയിലേക്ക് വകയിരുത്തണമെന്നും പ്രൊപ്പോസലിന് അംഗീകാരം നൽകണമെന്നും ആസൂത്രണ ബോർഡിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അംഗീകാരം ലഭിക്കുകയുണ്ടായില്ല. ആയതിനാൽ കയർ കടാശ്വാസ പദ്ധതിയിൽ തുക വകയിരുത്തുവാൻ സാധിച്ചിട്ടില്ല. എന്നാൽ കയർ സഹകരണ സംഘങ്ങളിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച് വിനിയോഗിക്കാതെ അവശേഷിക്കുന്ന ഫണ്ട് സംഘങ്ങളുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക, ക്യാഷ് ക്രഡിറ്റ്, അക്കൗണ്ട് പുതുക്കൽ എന്നിവയ്ക്കായും വിനിയോഗിക്കുന്നതിന് ജി.ഒ. (ആർറ്റി.) നമ്പർ 1162/17/ഐ.ഡി., തീയതി 10-8-2017 ഉത്തരവുപ്രകാരം അനുവാദം നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ.ഇ 2/282/2017/വ്യവ., തീയതി 22-5-2018)

(കാലതാമസ പത്രിക 19-6-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

2006-ന് മുൻപ് വിരമിച്ച തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2006-ന് മുൻപ് വിരമിച്ച തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി 13.75 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 1-10-1997 മുതൽ 31-3-2006 വരെയും 1-4-2011 മുതൽ 31-3-2012 വരെയും വിരമിച്ചിട്ടുള്ള 19400 കയർ തൊഴിലാളികൾക്ക് 2017-18-ൽ വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി എസ്.ഡി.ജി. മുഖേന 10 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ.ഇ 2/282/2017/വ്യവ., തീയതി 22-5-2018)

(കാലതാമസ പത്രിക 19-6-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന കയർ തൊഴിലാളികളുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 100 ലക്ഷം രൂപ പദ്ധതിയിനത്തിലോ പദ്ധതിയേതര ഇനത്തിലോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ആവശ്യങ്ങൾക്ക് തുക വകയിരുത്തിയിരുന്നില്ല.

(റഫറൻസ് നമ്പർ വ്യവ.ഇ 2/282/2017/വ്യവ., തീയതി 22-5-2018)

(കാലതാമസ പത്രിക 19-6-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

'കെൽ' കുണ്ടറ യൂണിറ്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 2010-2011 സാമ്പത്തിക വർഷം സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ നിന്നും ബ്രിഡ്ജ് ലോൺ ആയി സർക്കാർ അനുമതിയോടുകൂടി ലഭിച്ച തുക തിരിച്ചടയ്ക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

2010-11 സാമ്പത്തികവർഷം സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ നിന്ന് കെല്ലിന് നൽകിയ 300 ലക്ഷം രൂപയുടെ ബ്രിഡ്ജ് ലോൺ തിരികെ

നൽകുന്നതിനായി ഉള്ള പ്രൊപ്പോസൽ കമ്പനി റിയാബിന് നൽകിയെങ്കിലും പ്രസ്തുത പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ലാത്തതിനാൽ സമിതി ശിപാർശ ചെയ്ത തുക നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ വ്യവ.ഡി1/77/2016/വ്യവ., തീയതി 18-12-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

നഷ്ടത്തിൽ പ്രവർത്തിക്കുന്ന 'കെൽ'-ന്റെ കുണ്ടറ യൂണിറ്റിലെ അധിക ജീവനക്കാർക്ക് വി.ആർ.എസ്. നൽകി പിരിച്ചുവിടുന്നതിനും യൂണിറ്റ് പുനരുദ്ധരിക്കുന്നതിനും സർക്കാർ നടത്തിയ വിദഗ്ദ്ധ ചർച്ചയുടെ അടിസ്ഥാനത്തിൽ നൽകിയ റിപ്പോർട്ട് പ്രകാരം തീരുമാനിച്ചതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത യൂണിറ്റിന്റെ പുനരുദ്ധാരണത്തിന് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ കെൽ കുണ്ടറ യൂണിറ്റിന്റെ സമഗ്ര പുനരുദ്ധാരണത്തിനും അധിക ജീവനക്കാർക്ക് വി.ആർ.എസ്. നൽകി പിരിച്ച് വിടുന്നതിനുമായി 18.6 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

ശിപാർശ

'കെൽ' ഒലവക്കോട് യൂണിറ്റിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

28, 29 എന്നീ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി

കമ്പനിയുടെ മാമല, കുണ്ടറ, ഒലവക്കോട് യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും ആധുനികവൽക്കരണത്തിനുമായി 18 കോടി രൂപയ്ക്ക് 3-8-2017-ലെ സ.ഉ. (സാധാ.) നമ്പർ 1120/2017/ID. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ.ഡി1/77/2016/വ്യവ., തീയതി 18-12-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

'കെൽ' മാമല യൂണിറ്റിന്റെ നിലവിലുള്ള ഡിസ്ട്രിബ്യൂഷ്യൻ ട്രാൻസ്ഫോർമർ പ്ലാന്റ് ആധുനികവൽക്കരിക്കുന്നതിനും കാലപ്പഴക്കംചെന്ന യന്ത്രങ്ങൾ മാറ്റി സ്ഥാപിച്ച് പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി 800 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>ശിപാർശ</u>

2003-04 കാലഘട്ടത്തിൽ കമ്പനിയിൽ നിന്ന് വി.ആർ.എസ്. പ്രകാരം പിരിഞ്ഞു പോയവർക്ക് കൊടുക്കുവാനുള്ള ശമ്പള കുടിശ്ശിക നൽകുവാൻ സുപ്രീം കോടതി ഉത്തരവായതിനെ തുടർന്ന് സർക്കാർ ഉത്തരവുപ്രകാരം പ്രോജക്ട് ഫണ്ടിൽ നിന്നും തൽക്കാലം നൽകുകയുണ്ടായി. പ്രോജക്ടിന് പ്രസ്തുത തുക വീണ്ടും വിനിയോഗിക്കുന്ന തിനായി 89 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>30, 31 എന്നീ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി</u>

2003-04 കാലഘട്ടത്തിൽ വി.ആർ.എസ്. മുഖേന കമ്പനിയിൽ നിന്ന് പിരിഞ്ഞ് പോയ ജീവനക്കാർക്ക് പ്രോജക്ട് ഫണ്ടിൽ നിന്ന് നൽകിയ തുക പ്രോജക്ട് ഫണ്ടിലേക്ക് വിനിയോഗിക്കുന്നതിനായുള്ള പ്രൊപ്പോസൽ, കമ്പനി റിയാബിന് നൽകിയെങ്കിലും പ്രസ്തുത പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ലാത്തതിനാൽ സമിതിയുടെ ശിപാർശ നടപ്പാക്കിയിട്ടില്ല.

(റഫറൻസ് നമ്പർ വ്യവ.ഡി1/77/2016/വ്യവ., തീയതി 18-12-2017)

(കാലതാമസ പത്രിക 6-2-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

കിൻഫ്ര പാർക്കുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും മുൻകാലങ്ങളിൽ ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നൽകുന്നതിനും അനുവദിച്ച തുക പര്യാപ്തമല്ലാത്ത തിനാൽ കിൻഫ്രയ്ക്ക് 70 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത തുക അനുവദിച്ച് കിട്ടിയിട്ടില്ല.

(റഫറൻസ് നമ്പർ 67/ജി1/2016/വ്യവ., തീയതി 17-3-2018)

(കാലതാമസപ്പത്രിക 4-4-2018-ന് സഭയിൽ സമർപ്പിച്ചു).

## 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 5177/സബ്.സി.ബി2/2013/നി.സെ.)

<u>ശിപാർശ</u>

കേരള സിറാമിക്സ് ലിമിറ്റഡിന്റെ കുണ്ടറയിലുള്ള ക്ലേയിസ് ആന്റ് മിനറൽസ് ഡിവിഷൻ മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഗുണമേന്മയുള്ള ക്ലേ പൗഡർ ഉൽപ്പാദിപ്പിക്കുന്ന ഈ സ്ഥാപനത്തിന് ആവശ്യമായ ക്ലേ നിക്ഷേപമുള്ള സ്ഥലങ്ങൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് മുഖേന കണ്ടെത്തി ഏറ്റെടുക്കുന്നതിനായി 8 കോടി രൂപ അഭ്യർത്ഥിച്ചതിൽ 3 കോടി രൂപ 2011-ൽ ലഭിക്കുകയുണ്ടായി. 2012-ലെ വിഷയനിർണ്ണയ സമിതി കമ്പനിക്ക് 5 കോടി രൂപ അനുവദിക്കാൻ ശിപാർശ ചെയ്തിരുന്നു. എന്നാൽ സ്ഥലത്തിന്റെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ തുക പര്യാപ്തമല്ല. ആയതിനാൽ ഖനനത്തിന് ആവശ്യമുള്ള സ്ഥലം മുഴുവനായും വാങ്ങുന്നതിനായി 5 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>ശിപാർശ</u>

കമ്പനിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ക്ലേ പൗഡറുകൾ നിർമ്മിക്കുന്നതിനും പ്രസ്സ് കേക്ക് നാചുറൽ ഡ്രൈയിംഗ് ചെയ്യുന്നതിനുവേണ്ടി ഒരു ഡ്രൈയിംഗ് ഷെഡ് നിർമ്മിക്കുന്നതിന് വേണ്ടിയും ഉണങ്ങിയ ക്ലേ കേക്ക് പൊടിച്ച് വിൽപ്പന നടത്തുന്നതിന് ഒരു പൾവറൈസ്ഡ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമായി 150 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>51, 52 എന്നീ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി</u>

കേരള സിറാമിക്സ് ലിമിറ്റഡിന് മൈനിംഗിന് ഭൂമി വാങ്ങുന്നതിനും നിലവിലുള്ള പ്ലാന്റിന്റെ ആധുനികവൽക്കരണത്തിനുമായി 7-8-2017-ലെ സ.ഉ. (സാധാ.) നമ്പർ

1138/2017/വ്യവ. പ്രകാരം 23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 10 കോടി രൂപ മൈനിംഗിന് ഭൂമി വാങ്ങുന്നതിനും 13 കോടി രൂപ പ്ലാന്റ് നവീകരിക്കുന്നതിനും വകയിരുത്തിയിട്ടുണ്ട്. അതിൽ സർക്കാർ വിഹിതമായ 17 കോടി രൂപയിൽ നിന്നും 5 കോടി രൂപ 10-10-2017-ലെ സ.ഉ. (സാധാ.) നമ്പർ 1445/2017/വ്യവ. പ്രകാരം അനുവദിച്ചത് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു

(റഫറൻസ് നമ്പർ 27141/എച്ച്2/2015/വ്യവ., തീയതി 25-2-2018)

(കാലതാമസ പത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

നഷ്ടത്തിൽ പ്രവർത്തിക്കുന്ന കേരള സിറാമിക്സ് ലിമിറ്റഡിന് ഇ.എസ്.ഐ., പി.എഫ്., സെയിൽസ് ടാക്സ് തുടങ്ങിയ ഇനത്തിൽ ഏകദേശം 2.5 കോടി രൂപയുടെ ബാദ്ധ്യതയുണ്ട്. പ്രസ്തുത ബാദ്ധ്യത നികത്തുന്നതിനായി 2.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

9-9-2016-ലെ സ.ഉ. (സാധാ.) നമ്പർ 921/2016/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 164 ലക്ഷം രൂപ അനുവദിച്ചത് കമ്പനിയുടെ സ്റ്റാറ്റ്യൂട്ടറി ബാധ്യതകൾ തീർക്കുന്നതിനും തുടർ നടത്തിപ്പിനായും വിനിയോഗിച്ചു

(റഫറൻസ് നമ്പർ 27141/എച്ച്2/2015/വ്യവ., തീയതി 25-2-2018)

(കാലതാമസ പത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

2010-2011 സാമ്പത്തികവർഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയതായി യൂണിറ്റുകൾ ആരംഭിക്കുന്നതിനായി വായ്പയായും ഇക്വിറ്റിയായും കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് (KMML) മലബാർ സിമന്റ്സ് ലിമിറ്റഡ് (MCL) എന്നീ സ്ഥാപനങ്ങളിൽ നിന്നും യഥാക്രമം 60 കോടി രൂപയും 30.90 കോടി രൂപയും നൽകിയിരുന്നു. ഇക്വിറ്റിയിനത്തിൽ നൽകിയ ധനസഹായത്തിന് ഇതുവരെ ഷെയർ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ഈ തുക തിരിച്ചടയ്ക്കുന്നതിന്റെ ഭാഗമായി KMML, MCL എന്നീ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ

പ്രവർത്തനങ്ങൾക്കായി സർക്കാർ നേരിട്ട് നൽകുന്നതിലേയ്ക്കായി 90.90 കോടി രൂപയുടെ അധിക ധനസഹായം അനുവദിക്കുകയോ അല്ലെങ്കിൽ വായ്പ വാങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലം ഈ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

<u>സ്വീകരിച്ച നടപടി</u>

2010-2011 സാമ്പത്തികവർഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയതായി യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഇക്വിറ്റിയായും വായ്പയായും മലബാർ സിമന്റ്സിൽ നിന്നും നൽകിയ 30.90 കോടി രൂപയിൽ ഇക്വിറ്റിയായി നൽകിയ 15 കോടി രൂപയിൽ 6 കോടി രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകൾ കേരള സ്മാൾ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്/ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. കൂടാതെ വായ്പയിനത്തിലുള്ള 15.90 കോടി രൂപയും പലിശയായി 7.54 കോടി രൂപയും (31 മാർച്ച് 2017-ലെ സ്ഥിതി) തിരികെ ലഭിക്കാനുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് MCL-ൽ നിന്നും ലഭിച്ച 2 കോടി രൂപ ഓഹരി മൂലധനം ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന് ഓഹരി മൂലധനമായി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ നിന്നും കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയ 60 കോടി രൂപയിൽ 30 കോടി രൂപ 7% പലിശ നിരക്കിൽ ലോണായും ബാക്കി 30 കോടി രൂപ ഇക്വിറ്റിഷെയർ ആയിട്ടുമാണ് നൽകിയിട്ടുള്ളത്. കേരള ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ച കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽ, ഹൈടെക് വീവിംഗ് മിൽ, ഉദുമ ടെക്സ്റ്റൈൽ മിൽ തുടങ്ങിയവ നടപ്പാക്കുന്നതിനുവേണ്ടിയാണ് KMML-ൽ നിന്നും 30 കോടി രൂപ ലഭിച്ചത്. ഈ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് KMML-മായുള്ള എഗ്രിമെന്റ് പ്രകാരം അന്നുമുതൽ 84 ഗഡുക്കളായി വായ്പ തിരിച്ചടയ്ക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും കേരള ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. ഇക്വിറ്റിഷെയറാക്കി മാറ്റിയ 30 കോടി രൂപയ്ക്ക് ഷെയർ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. കേരള ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ അംഗീകൃത മൂലധനം 20 കോടി രൂപയായതിനാൽ മൂലധനത്തെക്കാൾ ഉയർന്ന തുകയ്ക്ക്

ഷെയർ സർട്ടിഫിക്കറ്റ് നല്കാൻ സാധിക്കുകയില്ല. പ്രസ്തുത മൂലധനം 20 കോടി രൂപയിൽ നിന്നും 100 കോടി രൂപയായി ഉയർത്തുന്ന വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് KMML-ന് ഷെയർ സർട്ടിഫിക്കറ്റ് നൽകാനാകുമെന്ന് കേരള ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ 27141/എച്ച്2/2015/വ്യവ., തീയതി 16-6-2018)

(കാലതാമസ പത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഗണിച്ച് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ അധീനതയിൽ പുതുതായി ആരംഭിച്ച മില്ലുകൾക്കായി 20 കോടി രൂപ അധിക ധനസഹായം പ്രവർത്തന മൂലധനമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>ശിപാർശ</u>

കേരളാ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്റെയും ടെക്സ്ഫെഡിന്റെയും കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. ആയതിനാൽ വില കുറഞ്ഞിരിക്കുന്ന അവസരത്തിൽ പരുത്തി സംഭരിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 30 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

<u>62, 63 എന്നീ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്നുള്ള നിർദ്ദേശം പരിഗണിക്കുവാൻ സർക്കാരിന്റെ സാമ്പത്തിക പരിമിതികൾമൂലം 2014-15 വർഷത്തിൽ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ വ്യവ.20126/സി3/2014/വ്യവ., തീയതി 23-2-2018)

(കാലതാമസ പത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു).

## 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2798/സബ്.സി.ബി2/2013/നി.സെ.)

<u>ശിപാർശ</u>

ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾക്ക് വർഷങ്ങളായി സഹായം നൽകുന്നില്ല. ഇത് ഈ മേഖലയെ തളർത്തുകയാണ്. ആയതിനാൽ വ്യവസായവൽകൃത സഹകരണ സംഘങ്ങൾക്ക് 2851-00-110-82 എന്ന ഹെഡിൽ മെഷിനറി ഗ്രാന്റായി 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>ശിപാർശ</u>

ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾക്ക് സഹായം നൽകേണ്ടത് അത്യാവശ്യമായതിനാൽ 4851-00-195-89 എന്ന ശീർഷകത്തിൽ വ്യവസായ സഹകരണ സംഘങ്ങളിൽ ഓഹരി എടുക്കൽ ഇനത്തിൽ 15 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>23, 25 എന്നീ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തിക വർഷത്തിൽ 2851-00-110-82, 4851-00-195-89 എന്നീ ശീർഷകങ്ങളിൽ യഥാക്രമം 5 കോടി രൂപയും 15 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ സാമ്പത്തിക പരിമിതിമൂലം പ്രസ്തുത സാമ്പത്തിക വർഷത്തിൽ ഈ തുകകൾ മേൽ ശീർഷകങ്ങളിൽ അനുവദിക്കപ്പെടുകയുണ്ടായില്ല.

(റഫറൻസ് നമ്പർ വ്യവ.ബി1/299/2017/വ്യവ., തീയതി 5-2-2018)

(കാലതാമസപ്പത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

ടെക്സ്റ്റൈൽ മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനായി 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിലുള്ള 60 കോടി രൂപയിൽ 27.60 കോടി രൂപ 2012-13 വർഷം ലഭിച്ചിരുന്നു. ബാക്കി തുകയായ 32.40 കോടി രൂപ 2013-14-ൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

2012-13 ബഡ്ജറ്റിൽ ടെക്സ്റ്റൈൽ മേഖലയ്ക്ക് അനുവദിച്ച 60 കോടി രൂപയുടെ പാക്കേജിൽ 27.60 കോടി രൂപ 30-3-2013-ലെ 483/2013/വ്യവ. നമ്പർ സർക്കാർ ഉത്തരവ് (സാധാ.) പ്രകാരം റിലീസ് ചെയ്തിരുന്നു. ഇതിൽ ബാക്കിയുള്ള 32.40 കോടി രൂപ പ്രവർത്തന മൂലധനമായി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിൽ നിന്നും 6 കോടി രൂപ ടെക്ഫെഡിന് (കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ 1.80 കോടി രൂപ, മലബാർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ 1 കോടി രൂപ, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ 3.20 കോടി രൂപ) അനുവദിച്ചിരുന്നു. ഒരു കോടി രൂപ ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിനും അനുവദിച്ചിരുന്നു. 60 കോടി രൂപയിൽ ബാക്കിവന്ന 25.40 കോടി രൂപ 10-3-2014-ലെ 321/2014/വ്യവ. നമ്പർ സർക്കാർ ഉത്തരവ് (സാധാ.) പ്രകാരം റിലീസ് ചെയ്തിരുന്നു. ഇപ്രകാരം കൈത്തറി മേഖലയ്ക്ക് പ്രത്യേകമായി അനുവദിച്ച 60 കോടി രൂപയും റിലീസ് ചെയ്തിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ.സി2/186/2016/വ്യവ., തീയതി 25-5-2018)

(കാലതാമസപ്പത്രിക 19-6-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിൽ 260 ഏക്കർ സ്ഥലം ഏറ്റെടുത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന ലൈഫ് സയൻസ് പാർക്ക് പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. അവിടെ ഒരു ബയോടെക് ഇൻക്യുബേഷൻ സെന്റർ സജ്ജമാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ബയോടെക്നോളജി വകുപ്പിന്റെ സഹായം ലഭ്യമാകുന്നുണ്ട്. പ്രസ്തുത പദ്ധതിക്കായി ഈ വർഷം അനുവദിച്ച 20.78 കോടി രൂപയിൽ 5 കോടി രൂപ നബാർഡിന്റെ RIDF സ്കീമിൽപ്പെട്ടതാണ്. എന്നാൽ നബാർഡിൽ നിന്നും പ്രസ്തുത തുക ലഭിക്കുവാൻ സാദ്ധ്യതയില്ലാത്തതിനാൽ ബഡ്ജറ്റിലൂടെ അനുവദിച്ച 20.78 കോടി രൂപയും കെ.എസ്.ഐ.ഡി.സി.ക്ക് ഓഹരിയായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തിക വർഷത്തിൽ സർക്കാർ ബജറ്റിലൂടെ 15.78 കോടി രൂപയും വകമാറ്റി ചെലവഴിക്കലിലൂടെ 25 കോടി രൂപയും ഓഹരിയായി (4885-01-190-99) എന്ന ശീർഷകത്തിൽ കെ.എസ്.ഐ.ഡി.സി.യ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. 13-12-2016 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1295/2016/വ്യവ. പ്രകാരം

ലഭ്യമാക്കിയ ടി തുകകൾ ഓഹരി ഇനം (4885-01-190-99) എന്ന ശീർഷകത്തിൽ നിന്ന് മാറ്റി കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന വ്യവസായ പുരോഗമന നടപടികൾ 4885-01-200-95 എന്ന ശീർഷകത്തിലേക്ക് അനുവദിച്ചു.

(റഫറൻസ് നമ്പർ 1322079/ജെ3/2017/വ്യവ., തീയതി 3-3-2018)

(കാലതാമസപത്രിക 4-4-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

2013-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കൊച്ചി സ്റ്റാർട്ട് അപ്പ് വില്ലേജിലും തിരുവനന്തപുരം ടെക്നോപാർക്കിലും ഒരു ഇലക്ട്രോണിക് ഫാബ്രിക്കേഷൻ ലബോറട്ടറി സ്ഥാപിക്കുന്നതിനുവേണ്ടി 20 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത തുകയിൽ കളമശ്ശേരിയിലുള്ള കിൻഫ്രയുടെ ഇലക്ട്രോണിക് ഫാബ്രിക്കേഷൻ ലബോറട്ടറി സ്ഥാപിക്കുന്നതിനുവേണ്ടി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ആവശ്യത്തിനായി കിൻഫ്രയുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ ടി തുക അനുവദിച്ചു കിട്ടിയിട്ടില്ല.

(റഫറൻസ് നമ്പർ 117/ജി1/2018/വ്യവ., തീയതി 21-6-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>അദ്ധ്യായം VII</u>

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

I. കെൽട്രോൺ, കെംഡൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(i) <u>കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ)</u>

<u>ശിപാർശ 1</u>

സോളാർ പാനലുകളുടെ നിർമ്മാണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കെൽട്രോണിന്റെ അരൂർ യൂണിറ്റിൽ, ഉൽപ്പാദന സൗകര്യങ്ങൾ മെച്ചപ്പെടുത്തി യൂണിറ്റ് വിപുലീകരിക്കണമെന്നും ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമയബന്ധിതമായി തയ്യാറാക്കി

സർക്കാരിന് സമർപ്പിക്കണമെന്നും കെൽട്രോണിന്റെ സോളാർ പാനൽ നിർമ്മാണപദ്ധതി സംബന്ധിച്ച വിശദ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

സോളാർ പാനൽ നിർമ്മാണ പദ്ധതി സംബന്ധിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (Detailed Project Report) പദ്ധതിയുടെ കൺസൾട്ടന്റായ M/s. Price Water House Coopers തയ്യാറാക്കുന്നുണ്ട്. ഇത് താമസംവിനാ ബോർഡിന്റെ അനുമതിയോടെ സമിതി മുമ്പാകെ സമർപ്പിക്കുന്നതാണ്.

<u>ശിപാർശ 2</u>

സ്മാർട്ട് മീറ്റർ നിർമ്മാണത്തിനായി അരൂർ യൂണിറ്റിലെ പ്ലാന്റ് നവീകരണത്തിനും യന്ത്രസാമഗ്രികളുടെ ആധുനികവൽക്കരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സ്മാർട്ട് മീറ്ററിന്റെ വിപണനം സംബന്ധിച്ച വിശദമായ മാർക്കറ്റ് സർവ്വേ റിപ്പോർട്ട് സമയബന്ധിതമായി സർക്കാരിന് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

സ്മാർട്ട് മീറ്റർ നിർമ്മാണ പദ്ധതി സംബന്ധിച്ച ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കെൽട്രോൺ തയ്യാറാക്കി വരികയാണ്.

<u>ശിപാർശ 3</u>

കെൽട്രോണിന്റെ ഓരോ യൂണിറ്റും പ്രത്യേകം ഉല്പന്നങ്ങൾക്കുവേണ്ടി സ്ഥാപിച്ചതാണെന്നും പല ഉല്പന്നങ്ങൾക്കും ഇപ്പോൾ വിപണി ഇല്ലാത്തതിനാൽ ഉല്പാദനം വൈവിധ്യവല്ക്കരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. കെൽട്രോണിന്റെ മൂടാടി, കരകുളം തുടങ്ങിയ യൂണിറ്റുകൾ വിപുലീകരിച്ച് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഉപകരണങ്ങൾ ഉല്പാദിപ്പിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി യൂണിറ്റ് വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കെൽട്രോൺ മൂടാടി യൂണിറ്റിൽ 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതമായ 1.09 കോടി രൂപ ചെലവഴിച്ച് പ്ലാന്റ് നവീകരിക്കുകയും പുതിയ യന്ത്രസാമഗ്രികൾ വാങ്ങുകയും ചെയ്തു. യൂണിറ്റിൽ ഇപ്പോൾ നിർമ്മിച്ചുവരുന്ന എൽ.ഇ.ഡി. ലൈറ്റുകളും ഡിജിറ്റൽ ഹിയറിംഗ് എയ്ഡുകളും ഓർഡറുകൾ കൂടുതൽ ലഭിക്കുന്നമുറയ്ക്ക് വിപുലീകരിക്കാനും ഉൽപ്പാദനം വർദ്ധിപ്പിക്കാനുമുള്ള സൗകര്യങ്ങളുമുണ്ട്. കെൽട്രോൺവഴി

ശ്രവണ സഹായികൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് ലഭിക്കുന്നതിനായി സാമൂഹ്യ നീതി വകുപ്പുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ വിപണിയിൽ ഹിയറിംഗ് എയ്ഡ് വിൽക്കാനുള്ള ശ്രമങ്ങളും വിപുലമാക്കിയിട്ടുണ്ട്. കെൽട്രോൺ ജി.പി.എസ്. ഉപകരണത്തിന്റെ സാങ്കേതികവിദ്യ (TOT) ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും സാധ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ വീണ്ടും നടത്തി സാങ്കേതികവിദ്യ പാർട്ണറെ കണ്ടെത്തി കരകുളം യൂണിറ്റിൽ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു.

ശിപാർശ 4

നിലവിൽ കെൽട്രോൺ ഉപഭോക്താക്കൾക്ക് വില്പനാനന്തര സേവനം ലഭിക്കുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഉപഭോക്തൃ സൗഹൃദ സമീപനം സ്വീകരിച്ച് ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി കസ്റ്റമർ കെയർ വിഭാഗം ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കെൽട്രോണിന്റെ വിവിധ യൂണിറ്റുകളിൽ ഉപഭോക്താക്കൾക്ക് വില്പനാനന്തര സേവനം ഉറപ്പുവരുത്തുന്നതിനായി 'കസ്റ്റമർ സപ്പോർട്ട് ഗ്രൂപ്പുകൾ' പ്രവർത്തിക്കുന്നുണ്ട്. അതായത് യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്കുള്ള ഉപഭോക്തൃ സേവനം ആ ഗ്രൂപ്പുകൾ നിർവ്വഹിക്കുന്നുണ്ട്. ഈ ഗ്രൂപ്പുകളിലേയ്ക്ക് കൂടുതൽ മാനവവിഭവശേഷി ലഭ്യമാക്കി, അത് ശക്തമാക്കാൻ കമ്പനി ശ്രമിക്കുന്നുണ്ട്.

ശിപാർശ 5

സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ആവശ്യമുള്ള മേഖലകളിൽ കെൽട്രോണിനെ സഹായിക്കുന്നതിന് വിദഗ്ദ്ധരെ നിയമിക്കുന്നതുൾപ്പെടെയുള്ള എല്ലാവിധ സഹായവും സർക്കാർ കെൽട്രോണിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ 6

കെൽട്രോണിലെ എഞ്ചിനീയർമാരുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ നികത്തി ഇൻഫ്രാസ്ട്രക്ചർ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14, 2014-15 വർഷത്തിൽ വിരമിച്ച ജീവനക്കാരുടെ എണ്ണത്തിനനുസരിച്ചുള്ള ഒഴിവുകളിലേയ്ക്ക് നിയമനത്തിന് സർക്കാർ അനുമതി നൽകി കഴിഞ്ഞു. ആയതിന്റെ അടിസ്ഥാനത്തിൽ നിയമന നടപടികൾ പുരോഗമിച്ചുവരുന്നു. 2015-16, 2016-17 വർഷത്തിൽ കമ്പനിയിൽ നിന്നും വിരമിച്ച ജീവനക്കാരുടെ എണ്ണത്തിനനുസരിച്ചുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

ശിപാർശ 7

സ്വന്തമായി വികസിപ്പിക്കുന്ന സാങ്കേതിക വിദ്യ കാലാനുസൃതമായി നവീകരിക്കുന്നതിനും പുതിയ സാങ്കേതിക വിദ്യയുടെ ഗവേഷണത്തിനുമായി കെൽട്രോൺ കരകുളം യൂണിറ്റിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന റിസർച്ച് & ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണത്തിനുള്ള നടപടി അടിയന്തരമായി ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കെൽട്രോൺ കരകുളം യൂണിറ്റിൽ റിസർച്ച് & ഡെവലപ്മെന്റ് സെന്ററിന് ആവശ്യമായ ഉപകരണങ്ങളും മാനവവിഭവ ശേഷിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ജൂലൈ മാസത്തിൽ സെന്ററിൽ മേധാവിയെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകും. സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിന് മികച്ച എഞ്ചിനീയർമാരെ നിയമിക്കുന്നതാണ്.

ശിപാർശ 8

ലിഥിയം ബാറ്ററി നിർമ്മാണം സംബന്ധിച്ച വിശദമായ റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

ഇലക്ട്രിക്ക് വെഹിക്കിൾ പോളിസിക്കനുസൃതമായി ചാർജ്ജിങ് ഉപകരണങ്ങളും ബാറ്ററിയും നിർമ്മിക്കാൻ കെൽട്രോണിന് പദ്ധതിയുണ്ട്. ഇത് സംബന്ധിച്ചുള്ള പദ്ധതികൾ സമർപ്പിക്കാനുള്ള ശ്രമത്തിലാണ്.

(ii) കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡൽ)

ശിപാർശ 1

മാനേജിംഗ് ഡയറക്ടറുടെ തസ്തികയ്ക്ക് പുറമേ നിലവിൽ കോർപ്പറേഷനിൽ മറ്റ് തസ്തികകൾ ഒന്നും ഇല്ലാത്തതിനാൽ കെംഡലിന്റെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കെംഡലിന്റെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനായി കെംഡൽ സമ... ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

<u>ശിപാർശ 2</u>

കെംഡലിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ... കൾക്ക് ആവശ്യമായ ഗ്രാന്റ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന സർക്കാരിന്റെ വ്യവസായ നയത്തിന്റെ ഭാഗമായി ഖനനവും അനുബ... പ്രവർത്തനങ്ങളും പൊതുമേഖലയിൽ മാത്രം നിലനിർത്തുന്നതിന്റെ അടിസ്ഥാനത്തി... കെംഡലിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാ... പരിശോധിച്ചുവരികയാണ്. ടി പദ്ധതികൾ നടപ്പിലാക്കിയതിനുശേഷം, കെംഡലി... വിവിധ പ്രവർത്തനങ്ങൾക്കായി സമിതി നിർദ്ദേശിച്ചപ്രകാരം സാമ്പത്തിക സഹായ നൽകുന്ന കാര്യവും സർക്കാർ പരിശോധിക്കുന്നതാണ്.

<u>ശിപാർശ 3</u>

കെംഡലിനെ ശക്തിപ്പെടുത്തുന്നതിനായി സാങ്കേതിക വിദഗ്ധരെ നിയമിക്കുന്നതി... നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കെംഡലിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കുന്നതിനുള്ള ശിപാർശ സ... പരിശോധിച്ചുവരികയാണ്.

<u>2019-20 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന</u>

19-9-2019, 27-2-2019 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് 20... സാമ്പത്തികവർഷത്തെ XXXVII—വ്യവസായങ്ങൾ എന്ന ധനാഭ്യർത്ഥനയി... സൂക്ഷ്മപരിശോധന നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു. 13-3-2019 യോഗത്തിൽ പ്രസ്തുത ശിപാർശകളുടെ കരട് റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഇ.പി. ജയരാജൻ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി IV.*

തിരുവനന്തപുരം,
2019 ജൂൺ 27.

അനുബന്ധം

## 2018 ഏപ്രിൽ 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2018 ഏപ്രിൽ 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. എ.സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. പ്രൊഫ. കെ. യു. അരുണൻ, എം.എൽ.എ.
2. ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.
3. ശ്രീ. എൻ. വിജയൻ പിള്ള, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി സുനകുമാരി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീ. ജി. മാത്യുക്കുട്ടി, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. ഇളങ്കോവൻ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, കയർ വികസന വകുപ്പ്
3. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. ബിജു കെ. ഡയറക്ടർ, ഇൻഡസ്ട്രീസ് ആന്റ് കോമേഴ്സ് ഡിപ്പാർട്ട്മെന്റ്
5. ശ്രീ. എൻ. പത്മകുമാർ, ഡയറക്ടർ, കയർ വികസന വകുപ്പ്
6. ശ്രീ. ബി. എസ്. ബിജു ഭാസ്കർ, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
7. ശ്രീ. വിജയകുമാർ ആർ., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
8. ശ്രീ. വി. രാജഗോപാൽ, സി.ഇ.ഒ., കെ.ബി.ഐ.പി.
9. ശ്രീ. ഷാജി വർഗ്ഗീസ്, മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡ്
10. ശ്രീ. കെ. ബി. ജയകുമാർ, മാനേജിംഗ് ഡയറക്ടർ, സിഡ്കോ

11. ശ്രീമതി ഹേമലത ടി. ആർ., മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ

12. ശ്രീ. എം.ഗണേഷ്, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ടി.സി.എസ്.ഐ.എൽ. & ടി.എസ്.എം.

13. ശ്രീ. പി. എം. ഷാജി, C.E.O., KCWWFB.

14. ശ്രീ. സതീഷ് കുമാർ പി., മാനേജിംഗ് ഡയറക്ടർ, കേരള സിറാമിക്സ് ലിമിറ്റഡ്, കുണ്ടറ

15. ശ്രീ. സി. കെ. ബൈജു, ഡെപ്യൂട്ടി ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്.

2018-ലെ കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങളുടെ കരട്, വിവിധ എസ്.ആർ.ഒ.കൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള ഫയലുകൾ എന്നിവ സമിതി പരിഗണിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I. <u>കരട് ചട്ടം പരിഗണന:</u>

2018-ലെ കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങൾ-കരട് സൂക്ഷ്മപരിശോധന സംബന്ധിച്ച്

(ഫയൽ നമ്പർ 1331/സബ്.സി.ബി2/2018/നി.സെ.)

2018-ലെ കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങൾ പുറപ്പെടുവിച്ചത് കേന്ദ്രഗവൺമെന്റ് ആണെന്നും ജില്ലാതല മിനറൽ ഫൗണ്ടേഷൻ രൂപീകരിക്കുമ്പോൾ പ്രസ്തുത സമിതികൾക്ക്, ഖനനം നടത്തുമ്പോൾ ക്വാറി ഉടമകളിൽ നിന്നും മേജർ മിനറൽസിന് ലഭിക്കുന്ന റോയൽറ്റിയുടെ 30 ശതമാനവും മൈനർ മിനറൽസിന്റെ റോയൽറ്റിയുടെ 10 ശതമാനവും സർക്കാരിന് ലഭിക്കുമെന്നും ജില്ലാതലത്തിലുള്ള ക്ഷേമപദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനും ഖനനപ്രവർത്തനംമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനങ്ങളുടെ ക്ഷേമപദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനും വേണ്ടിയാണ് ഈ നിയമമെന്നും ജില്ലാതല കമ്മിറ്റിയുടെ ചെയർമാനായ കളക്ടറാണ് ക്ഷേമപദ്ധതികൾ കൈകാര്യം ചെയ്യുന്നതെന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പല കരിങ്കൽ ക്വാറികളും ഉപയോഗശേഷം അഗാധമായ വെള്ളക്കെട്ടുകളായി കിടക്കുന്നതുമൂലമുണ്ടാകുന്ന ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടത്താനാകുമെന്നും ജില്ലാ കളക്ടർ ചെയർമാനായ ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷന്റെ കമ്മിറ്റിയിൽ എം.പി., എം.എൽ.എ., പഞ്ചായത്ത് പ്രതിനിധികൾ, എൺവയോൺമെന്റ് എഞ്ചിനീയർ, ജില്ലാ മെഡിക്കൽ ഓഫീസർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, സാമൂഹ്യനീതി ഓഫീസർ എന്നിവരെല്ലാം അംഗങ്ങളാണെന്നും കരിങ്കൽ ക്വാറിയിൽ സംഭരിക്കപ്പെട്ടിട്ടുള്ള ജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതുപോലെയുള്ള ശിപാർശകൾ പ്രസ്തുത കമ്മിറ്റിയിൽ ഉന്നയിച്ച് തീരുമാനം എടുത്താൽ ഫണ്ട് വിനിയോഗിച്ച് അത്തരം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി വിശദമാക്കി.

പ്രധാനമന്ത്രി ഖനിജ് ക്ഷേത്ര കല്യാൺ യോജന പദ്ധതി പ്രകാരം ഒറീസയിൽ ട്രൈബൽ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഹൗസിംഗ് കോളനികൾ, ശുചിമുറികൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവ നിർമ്മിച്ച് നൽകുന്നുണ്ടെന്നും ആയതിനാൽ കേരളത്തിന് ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ചുകൊണ്ട് ക്വാറികൾക്ക് സംരക്ഷണം നൽകുന്ന പദ്ധതികൾ ചെയ്യാൻ സാധിക്കുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

പ്രസ്തുത കരട്ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു

II. <u>എസ്.ആർ.ഒ. കളുടെ സാധൂകരണം:</u>

1. കേരള മൈനർ മിനറൽ കൺസഷൻ (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ് 2015 എസ്.ആർ.ഒ. നമ്പർ 671/2015 സാധൂകരണം സംബന്ധിച്ച്

(ഫയൽ നമ്പർ 2660/സബ്.സി.ബി2/2016/നി.സെ.)

20-9-2016-ലെ സമിതിയോഗം ആവശ്യപ്പെട്ടതുപ്രകാരം 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ (രണ്ടാം ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 12-ന്റെ അപാകത സംബന്ധിച്ചും പ്രസ്തുത വിഷയത്തിൽ സുപ്രീംകോടതിയിൽ നിലവിലുള്ള കേസ്സിന്റെ അവസ്ഥ സംബന്ധിച്ചും വ്യവസായം, നിയമം എന്നീ വകുപ്പ് ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി.

ചെറുകിട ക്വാറികൾക്ക് മൈനിംഗ് നടത്തുന്നതിന് പാരിസ്ഥിതികാനുമതി ആവശ്യമാണെന്ന സുപ്രീം കോടതി നിർദ്ദേശം അനുസരിച്ചും കേരള മൈനർ മിനറൽ കൺസഷൻ ആക്ട് അനുസരിച്ചും എസ്.ആർ.ഒ. നമ്പർ 346/2017 നിലവിൽ വന്നിട്ടുണ്ടെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

എസ്.ആർ.ഒ. നമ്പർ 671/2015 സമിതി സാധൂകരിച്ചു.

2. മൈക്രോ, സ്മാൾ & മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട് 2006 കൗൺസിൽ അംഗങ്ങളുടെ നിയമനം (എസ്.ആർ.ഒ. നമ്പർ 523/2017) സാധൂകരണം സംബന്ധിച്ച്

(ഫയൽ നമ്പർ 4160/സബ്.സി.ബി2/2017/നി.സെ.)

എസ്.ആർ.ഒ. നമ്പർ 523/2017 സമിതി സാധൂകരിച്ചു

3. വ്യവസായ എസ്റ്റേറ്റുകൾ, മിനി വ്യവസായ എസ്റ്റേറ്റുകൾ എന്നിവയെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയാ ഡെവലപ്മെന്റ് ആക്ട്, 1999 പ്രകാരം നോട്ടിഫൈ ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചത് സംബന്ധിച്ച് (എസ്.ആർ.ഒ. നമ്പർ 815/2017 മുതൽ 853/2017 വരെ)

(ഫയൽ നമ്പർ 1299/സബ്.സി.ബി2/2018/നി.സെ.)

815/2017 മുതൽ 853/2017 വരെയുള്ള എസ്.ആർ.ഒ.കൾ സമിതി സാധൂകരിച്ചു

III. <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന:</u>

1. 2017-18 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1976/സബ്.സി.ബി2/2017/നി.സെ.)

ഖണ്ഡികകൾ 5, 38,47 എന്നിവ അംഗീകരിച്ചു.

2. 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 6996/സബ്.സി.ബി2/2014/നി.സെ.)

ഖണ്ഡികകൾ 51, 52, 53, 62, 63 എന്നിവ അംഗീകരിച്ചു.

IV. <u>സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ:</u>

കേരള കയർ തൊഴിലാളിക്ഷേമനിധി ഭേദഗതി ചട്ടങ്ങൾ 2000 സാധൂകരണം സംബന്ധിച്ച്

(ഫയൽ നമ്പർ 10837/സബ്.സി.ബി2/2000/നി.സെ.)

1989-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ഭേദഗതി ചട്ടങ്ങൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചതുകൊണ്ട്, ഭേദഗതി ഇംഗ്ലീഷിലേയ്ക്ക് തർജ്ജമ ചെയ്ത് കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വാങ്ങി നിയമ വകുപ്പിൽ വെറ്റ് ചെയ്യാൻ കൊടുത്തിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് സമിതിയിൽ സമർപ്പിക്കുന്നതാണെന്നും തർജ്ജമ ചെയ്ത കോപ്പി സമർപ്പിക്കേണ്ടി വന്നതിനാലാണ് കാലതാമസം ഉണ്ടായതെന്നും കയർ വകുപ്പ് സെക്രട്ടറി

സമിതിയെ അറിയിച്ച പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഫയലിൽ നടപടികൾ അവസാനിപ്പിക്കുവാനും പുതുക്കിയ കരട് ചട്ടം സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാമെന്നും സമിതി നിർദ്ദേശിച്ചു.

V. <u>തുടർന്ന് സമിതി സബ്ജക്ട് കമ്മിറ്റി IV-ൽ നിലവിലുള്ള പെൻഡിംഗ് ഫയലുകളുടെ ലിസ്റ്റ് പരിഗണിച്ചു. ലിസ്റ്റ് ചുവടെ ചേർക്കുന്നു:</u>

1. 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് തുടർനടപടി സംബന്ധിച്ച്.

(ഫയൽ നമ്പർ 2798/സബ്.സി.ബി2/13/നി.സെ.)

സ്വീകരിച്ച നടപടി ലഭിക്കാത്ത ഖണ്ഡിക നമ്പർ 40

കാലതാമസ പത്രിക ലഭിക്കാത്ത ഖണ്ഡികകൾ 30, 40.

2. 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് തുടർനടപടി സംബന്ധിച്ച്.

(ഫയൽ നമ്പർ 3166/സബ്.സി.ബി2/14/നി.സെ.)

സ്വീകരിച്ച നടപടി ലഭിക്കാത്ത ഖണ്ഡിക നമ്പർ 60

കാലതാമസ പത്രിക ലഭിക്കാത്ത ഖണ്ഡിക 60.

3. 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്-തുടർനടപടി സംബന്ധിച്ച്.

(ഫയൽ നമ്പർ 3291/സബ്.സി.ബി2/15/നി.സെ.)

സ്വീകരിച്ച നടപടിയും, കാലതാമസ പത്രികയും ലഭിക്കാത്ത ഖണ്ഡികകൾ 9-15.

4. 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്-തുടർനടപടി സംബന്ധിച്ച്.

(ഫയൽ നമ്പർ 4576/സബ്.സി.ബി2/16/നി.സെ.)

സ്വീകരിച്ച നടപടിയും, കാലതാമസ പത്രികയും ലഭിക്കാത്ത ഖണ്ഡികകൾ 56, 59.

5. 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്-തുടർനടപടി സംബന്ധിച്ച്.

(ഫയൽ നമ്പർ 1976/സബ്.സി.ബി2/17/നി.സെ.)

സ്വീകരിച്ച നടപടി, കാലതാമസ പത്രിക എന്നിവ ലഭിക്കാത്ത ഖണ്ഡികകൾ 1, 3, 4 & 6 മുതൽ 37 വരെയും, 39-47 വരെയും, 49.

വാർഷിക പ്രവർത്തന റിപ്പോർട്ടുകളെ സംബന്ധിച്ച ഫയലുകൾ:

1. 2010-11-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.
(ഫയൽ നമ്പർ 16657/സബ്.സി.ബി2/2010/നി.സെ.)

2. 2011-12-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.
(ഫയൽ നമ്പർ 2575/സബ്.സി.ബി2/2012/നി.സെ.)

3. 2012-13-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.
(ഫയൽ നമ്പർ 38/സബ്.സി.ബി2/2013/നി.സെ.)

4. 2013-14-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.
(ഫയൽ നമ്പർ 5177/സബ്.സി.ബി2/2013/നി.സെ.)

5. 2014-15-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.
(ഫയൽ നമ്പർ 6996/സബ്.സി.ബി2/2014/നി.സെ.)

6. 2015-16-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.
(ഫയൽ നമ്പർ 188/സബ്.സി,ബി2/2016/നി.സെ.)

7. 2016-17-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.
(ഫയൽ നമ്പർ 30/സബ്.സി.ബി2/2017/നി.സെ.)

8. 2017-18-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.
(ഫയൽ നമ്പർ 188/സബ്.സി.ബി2/2018/നി.സെ.)

മേൽ സൂചിപ്പിച്ചിട്ടുള്ള ഫയലുകളിൽ ഓരോ വർഷവും ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾക്കാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത് എന്നത് സംബന്ധിച്ച് സമിതിക്ക് അറിയാൻ കഴിയാത്തതിനാൽ തുക അനുവദിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ ഏതൊക്കെയെന്ന മറുപടി ലഭിച്ചാൽ മാത്രമേ ഫയലിൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കൂ എന്നും ഇക്കാര്യം സംബന്ധിച്ച് പരിശോധന നടത്തി നടപടി സ്വീകരിക്കണമെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു

നടപടി പെന്റിംഗ് ആയിട്ടുള്ള മറ്റ് ഫയലുകൾ:

1. കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ചട്ടം പുതുക്കിയ കരട് ലഭ്യമാക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 10837/സബ്.സി.ബി2/2000/നി.സെ.)

2. ലൈഫ് സയൻസ് പാർക്കുമായി ബന്ധപ്പെട്ട 4-9-2013-ലെ സമിതിയുടെ ശിപാർശ സംബന്ധിച്ച്.

(ഫയൽ നമ്പർ 3433/സബ്.സി.ബി2/2013/നി.സെ.)

3. എസ്.ആർ.ഒ. നമ്പർ 523/72017 സാധൂകരണം-മൈക്രോ, സ്മാൾ & മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട്, 2006 കൗൺസിൽ അംഗങ്ങളുടെ നിയമനം സംബന്ധിച്ച്.

(ഫയൽ നമ്പർ 4160/സബ്.സി.ബി2/2017/നി.സെ.)

4. മൈൻസ് & മിനറൽസ് ഡെവലപ്മെന്റ് & റഗുലേഷൻ ആക്ട് പ്രകാരം കോടതിയിൽ കേസ് ഫയൽ ചെയ്യാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനം എസ്.ആർ.ഒ. നമ്പർ 375/15/ഭേദഗതി സംബന്ധിച്ച്.

(ഫയൽ നമ്പർ 3791/സബ്.സി.ബി2/2016/നി.സെ.)

5. ഖാദി വ്യവസായ മേഖലയിൽ സോളാർ പാനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 26-7-2017-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 5129/സബ്.സി.ബി2/2017/നി.സെ.)

പ്രസ്തുത ഫയലുകൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ആയത് ഉടൻ സമിതിക്ക് ലഭ്യമാക്കാമെന്നും വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു

ഉച്ചയ്ക്കുശേഷം 12.30-ന് യോഗം പിരിഞ്ഞു.

## 2018 മേയ് 30-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ യോഗം 2018 മേയ് 30-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, എം.എൽ.എ.

2. ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.

3. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ജി. സുമകുമാരി, അഡീഷണൽ സെക്രട്ടറി

2. ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സഞ്ജയ് കൗൾ, സെക്രട്ടറി, വ്യവസായ വകുപ്പ്

2. ശ്രീ. എസ്. സുരേഷ്, സെക്രട്ടറി, റിയാബ്

3. ശ്രീ. ടി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്

4. ശ്രീ. കെ. ബിജു, ഡയറക്ടർ, ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് ഡിപ്പാർട്ട്മെന്റ്

5. ശ്രീ. റ്റി. കെ. രാമകൃഷ്ണൻ, അഡീഷണൽ ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്

6. ശ്രീ. കെ. സുധീർ, ഡയറക്ടർ, ഹാന്റ് ലൂം ആന്റ് ടെക്സ്റ്റൈൽസ്

7. ശ്രീ. എം. സുരേഷ്ബാബു, ഡയറക്ടർ, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

8. ശ്രീ. കെ.എസ്. പ്രദീപ്കുമാർ, അഡീഷണൽ ഡയറക്ടർ, ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ്

9. ശ്രീ. ബി. രമേഷ്, അഡീഷണൽ ഡയറക്ടർ, കയർ ബോർഡ്

10. ശ്രീ. ബി.എസ്. ബിജു ഭാസ്കർ, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്

11. ശ്രീ. വിജയകുമാർ ആർ, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്

12. ശ്രീ. സന്തോഷ് കോശി തോമസ്, മാനേജിംഗ് ഡയറക്ടർ, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

13. ശ്രീ. ഷാജഹാൻ, മാനേജിംഗ് ഡയറക്ടർ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്

14. ശ്രീ. ജോർജ് നൈനാൻ, മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

15. ശ്രീ. കെ. എ. സന്തോഷ്കുമാർ, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര

16. ശ്രീ. എസ്. ആർ. വിനയകുമാർ, മാനേജിംഗ് ഡയറക്ടർ, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രിയൽ ലിമിറ്റഡ്

17. ശ്രീ. വി. ബി. രാമചന്ദ്രൻ നായർ, ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്

18. ശ്രീ. എം. കെ. ശശികുമാർ, മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്

19. കേണൽ ഷാജി എം. വർഗ്ഗീസ്, മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്

20. ശ്രീമതി എസ്. ശ്യാമള, മാനേജിംഗ് ഡയറക്ടർ, കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് & ആട്ടോകാസ്റ്റ്

21. ശ്രീമതി എൻ. റ്റി. ഇന്ദിര ഭായി, മാനേജിംഗ് ഡയറക്ടർ (ഇൻ-ചാർജ്), കെ.എസ്.ഐ.ഡി.സി.

22. ശ്രീ. ടി. വി. കൃഷ്ണകുമാർ, സെക്രട്ടറി, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

23. ശ്രീ. ജി. സുനിൽ, ജനറൽ മാനേജർ, കിൻഫ്ര

24. ഡോ. ടി. ഉണ്ണികൃഷ്ണൻ, ജനറൽ മാനേജർ, കിൻഫ്ര

25. ശ്രീ. ബി. ബാലകുമാരൻ, ജനറൽ മാനേജർ, കെ.എസ്.ഐ.ഡി.സി.

26. ശ്രീ. എബ്രഹാം തോമസ്, ഫിനാൻസ് മാനേജർ, കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്

27. ശ്രീ. കെ. മധുസൂദനൻ, അസിസ്റ്റന്റ് മാനേജർ, കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്

28. ശ്രീ. ജി. ഹരികുമാര മേനോൻ, ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസർ

29. ശ്രീമതി ആർ. അശ്വതി, സീനിയർ എഞ്ചിനീയർ, കെ.എസ്.ഐ.ഡി.സി.

2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളുടെ ഭേദഗതി, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് 2017-18 സാമ്പത്തികവർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ സമിതി പരിഗണനയ്ക്കെടുത്തു.

I. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ ഭേദഗതി സാധൂകരണം സംബന്ധിച്ച് (SRO No.70/2018)

(ഫയൽ നമ്പർ 2733/സബ്.സി.ബി2/2018)

2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടപ്രകാരം മണൽ ഖനനം നടത്തുന്നതിന് ജില്ലാതല സമിതിയുടെ ശിപാർശ പ്രകാരം ജില്ലാ കളക്ടറുടെ No Objection Certificate (N.O.C.) വാങ്ങണമെന്ന വ്യവസ്ഥയാണ് നിലവിലുണ്ടായിരുന്നത്.

2016-ൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പ്രസ്തുത ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം മണൽ ഖനനം ചെയ്യുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയതിനാൽ ഖനനാനുമതി നേടുന്നതിനുള്ള സങ്കീർണ്ണത കുറയ്ക്കുന്നതിനുവേണ്ടി ജില്ലാ വിദഗ്ധ സമിതിയുടെ ശിപാർശായനുസരിച്ച് ജില്ലാ കളക്ടറുടെ എൻ.ഒ.സി, ലഭ്യമാക്കണമെന്ന പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥ ഒഴിവാക്കിക്കൊണ്ടുള്ള ഭേദഗതി സംബന്ധിച്ച SRO No. 70/2018 കൂടുതൽ ഭേദഗതിയൊന്നും നിർദ്ദേശിക്കാതെ സമിതി സാധൂകരിച്ചു.

II. 1. 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1976/സബ്.സി.ബി2/2017/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 45, 46, 49 എന്നിവയിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ യോഗത്തിൽ വകുപ്പ് നേരിട്ട് ലഭ്യമാക്കിയ ഖണ്ഡിക 29, 30, 31, 32, 33, 34, 35, 36, 37, 39, 43, 44, 48 എന്നിവയിന്മേൽ സ്വീകരിച്ച നടപടി പത്രികകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4576/സബ്.സി.ബി2/2016/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 2,3,4,5 മുതൽ 15 വരെയും, 20, 25, 26, 27, 28, 30 മുതൽ 38 വരെയും 41, 42, 54, 55, 59, 60, 61, 62, 63 എന്നീ നമ്പർ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി പത്രിക സമിതി

പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ ഖണ്ഡിക 61-ലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് വ്യക്തമല്ലാത്തതിനാൽ കൃത്യതയും വ്യക്തതയുമുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി വകുപ്പിനോടാവശ്യപ്പെട്ടു. സിഡ്കോയുമായി ബന്ധപ്പെട്ട സമിതിയുടെ ശിപാർശയിന്മേൽ സമഗ്രമായ അന്വേഷണത്തിന് വ്യവസായ വാണിജ്യ ഡയറക്ടർ ഇടപെടണമെന്ന് സമിതി നിർദ്ദേശിച്ചു

3. 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3291/സബ്.സി.ബി2/2015/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ താഴെ പറയുന്ന ഖണ്ഡികകളിലെ നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

9 മുതൽ 15 വരെയും, 27, 28, 29, 30, 31, 35.

4. 2013-14 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2798/സബ്.സി.ബി2/2013/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ താഴെ പറയുന്ന ഖണ്ഡികകളിന്മേൽ സ്വീകരിച്ച നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

ഖണ്ഡികകൾ : 23, 25, 39.

III. 2017-18 സാമ്പത്തികവർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു

ഉച്ചയ്ക്കുശേഷം 3.45-ന് യോഗം പിരിഞ്ഞു.

## 2018 ജൂൺ 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ യോഗം 2018 ജൂൺ 19-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിനുശേഷം 3.40-ന് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും സന്നിഹിതയായിരുന്ന പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. പ്രൊഫ. കെ. യു. അരുണൻ, എം.എൽ.എ.
2. ശ്രീ. ഹൈബി ഈഡൻ, എം.എൽ.എ.
3. ശ്രീ. സി. കൃഷ്ണൻ, എം. എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. കെ. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി.

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമ്പോൾ, പ്രസ്തുത റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ അതത് വർഷം സ്വീകരിച്ച നടപടിയും പ്രസ്തുത ശിപാർശകൾക്കുള്ള മറുപടി ലഭ്യമാക്കാൻ കാലതാമസം നേരിടുന്നപക്ഷം മറുപടി ലഭ്യമാക്കുന്ന കാലയളവിലെ തത്സ്ഥിതിയും വ്യക്തമാക്കുന്ന തരത്തിൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണെന്ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതിന് സമിതി തീരുമാനിച്ചു.

വൈകുന്നേരം 4.00 മണിക്ക് യോഗം പിരിഞ്ഞു.

## 2018 ജൂലൈ 25-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2018 ജൂലൈ 25-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '3 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, എം.എൽ.എ.

2. ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.

3. ശ്രീ. എൻ. വിജയൻ പിള്ള, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി

2. ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. കെ. ഇളങ്കോവൻ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്

2. ഡോ. എം. ബീന, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.

3. ശ്രീ. മാത്യു ജോസഫ്, മാനേജിംഗ് ഡയറക്ടർ (ഇൻ-ചാർജ്ജ്) കെ.എസ്.സി.ഡി.സി.

4. ശ്രീ. ബി. ജ്യോതികുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.

5. ശ്രീ. സതീഷ്കുമാർ പി., മാനേജിംഗ് ഡയറക്ടർ, കേരള സിറാമിക്സ് ലിമിറ്റഡ്, കുണ്ടറ

6. ശ്രീ. ആർ. രാജേഷ്, മാനേജിംഗ് ഡയറക്ടർ, കാപ്പെക്സ്

7. ശ്രീ. വി. ബി. രാമചന്ദ്രൻ നായർ, മാനേജിംഗ് ഡയറക്ടർ, മലബാർ സിമന്റ്സ് ലിമിറ്റഡ് (ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്)

8. ശ്രീമതി ശ്യാമള എസ്., മാനേജിംഗ് ഡയറക്ടർ, ആട്ടോകാസ്റ്റ്

9. ശ്രീമതി ടി. ആർ. ഹേമലത, മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ

10. ശ്രീ. കെ. എ. സന്തോഷ്കുമാർ, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര

11. ശ്രീ. എം. ഗണേഷ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്

12. ശ്രീ. കെ. കെ. റോയ് കുര്യൻ, മാനേജിംഗ് ഡയറക്ടർ, കെ.എം.എം.എൽ.

13. ശ്രീ. കെ. ബി. ജയകുമാർ, മാനേജിംഗ് ഡയറക്ടർ, സിഡ്കോ.

സമിതി, 'കേരള സിറാമിക്സ് ലിമിറ്റഡ്, കുണ്ടറ പ്രവർത്തന അവലോകനവും ഭാവി നവീകരണവും' എന്ന വിഷയത്തിൻമേൽ ചട്ടം 235(1)(iii) പ്രകാരം ചർച്ച നടത്തുകയും വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, കെൽട്രോൺ, കെംഡൽ എന്നിവയെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടുകൾ, ലൈഫ് സയൻസ് പാർക്ക് എന്ന വിഷയം സംബന്ധിച്ച അധിക ശിപാർശ എന്നിവ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>കേരള സിറാമിക്സ് ലിമിറ്റഡ്-പ്രവർത്തനാവലോകനവും ഭാവി നവീകരണവും എന്ന വിഷയത്തെ കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ച</u>

കേരള സിറാമിക്സ് ലിമിറ്റഡിൽ പേപ്പർ വ്യവസായത്തിനാവശ്യമായ സ്പ്രേ ഡ്രൈഡ് കയോളിനാണ് ഉല്പാദിപ്പിക്കുന്നതെന്നും കൂടാതെ ഡിറ്റർജന്റ്, ഫില്ലർ, സിറാമിക് ടൈൽസ് തുടങ്ങിയവയ്ക്കെല്ലാം ഈ പ്രോഡക്ട് ഉപയോഗിക്കുന്നുണ്ടെന്നും മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കമ്പനിയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞത് കമ്പനി തുടർച്ചയായി നഷ്ടത്തിൽ പോകുന്നതിന്റെ കാരണങ്ങളിൽ, ആദ്യത്തേത് 1973-ന് ശേഷം പ്ലാന്റിൽ ഒരു വിധത്തിലുള്ള നവീകരണ പ്രവർത്തനവും നടത്തിയിട്ടില്ലാത്തതാണെന്നും ഇക്കാരണത്താൽ കമ്പനി ജീർണ്ണിച്ച അവസ്ഥയിലാണെന്നും, രണ്ടാമത്തേത് അസംസ്കൃത വസ്തുവിന്റെ ലഭ്യതയുമായി ബന്ധപ്പെട്ട് വന്ന പ്രശ്നങ്ങളാണെന്നും മൂന്നാമത്തേത് ഡീസൽ ഇന്ധനമായി ഉപയോഗിക്കുന്നതുകൊണ്ട് പവർ, ഫ്യൂവൽ ഇനങ്ങളിൽ ഉല്പാദനച്ചെലവ് കൂടുതലാവുന്നതാണെന്നും നാലാമത്തേത് കമ്പനിയിൽ ഉൽപ്പാദിപ്പിക്കുന്ന പ്രോഡക്റ്റ്സ്, പേപ്പർ നിർമ്മാണ മേഖലയിലെ ആവശ്യങ്ങൾക്ക് മാത്രമേ നൽകാൻ കഴിയുന്നുള്ളൂ എന്നതുമാണെന്നും മാനേജിംഗ് ഡയറക്ടർ ബോധിപ്പിച്ചു.

മേൽപ്പറഞ്ഞ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഒരു പ്രോജക്ട് നടപ്പിലാക്കി വരികയാണെന്നും അതിൽ പ്ലാന്റ് നവീകരണവും ഇന്ധനത്തിൽ വരുന്ന ചെലവ് കുറയ്ക്കാനായി ഡീസലിൽ നിന്നും എൽ.എൻ.ജി.യിലേക്ക് മാറ്റാനുള്ള സംവിധാനവും അസംസ്കൃത വസ്തുവിന്റെ ലഭ്യതയ്ക്കായി ഇപ്പോഴുള്ള മൈനിംഗ് ലാന്റിനോട് ചേർന്ന് 4.5 ഏക്കർ മൈനിംഗ് ലാന്റ് വാങ്ങുന്നതിനും, പെയിന്റിന് വേണ്ടിയുള്ള അസംസ്കൃത വസ്തു നിർമ്മിക്കുന്നതിനുള്ള പ്ലാന്റും വിഭാവനം ചെയ്തിട്ടുണ്ടെന്നും മൊത്തം 33 കോടി രൂപയുടെ പ്രോജക്ടാണ് കേരള സിറാമിക്സ് ലിമിറ്റഡിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്നും അറിയിച്ച മാനേജിംഗ് ഡയറക്ടർ, പ്ലാന്റിന്റെ നവീകരണം, ഇന്ധനം എൽ.എൻ.ജി.യിലേക്ക് മാറ്റുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ അടുത്ത ജനുവരി മാസത്തിൽ കമ്മീഷൻ ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും വിശദീകരിച്ചു.

കമ്പനിയുടെ ഉല്പാദനച്ചെലവിന്റെ സിംഹഭാഗവും വരുന്നത് ഉയർന്ന വിലയുള്ള ഡീസൽ ഇന്ധനമായി ഉപയോഗിക്കുന്നത് കൊണ്ടാണെന്നും ഇത് മറികടക്കാൻ സ്ഥാപിക്കുന്ന LNG പ്ലാന്റിന്റെ പണി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ പൊതുമേഖലാ സ്ഥാപനമായ HPCL-ന്റെ സഹായത്തോടെ താൽക്കാലികമായി എൽ.പി.ജി. പ്ലാന്റ് സ്ഥാപിച്ചതിന്റെ ഫലമായി ഇന്ധനത്തിന് ആവശ്യമായി വരുന്ന ചെലവ് 52 ശതമാനത്തോളം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും എം. ഡി. അറിയിച്ചു.

2017-18 സാമ്പത്തിക വർഷം തുടങ്ങുന്നതുവരേയും കമ്പനിയുടെ പ്ലാന്റിലെ വൈദ്യുതി ഉപയോഗത്തിൽ പവർ ഫാക്ടർ 0.5 നിലവാരത്തിലായിരുന്നെന്നും ഇത് കാരണം ഓരോ മാസവും ഇലക്ട്രിസിറ്റി ബില്ലിൽ 50,000 രൂപയോളം ഇലക്ട്രിസിറ്റി പെനാൽറ്റി ഇനത്തിൽ അധിക ചെലവ് വരുന്നുണ്ടെന്നും ഇത് ഒഴിവാക്കാനായി Automatic Power Factor Control (APFC) പാനൽ സ്ഥാപിച്ചതുവഴി പവർ ഫാക്ടർ 0.9-0.95 നിലവാര

ത്തിലെത്തുകയും പെനാൽറ്റി ഒഴിവായി ഇലക്ട്രിസിറ്റി ഇൻസെന്റീവ് ലഭ്യമാകുകയും ചെയ്തെന്നും 14 വർഷമായി ഉപയോഗത്തിലില്ലാത്ത പോഴ്സലയിൻ ഡിവിഷന്റെ കണക്ഷൻ വിച്ഛേദിച്ചുകൊണ്ട് 1.5 ലക്ഷം രൂപയോളം ഇലക്ട്രിസിറ്റി ബില്ലിൽ ലാഭിക്കാൻ സാധിച്ചെന്നും അറിയിച്ചു

ഇത്തരത്തിൽ ഉല്പാദന ചെലവ് ഒരു ടണ്ണിന് 8,500 രൂപയിൽ നിന്നും 5,500 രൂപയായി കുറയ്ക്കാനും ജനുവരി മുതൽ ഓപ്പറേറ്റിംഗ് പ്രോഫിറ്റ് ലെവലിലേക്ക് കമ്പനിയെ എത്തിക്കാൻ സാധിച്ചതായും ഭൂമി വാങ്ങുന്ന നടപടി 70 മുതൽ 80 ശതമാനം വരെ പൂർത്തിയായിട്ടുണ്ടെന്നും ഉല്പന്നത്തിന്റെ വൈവിധ്യവൽക്കരണവും ബാക്കിയുള്ള രണ്ട് പ്ലാന്റുകളുടെ നവീകരണവും അടുത്ത അഞ്ച് വർഷം കൊണ്ട് നടപ്പിലാക്കാനാണ് ശ്രമിക്കുന്നതെന്നും എം.ഡി. സമിതിയെ അറിയിച്ചു.

മൂല്യവർദ്ധനവ് സാധ്യമാകുന്ന calciners, centrisizer പ്ലാന്റുകളുടെ നിർമ്മാണം കുറച്ചുകൂടി നവീകരിച്ചാൽ മാത്രമേ നല്ല ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കുകയുള്ളുവെന്നും ആയത് അഞ്ച് വർഷത്തിനകം പൂർത്തിയാക്കാൻ ശ്രമിക്കണമെന്നും സമിതി നിർദ്ദേശിച്ചു

പ്ലാന്റിന്റെ നിലവിലുള്ള ജീർണ്ണാവസ്ഥ ഇത്തരത്തിലുള്ള നവീകരണത്തോടുകൂടി മാറ്റുകയും, ഒപ്പം ഉത്പാദനം കൂട്ടുകയും നിലവിലുള്ള കസ്റ്റമേഴ്സിനെ തൃപ്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുകയും ചെയ്യുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നതെന്നും എം.ഡി. വ്യക്തമാക്കി.

<u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ തുടർനടപടികൾ സംബന്ധിച്ച്</u>

1. 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് തുടർനടപടികൾ സംബന്ധിച്ച്.

(ഫയൽ നമ്പർ 2798/സബ്.സി.ബി2/2013/നി.സെ.)

ഖണ്ഡിക നമ്പർ 30, 40 എന്നിവ അംഗീകരിച്ചു

2. 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് തുടർനടപടികൾ സംബന്ധിച്ച്.

(ഫയൽ നമ്പർ 3166/സബ്.സി.ബി2/2014/നി.സെ.)

2010-11 സാമ്പത്തികവർഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയതായി യൂണിറ്റുകൾ ആരംഭിക്കുന്നതിനായി വായ്പയായും ഇക്വിറ്റിയായും KMML 60 കോടി രൂപയും MCL 30.90 കോടി രൂപയും നൽകിയിരുന്നു. പ്രസ്തുത വിഷയം സംബന്ധിച്ചുള്ള സമിതിയുടെ ശിപാർശ ഇതുവരെയും നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നും, ആയതിന്

കുറച്ചുകൂടി സാവകാശം വേണമെന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. 20 കോടി രൂപയാണ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ആതറൈസ്ഡ് ക്യാപ്പിറ്റൽ എന്നും അതിൽ വർദ്ധനവ് വരുത്തിയാൽ മാത്രമേ ഇക്വിറ്റിഷെയറായി മാറ്റുവാൻ സാധിക്കുകയുള്ളുവെന്നും സമിതിയെ അറിയിക്കുകയുണ്ടായി.

ടെക്സ്റ്റൈൽ കോർപ്പറേഷന് മൂന്ന് പ്രോജക്ടുകൾക്ക് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും അവയുടെ പ്രവർത്തനം 2018 ഡിസംബർ മാസത്തോടുകൂടി തുടങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിക്കുകയുണ്ടായി. ഈ മൂന്ന് പ്രോജക്ടുകളിലായി ഏത് തരം ഉല്പന്നങ്ങളാണ് ഉല്പാദിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന സമിതിയുടെ ചോദ്യത്തിന് ആലപ്പുഴയിലെ കോമളപുരം സ്പിന്നിംഗ് യൂണിറ്റിൽ നൂലുണ്ടാക്കി അവിടെ വച്ചുതന്നെ തുണിയാക്കി മാറ്റുകയാണെന്നും കണ്ണൂർ ഹൈ-ടെക് വീവിംഗ് മില്ലിൽ ഫാബ്രിക്കും, കാസർഗോഡ് ഉദുമയിലുള്ള യൂണിറ്റിൽ യാണും (YARN) ഉല്പാദിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളതായി മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിക്കുകയുണ്ടായി. KMML 60 കോടി രൂപ അനുവദിച്ചതിൽ 30 കോടി രൂപ ഇക്വിറ്റിയായും 30 കോടി രൂപ ലോണായിട്ടുമാണ് നൽകിയത് എന്നും ലോണിന് ആദ്യം 7.5 ശതമാനം നിരക്കിലായിരുന്നു പലിശ നിശ്ചയിച്ചിരുന്നതെന്നും, എന്നാൽ പലിശ ലഭിച്ചില്ലെന്നും അത് അക്കൗണ്ട് ചെയ്യേണ്ടിവരികയും ചെയ്യുന്ന സമയത്ത് ടാക്സ് കൊടുക്കേണ്ടതായി വന്നിരുന്നുവെന്നും അതുകൊണ്ട് കുറച്ചുവർഷങ്ങൾക്കുമുമ്പ് പലിശ രഹിത വായ്പയാക്കി മാറ്റുകയാണുണ്ടായതെന്നും എം.ഡി. അറിയിച്ചു. കുറച്ച് തുകയെങ്കിലും കൃത്യമായി അടച്ചിരുന്നുവെങ്കിൽ ബാങ്കുകളുടെ റേറ്റിംഗിൽ KMML-ന് ഗുണകരമായി വരുമെന്നും KMML എം.ഡി. അറിയിക്കുകയുണ്ടായി. ആ സ്ഥാപനത്തിന്റെ 50 ശതമാനത്തിൽ കൂടുതൽ KMML-ന്റെ ഷെയറായി മാറുകയാണെങ്കിൽ അത് KMML-ന്റെ ഒരു സബ്സിഡിയറിയായി മാറുമെന്നും അങ്ങനെ ചെയ്യാൻ കഴിയില്ലെന്ന് ആസൂത്രണ ബോർഡും ധനകാര്യ വകുപ്പും അറിയിച്ചിട്ടുണ്ടെന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

സിഡ്കോയ്ക്ക് 2010-ൽ 8 കോടി രൂപയാണ് മലബാർ സിമന്റ്സിൽ നിന്നും ലഭിച്ചതെന്നും, അപ്രകാരം ലഭിച്ചത് അതിന് 4 കോടി രൂപ ഇക്വിറ്റിയായി കൊടുക്കാമെന്നുള്ള വ്യവസ്ഥയിലായിരുന്നുവെന്നും ഇക്വിറ്റിയായിട്ടുള്ളതിന്റെ ഷെയർ സർട്ടിഫിക്കറ്റ് സിഡ്കോ മലബാർ സിമന്റ്സിന് നൽകിയത് ഇപ്പോൾ മലബാർ സിമന്റ്സിൽ കാണ്മാനില്ലെന്നാണ് അറിയുന്നത് എന്നും സിഡ്കോ MD അറിയിക്കുകയുണ്ടായി, ഇനി ബോർഡിൽ വച്ച് പാസ്സാക്കിയാൽ മാത്രമേ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളുവെന്നും സിഡ്കോ MD സമിതിയെ അറിയിക്കുകയുണ്ടായി.

സിഡ്‌കോ നൽകിയ ഷെയർ സർട്ടിഫിക്കറ്റ് മലബാർ സിമന്റ്സിൽ കാണാനില്ലെന്ന് പറയുന്നത് ഗുരുതരമായ വീഴ്ചയാണെന്നും ആയതിന്റെ ഉത്തരവാദി ആരെന്ന് കണ്ടെത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. സിഡ്‌കോ വളരെ മോശമായ സാമ്പത്തികാവസ്ഥയിലാണെന്നും ഷെയർ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടതിനെക്കുറിച്ചും വായ്പ എങ്ങനെ തിരിച്ചടയ്ക്കാമെന്നതിനെക്കുറിച്ചും അന്വേഷിക്കുന്നതാണ് എന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. തുടർന്ന് ഖണ്ഡിക നമ്പർ 60-ലെ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

3. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ), കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെംഡൽ) എന്നിവയെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്.

(ഫയൽ നമ്പർ 1928/സബ്.സി.ബി2/2018/നി.സെ.)

<u>കെൽട്രോണിനെ സംബന്ധിച്ച ശിപാർശകൾ</u>

ഖണ്ഡിക നമ്പർ 1, 2, 3, 4, 5, 6, 7, 8 എന്നിവ പരിഗണിക്കുകയും ആയതിന്മേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു.

<u>കെംഡലിനെ സംബന്ധിച്ച ശിപാർശകൾ</u>

ഖണ്ഡിക നമ്പർ 1, 2, 3 എന്നിവയ്ക്ക് ലഭിച്ച മറുപടി സമിതി പരിശോധിക്കുകയും, കെംഡലിന്റെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണെന്നും, ആയത് അംഗീകരിക്കുകയും അതിനനുസരിച്ച് ഉത്തരവാദിത്വവും സ്ഥാപനത്തിന്റെ മാനദണ്ഡങ്ങളും നിശ്ചയിച്ചുകൊടുക്കേണ്ടതായിട്ടുണ്ടെന്നും കൂടാതെ നിരവധി ഡാമുകളിൽ നിന്നും മണൽവാരുന്നത് സംബന്ധിച്ച് ജലവിഭവ, കെ.എസ്.ഇ.ബി. എന്നീ വകുപ്പുകളുമായി ചർച്ച ചെയ്ത് പൊതു ധാരണയിലെത്തിയിട്ടുണ്ടെന്നും ആദ്യമായി പാലക്കാടുള്ള മംഗലം ഡാമിൽ നിന്നും മണൽവാരൽ ആരംഭിക്കാനുദ്ദേശിക്കുന്നതെന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഖണ്ഡിക 1, 2, 3 എന്നിവയിന്മേൽ ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

4. 4-9-2013-ലെ യോഗം ലൈഫ് സയൻസ് പാർക്ക് എന്ന വിഷയം സംബന്ധിച്ച്.

[ഫയൽ നമ്പർ 3433/സബ്.സി.ബി2/2013 (Vol. I & II)]

പ്രസ്തുത വിഷയം സംബന്ധിച്ച് ലഭിച്ച റിപ്പോർട്ട് സമിതി അംഗീകരിച്ചു.

5. 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് അനന്തര നടപടി സംബന്ധിച്ച്.

(ഫയൽ നമ്പർ 4576/സബ്.സി.ബി2/2016/നി.സെ.)

ഖണ്ഡിക നമ്പർ 61-ന്റെ അധികവിവരം സംബന്ധിച്ച റിപ്പോർട്ട് സമിതി അംഗീകരിച്ചു

യോഗം ഉച്ചയ്ക്ക് 12.45-ന് പിരിഞ്ഞു.

## 2018 ഒക്ടോബർ 10-ാം തീയതിയിലെ യോഗനപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, ഒക്ടോബർ 10-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '4 സി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. പി. ജയരാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ആന്റണി ജോൺ, എം.എൽ.എ.

2. പ്രൊഫ. കെ.യു. അരുണൻ, എം.എൽ.എ.

3. ശ്രീ. സി. ദിവാകരൻ, എം.എൽ.എ.

4. ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.

5. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. ഇളങ്കോവൻ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായം ആന്റ് നോർക്ക വകുപ്പ്

2. ശ്രീ. സഞ്ജയ് എം. കൗൾ, സെക്രട്ടറി, വ്യവസായ വകുപ്പ്

3. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, കയർ വികസന വകുപ്പ്

4. ശ്രീ. കെ. ബിജു, ഡയറക്ടർ, ഇൻഡസ്ട്രീസ് ആന്റ് കോമേഴ്സ് ഡിപ്പാർട്ട്മെന്റ്

5. ശ്രീമതി കെ. എച്ച്. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

6. ശ്രീ. ഷാജഹാൻ, മാനേജിംഗ് ഡയറക്ടർ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്

7. ശ്രീമതി എസ്. ശ്യാമള, മാനേജിംഗ് ഡയറക്ടർ, ഓട്ടോകാസ്റ്റ് ലിമിറ്റഡ്

8. ശ്രീ. എം. കെ. സലീം, മാനേജിംഗ് ഡയറക്ടർ, ടെക്സ്ഫെഡ്

9. ശ്രീ. കെ. ബി. ജയകുമാർ, മാനേജിംഗ് ഡയറക്ടർ, സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (SIDCO)

10. ശ്രീ. അനിൽകുമാർ കെ. എസ്., മാനേജിംഗ് ഡയറക്ടർ, ഹാന്റക്സ്

11. ശ്രീ. കെ. ജയ്കിഷൻ, മാനേജിംഗ് ഡയറക്ടർ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ

12. ശ്രീ. റ്റി. ഒ. ഗംഗാധരൻ, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹാന്റ്ലൂം & ടെക്സ്റ്റൈയിൽസ്

13. ശ്രീ. എം. മോഹൻദാസ്, സീനിയർ മാനേജർ കേരള ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ.

സമിതിയുടെ അഖിലേന്ത്യാ പഠന പര്യടന പരിപാടി 2018 നവംബർ 14 മുതൽ 21 വരെയുള്ള തീയതികളിൽ ഡൽഹി, ഹരിയാന, രാജസ്ഥാൻ, കർണാടക എന്നി സംസ്ഥാനങ്ങളെ ഉൾപ്പെടുത്തി പുനഃക്രമീകരിക്കുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തുകയും പ്രസ്തുത പ്രോഗ്രാമിൽ ഹരിയാനയിലെ മാരുതി സുസുകി കമ്പനിയുടെ ഫാക്ടറിയും രാജസ്ഥാനിലെ ഹാന്റിക്രാഫ്റ്റ് വില്ലേജുകളും കർണാടകയിലെ കുഡപ്പയിലുള്ള മൈനിംഗ് സെന്ററും പ്രധാനപ്പെട്ട വ്യവസായശാലകളും സന്ദർശിക്കുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച് ചട്ടം 235(A) പ്രകാരം ഓട്ടോകാസ്റ്റ് ലിമിറ്റഡ്, ചേർത്തലയുടെ പ്രവർത്തന അവലോകനവും ഭാവി നവീകരണവും എന്ന വിഷയത്തെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി.

ഓട്ടോകാസ്റ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ചരിത്ര പശ്ചാത്തലവും കമ്പനി നഷ്ടത്തിലായതിന്റെ കാരണങ്ങളും സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ വിശദീകരിച്ചു. സംസ്ഥാന സർക്കാർ വിവിധ ഇനം ഇരുമ്പുരുക്ക് കാസ്റ്റിംഗുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനായി ഉദ്ദേശിച്ചുകൊണ്ട് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായി 1984-ൽ ഓട്ടോകാസ്റ്റ് സ്ഥാപിക്കപ്പെട്ടു എന്നും 1989 മുതൽ ആരംഭിച്ച ഓട്ടോമാറ്റിക് ലൈൻ പൂർണ്ണമായും "ബ്രേക്ക്ഡൗൺ" അവസ്ഥയിൽ ആണെന്നും പ്രസ്തുത ലൈൻ മാറ്റി പുതിയ ഓട്ടോമാറ്റിക് ലൈൻ സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ പ്രൊപ്പോസൽ നല്കിയിട്ടുണ്ടെന്നും ആ പ്രൊപ്പോസൽ സാധ്യമായാൽ 5 Kg മുതൽ 100 Kg വരെയുള്ള കാസ്റ്റിംഗുകൾ ചെയ്യാൻ സാധിക്കുമെന്നും നിലവിലുള്ള സംവിധാനത്തിലൂടെ 70 മോൾഡാണ് ചെയ്യാൻ സാധിക്കുന്നതെന്നും എം.ഡി. സമിതിയെ അറിയിച്ചു.

ജർമ്മനിയിൽ നിന്നും ഇറക്കുമതി ചെയ്ത പൂർണ്ണമായും ഓട്ടോമാറ്റിക് കൺട്രോൾ മോൾഡിംഗ് മെഷീനാണ് ഇപ്പോഴുള്ളതെന്നും ആ കമ്പനിയുടെ സബ് ഡിവിഷനുകൾ നിർത്തലാക്കിയതിനെ തുടർന്ന് സ്പെയർ പാർട്ട്സുകൾ ലഭിക്കാൻ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യം നിലവിലുണ്ടെന്നും ഇപ്പോഴും ഓർഡറുകൾ ലഭിക്കുന്നത് തുടരുന്നുണ്ടെങ്കിലും ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും എം.ഡി. സമിതിയെ ബോധിപ്പിച്ചു.

പുതിയ മെഷീൻ മോൾഡിംഗ് ലൈൻ വരുമ്പോൾ അഡീഷണൽ ഇലക്ട്രിക്കൽ ലോഡും പുതിയ ബിൽഡിംഗും ആവശ്യമാണെന്നും അതിനായി 20 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഈ വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും തുടർച്ചയായ നഷ്ടംമൂലം 1992-ൽ BIFR-ന്റെ കീഴിൽ പീഡിത വ്യവസായമായി പ്രഖ്യാപിക്കപ്പെട്ടതാണെന്നും ഇതുവരെ ലാഭമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്നും എം.ഡി. അറിയിച്ചു.

കാസ്റ്റിംഗ് നിർമ്മാണം ഏറ്റവും സാധ്യതയുള്ള വ്യവസായമാണ് എന്നും 1984-ൽ സ്ഥാപിതമായ ഓട്ടോകാസ്റ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 1992-ൽ അടച്ചുപൂട്ടുകയാണ് ഉണ്ടായതെന്നും, ഇവിടെ മാർക്കറ്റ് ലഭ്യമല്ലാത്തതിനാൽ അതിലേക്ക് മുടക്കിയ മുതൽ ഉപയോഗശൂന്യമായെന്നും തുടർന്ന് BIFR-ന്റെകീഴിൽ പീഡിത വ്യവസായമായി പ്രഖ്യാപിക്കപ്പെട്ടെങ്കിലും ഗവൺമെന്റ് മുൻകയ്യെടുത്ത് വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണെന്നും നിലവിൽ റയിൽവേ, ബ്രഹ്മോസ്, ബി.ഇ.എം.എൽ. എന്നീ സ്ഥാപനങ്ങളിൽ നിന്നും കൂടാതെ ഐ.സി.എഫ്. തുടങ്ങിയ ചെറുകിട സ്ഥാപനങ്ങളിൽ നിന്നും പരമാവധി ഓർഡറുകൾ ശേഖരിച്ച് സ്ഥാപനത്തെ നിലനിർത്തിക്കൊണ്ട് പോവുകയാണ് ചെയ്യുന്നതെന്നും എം.ഡി. അറിയിക്കുകയുണ്ടായി.

കഴിഞ്ഞ ആറുമാസമായി കമ്പനിയുടെ നഷ്ടം കുറച്ചുകൊണ്ടുവരുകയാണെന്നും ട്രെയിനിന്റെ ബോഗിനിർമ്മാണത്തിനാവശ്യമായ കാസ്റ്റിംഗുകൾ ഉത്പാദിപ്പിച്ച് നൽകുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിരിക്കുകയാണെന്നും രണ്ട് ടെൻഡറുകൾ L1 ആയിട്ടുണ്ടെന്നും ഡെവലപ്മെന്റ് ഓർഡർ ലഭിക്കുന്നതിനായി RDSO (Research Design and Standard Organisation)ന്റെ അംഗീകാരത്തിനായുള്ള നടപടികൾ നടന്നുവരികയാണെന്നും എം.ഡി. അറിയിച്ചു.

ഈ സ്ഥാപനത്തെ മെച്ചപ്പെടുത്തുന്നതിനായി റിപ്പോർട്ട് സമർപ്പിക്കുവാൻ "റിയാബ്" നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, നിലവിലുള്ള 312 തൊഴിലാളികൾക്കും 87 ജീവനക്കാർക്കും ജോലി നൽകുന്ന എന്നതാണ് ഇപ്പോഴത്തെ സ്ഥിതിയെന്നും ഈ സ്ഥിതി തുടരാനാവില്ല,

എന്നതിനാൽ ഓട്ടോകാസ്റ്റിന്റെ ശോചനീയാവസ്ഥ മാറ്റുന്നതിനായി അറ്റകുറ്റപ്പണികൾ ചെയ്ത് നന്നാക്കിയെടുക്കണമെന്നും 2018-19 വർഷം അനുവദിച്ചിട്ടുള്ള 10 കോടി രൂപ ഫലപ്രദമായി ഉപയോഗിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

തുടർന്ന്, കൈത്തറിമേഖലയുടെ പ്രവർത്തന അവലോകനവും ഭാവിനവീകരണവും എന്ന വിഷയത്തെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചകളുടെ വിശദാംശം താഴെ ചേർക്കുന്നു:

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയെന്നും പ്രസ്തുത പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം അനുവദിച്ച തുക വിദ്യാഭ്യാസത്തിന്റെ പ്ലാൻ ശീർഷകത്തിലാണെന്നും ആയത് ലഭ്യമാക്കാൻ ധനകാര്യവകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും അനുമതി ലഭ്യമാക്കുന്നതിനും ആയത് ലഭ്യമാക്കിയില്ലെങ്കിൽ കൈത്തറി തൊഴിലാളികൾക്ക് യഥാസമയം കൂലി നൽകാൻ കഴിയില്ലെന്നും ഇതിനായി വ്യവസായ വകുപ്പിന്റെ കീഴിലുള്ള കൈത്തറി ഡയറക്ടറുടെ പ്രത്യേക ശീർഷകത്തിൽ തുക വകയിരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

ഗവൺമെന്റ് സ്കൂളുകളിൽ 1 മുതൽ 7 വരെ ക്ലാസ്സുകളിലും എയ്ഡഡ് സ്കൂളിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിലും പഠിക്കുന്ന കുട്ടികൾക്ക് പൂർണ്ണമായും കൈത്തറി യൂണിഫോം 2019-20 അദ്ധ്യയനവർഷം നൽകുവാനാണ് പ്ലാൻ ചെയ്തിരിക്കുന്നത്. ആയതിന് ഏകദേശം 43 ലക്ഷം മീറ്റർ തുണി 8.5 ലക്ഷം കുട്ടികൾക്ക് നൽകുകയും ബാക്കിവരുന്ന കുട്ടികൾക്ക് യൂണിഫോമിനുള്ള തുണിക്കുപകരം 600 രൂപയാണ് നൽകിവരുന്നതായുമാണ് മനസ്സിലാക്കുന്നതെന്നും ആയതിനാൽ കേരളത്തിലെ മുഴുവൻ കുട്ടികൾക്കും കൈത്തറി യൂണിഫോം നൽകാൻ ഒരു പദ്ധതി തയ്യാറാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകൾ ഇപ്പോൾ വലിയ പ്രതിസന്ധിയിലാണെന്നും നെയ്യാറ്റിൻകര, കോട്ടയം, കോഴിക്കോട്, വയനാട്, കേരളപുരം എന്നിവിടങ്ങളിലെ മില്ലുകളിൽ നിന്നും സ്കൂൾ കുട്ടികൾക്കുവേണ്ട മിൽത്തുണിയുണ്ടാക്കാൻ സാധിക്കുമെന്നും കോ-ഓപ്പറേറ്റീവ് സെക്ടറിലും ഗവൺമെന്റ് സെക്ടറിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മില്ലുകളിൽ പരമാവധി തുണി ഉല്പാദിപ്പിച്ചാൽ കേരളത്തിലെ മുഴുവൻ കുട്ടികൾക്കും

യൂണിഫോമിനുള്ള തുണി നൽകാൻ സാധിക്കുമെന്നും മില്ലുകളിൽ മിൽത്തുണിയും കൈത്തറിത്തുണിയും ഉല്പാദിപ്പിക്കുന്ന തരത്തിൽ നിലവിലുള്ള മില്ലുകൾ ക്രമപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് മിൽ തുണി ഇറക്കുമതി ചെയ്ത് ഇവിടത്തെ മാർക്കറ്റിൽ 20-30 ശതമാനം റിബേറ്റിൽ വിൽക്കുകയാണ് ചെയ്യുന്നതെന്നും എന്നാൽ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കൈത്തറിക്കോ ഖാദിക്കോ അർഹമായ റിബേറ്റ് ലഭിക്കുന്നില്ലായെന്നും ഇത്തരത്തിലുള്ള തെറ്റായ പ്രവണതകൾ മാറ്റി ഈ രംഗത്തെ മെച്ചപ്പെടുത്തിയെടുക്കണമെന്നും ആയതിനായി കേരളത്തിലെ മുഴുവൻ കുട്ടികൾക്കും കൊടുക്കേണ്ട സ്കൂൾ യൂണിഫോം ഇവിടുത്തെ പബ്ലിക് സെക്ടർ കമ്പനികളിൽ നിന്നും ഉല്പാദിപ്പിച്ച് കൊടുക്കുന്നതിന് വേണ്ടിവരുന്ന തുക ഗവൺമെന്റ്, സംസ്ഥാനത്തെ സ്ഥാപനങ്ങൾക്ക് നൽകിയാൽ ഇവിടെയുള്ള കൈത്തറിത്തൊഴിലാളികൾക്കും മിൽ തൊഴിലാളികൾക്കും പൂർണ്ണമായും തൊഴിൽ നൽകാൻ സാധിക്കുമെന്നും അതിനായുള്ള ഒരു പ്രോജക്ട് തയ്യാറാക്കി പ്രൊപ്പോസൽ സമർപ്പിക്കണമെന്നും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരോട് സമിതി നിർദ്ദേശിച്ചു.

സംസ്ഥാനത്തെ മില്ലുകളിലെല്ലാം പൊതുവായ ചില പ്രശ്നങ്ങളുണ്ടെന്നും ഗുണനിലവാരം നിർണ്ണയിക്കുന്നതിന് ഒരു കേന്ദ്രീകൃത ഏജൻസി ഇല്ലാത്തതിനാൽ ഒരേ ഗുണനിലവാരമുള്ള നൂലുല്പന്നങ്ങൾ പല വിലയ്ക്ക് വാങ്ങേണ്ടി വരുന്നുണ്ടെന്നും ഉത്പന്നങ്ങളുടെ ഉത്പാദനത്തിൽ ഏകീകരണമില്ലെന്നും തൊഴിലാളികളുടെ അഭാവവും കൈത്തറിമേഖലയിലെ മറ്റൊരു പ്രധാന പ്രശ്നമാണെന്നും മാർക്കറ്റിംഗിന്റെ അഭാവവും ഈ മേഖലയെ പ്രതിസന്ധിയിലാക്കുന്നുണ്ടെന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

എക്സിക്യൂട്ടീവ് ഓർഡറിലൂടെ ഒരു കേന്ദ്രീകൃത ഏജൻസിയെ നിയോഗിച്ച് അവരുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ചാൽ രണ്ടുകൊല്ലം കൊണ്ട് ഈ മേഖലയിൽ ഏകീകരണം വരുത്തുന്നതിനും നൂൽ വാങ്ങുന്നതിൽ ഏകീകൃതരീതി കൊണ്ടുവരുന്നതിനും തൊഴിലാളികളെ ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനും ശരിയായ ലാഭം നേടിയെടുക്കുന്നതിനും സാധിക്കുമെന്നും എന്നാൽ ഓരോ ഹാൻഡ്‌ലൂം സെക്ടറും ഡിസൈൻ ചെയ്തിരിക്കുന്നത് ഒരു സെൻട്രലൈസ്ഡ് ടെക്നിക്കൽ എക്സ്പെർട്ട് ഏജൻസിയാണെന്നും, അതിനാൽ പുതിയ ഏജൻസിയെ നിയോഗിക്കാതെ നിലവിലുള്ള ഏജൻസി നൽകുന്ന നിർദ്ദേശമനുസരിച്ച്

പ്രവർത്തിച്ചാൽ ഉല്പാദനത്തിലും മാർക്കറ്റിംഗിലും പ്രൊക്യൂർമെന്റിലും നേട്ടം കൈവരിക്കാൻ കഴിയുമെന്ന നിഗമനത്തിലാണ് വകുപ്പ് മുന്നോട്ട് പോകുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

റിബേറ്റ് ഇനത്തിൽ 10 കോടി രൂപ ധനകാര്യ വകുപ്പിൽ നിന്നും ലഭ്യമാക്കാനുണ്ടെന്നും ധനകാര്യ വകുപ്പിൽ നിന്നും ഫണ്ട് ലഭ്യമാകാതിരിക്കുന്നതുകൊണ്ട് സൊസൈറ്റികൾക്ക് റിബേറ്റ് നൽകിയിട്ടില്ലെന്നും തൊഴിലാളികൾക്ക് കൂലി ഇനത്തിൽ മൂന്ന് മാസത്തെ കുടിശ്ശിക നല്കാനുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു പ്രസ്തുത വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ചർച്ച നടത്തുന്നതാണെന്ന് സമിതി ചെയർമാൻ അറിയിച്ചു

കേരളത്തിലെ മുഴുവൻ കുട്ടികൾക്കും നൽകേണ്ട യൂണിഫോം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാനത്തുണ്ടാകുന്ന നൂൽ ഉപയോഗിച്ച് നിർമ്മിക്കാനും ഡൈയിംഗ് സെക്ഷനിൽ കേരളം വളരെ പിന്നിൽ ആയതിനാൽ തമിഴ്നാടിനെ ആശ്രയിക്കേണ്ടി വരുന്നുവെന്നും ആയത് ഒഴിവാക്കി ഡൈയിംഗ് മേഖല സ്വയംപര്യാപ്തത കൈവരിക്കാനുതകുന്ന തരത്തിലുള്ള പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള വിശദമായ റിപ്പോർട്ട് തയ്യാറാക്കി സമിതിയുടെ അടുത്ത യോഗത്തിൽ സമർപ്പിക്കണമെന്നും പ്രസ്തുത വകുപ്പുദ്യോഗസ്ഥരോട് സമിതി നിർദ്ദേശിക്കുകയുണ്ടായി.

തുടർന്നുള്ള ചർച്ചയിൽ വസ്തുങ്ങൾ ചായം മുക്കുന്നത് മലിനീകരണത്തിന് ഇടയാക്കുന്ന വ്യവസായമായതിനാൽ ആയത് ഇവിടെ നടപ്പാക്കാൻ ബുദ്ധിമുട്ടാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

I. <u>മൈൻസ് & മിനറൽസ് ആക്ട് 1957 പ്രകാരവും പ്രസ്തുത നിയമപ്രകാരം പുറപ്പെടുവിച്ച ചട്ടങ്ങൾ പ്രകാരവും ശിക്ഷാർഹമായ കുറ്റങ്ങൾക്കെതിരെ കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുന്നതിന് ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തുന്നതിന് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ കരട് സൂക്ഷ്മ പരിശോധന</u>

(ഫയൽ നമ്പർ 379/സബ്.സി.ബി2/2016/നി.സെ.)

മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ട് 1957 പ്രകാരം കോടതിയിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള അധികാരം മുമ്പ് ജിയോളജി വകുപ്പിന് മാത്രമായിരുന്നുവെന്നും പ്രസ്തുത എസ്.ആർ.ഒ.-യിൽ "Mining & Geology Department as a Single Authority" എന്ന ഭാഗം ഒഴിവാക്കണമെന്ന നിർദ്ദേശത്തോടെയാണ് നിയമസഭാ സമിതി സാധൂകരണം നൽകിയതെന്നും എസ്.ഐ. റാങ്കിലും അതിന് താഴെയുള്ള ഉദ്യോഗസ്ഥർക്കും അധികാരം ഉണ്ടായിരുന്ന സമയത്ത് എതിർ കക്ഷികൾക്ക്

അസുഖകരമായ അനുഭവങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ടെന്ന് വിലയിരുത്തുകയുണ്ടായിയെന്നും അതിനാൽ ഡിവൈ.എസ്.പി. റാങ്കിലും അതിന് മുകളിലുള്ള ഉദ്യോഗസ്ഥർക്കും കോടതി മുമ്പാകെ പരാതികൾ മാറ്റിക്കൊടുക്കണമെന്ന വിജിലൻസ് ഡയറക്ടറുടെ ശിപാർശ പ്രകാരവും കോടതി മുമ്പാകെ പരാതികൾ സമർപ്പിക്കുന്നതിനായി ജില്ലാ കളക്ടർമാരെയും ഡിവൈ.എസ്.പി. റാങ്കിലും അതിന് മുകളിലുള്ള പദവികൾ വഹിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെയും അധികാരപ്പെടുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

തുടർന്ന് പ്രസ്തുത വിജ്ഞാപനത്തിന്റെ കരട് ഭേദഗതികളില്ലാതെ സമിതി അംഗീകരിച്ചു

II. <u>വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ്</u>

(i) 2016-17 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് തുടർനടപടി സംബന്ധിച്ച് (ഫയൽ നമ്പർ 4576/ സബ്.സി.ബി2/2016/നി.സെ.) ഖണ്ഡിക നമ്പർ 56 അംഗീകരിച്ചു.

(ii) 2017-18 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (ഫയൽ നമ്പർ 1976/സബ്.സി.ബി1/2017/നി.സെ.) ഖണ്ഡിക 7 മുതൽ 14 വരെ സമിതി അംഗീകരിച്ചു.

## 2013-14-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച് നടത്തിയ ചർച്ച

2013-14 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് 28 വ്യവസായ സ്ഥാപനങ്ങൾ മാത്രമാണ് നൽകിയിട്ടുള്ളതെന്നും ആയതിനാൽ മറ്റുള്ള സ്ഥാപനങ്ങൾ അടിയന്തരമായി റിപ്പോർട്ട് നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു

പ്രസ്തുത വിഷയം സംബന്ധിച്ച് ചീഫ് സെക്രട്ടറി തലത്തിൽ യോഗങ്ങൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട്സും ആനുവൽ റിപ്പോർട്ടും കുടിശ്ശികയുള്ള കമ്പനികൾക്ക് സർക്കാർ പ്ലാൻ ഫണ്ട് കൊടുക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

തുടർന്ന് റിപ്പോർട്ട് സമർപ്പിക്കാനുള്ള കാലതാമസത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് എതിരെ നടപടി സ്വീകരിക്കേണ്ടതാണ് വേണ്ടതെന്നും ഫണ്ട് നൽകണ്ട എന്നുള്ള തീരുമാനം ശരിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു

ഇക്കാര്യങ്ങളിലെല്ലാം ശക്തമായ ഇടപെടലുകൾ ഗവൺമെന്റ് നടത്തുമെന്നും അഴിമതിയും കാലതാമസവും അനുവദിക്കില്ലെന്നും അതിനായി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ആവശ്യമായ ഇടപെടലുകൾ എല്ലാവർക്കും കൂട്ടായി ചേർന്ന് നടത്താമെന്നും സമിതി ചെയർമാൻ അറിയിക്കുകയുണ്ടായി.

യോഗം ഉച്ചയ്ക്കുശേഷം 1 മണിക്ക് അവസാനിച്ചു.

## 2018 നവംബർ 29-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2018 നവംബർ 29-ാം തീയതി വ്യാഴാഴ്ച രാവിലെ 9.30 മണിക്ക് (നിയമസഭാ സമ്മേളനത്തിനുശേഷം) നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ആന്റണി ജോൺ, എം.എൽ.എ.
2. പ്രൊഫ. കെ. യു. അരുണൻ, എം.എൽ.എ.
3. ശ്രീ. സി. ദിവാകരൻ, എം.എൽ.എ.
4. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, എം.എൽ.എ.
5. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. സഞ്ജയ് എം. കൗൾ, സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീ. സന്തോഷ് കോശി തോമസ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
3. ശ്രീ. കെ. എ. സന്തോഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര
4. ശ്രീ. ജെയ്കിഷൻ കെ., മാനേജിംഗ് ഡയറക്ടർ, കാഡ്കോ (I/C)
5. ശ്രീമതി എസ്. ബിന്നി, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

സമിതി കാര്യവിവരപ്പട്ടിക പ്രകാരമുള്ള വിഷയങ്ങൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

I. <u>ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) എന്നീ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന പ്രത്യേക റിപ്പോർട്ടിന്റെ കരട് പരിഗണന (നമ്പർ 3918/സബ്.സി.ബി2/2018/നി.സെ.)</u>

ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിനെ സംബന്ധിക്കുന്ന ശിപാർശകൾ ഭേദഗതി കൂടാതെ അംഗീകരിക്കുകയും കാഡ്കോയെ സംബന്ധിക്കുന്ന ശിപാർശകളിൽ 1 മുതൽ 4 വരെയുള്ളവ ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്യുകയുണ്ടായി. ശിപാർശ 5-ൽ പറയുന്ന ' Training for Appraisers in Gold' എന്ന പദ്ധതി വികസിപ്പിച്ച് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ സ്വർണ്ണത്തിന്റെയും അതുപോലുള്ള ധാതുക്കളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിന് പരിശീലനം നല്കുന്ന ഒരു ഇൻസ്റ്റിറ്റ്യൂട്ട് കാഡ്കോയുടെ കീഴിൽ തുടങ്ങുന്നത് പ്രയോജന പ്രദമായിരിക്കുമെന്നും പ്രസ്തുത സ്ഥാപനത്തിൽ Gold appraisers-ന് പരിശീലനം നല്കാനുള്ള ട്രെയിനേഴ്സിനെ നിയമിക്കുകയും നിശ്ചിത കാലയളവിലുള്ള കോഴ്സ് നടത്തി സർട്ടിഫിക്കറ്റ് നല്കുകയും ദേശസാത്കൃത ബാങ്കുകൾ, കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവിടങ്ങളിൽ അപ്രൈസർമാരെ നിയമിക്കുമ്പോൾ പ്രസ്തുത സർട്ടിഫിക്കറ്റുള്ളവരെ യോഗ്യരായി പരിഗണിക്കുകയും ചെയ്താൽ കുറച്ചു കൂടി ഗുണകരമാകുമെന്നും അഭിപ്രായപ്പെട്ട സമിതി, മേൽ അഭിപ്രായം കൂടി ഉൾപ്പെടുത്തി പ്രസ്തുത ശുപാർശ (നമ്പർ 5) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

"സ്വർണ്ണ തൊഴിലാളികൾക്കായി TAG (Training for Appraisers in Gold) എന്ന പരിശീലന പരിപാടി കാഡ്കോ ആവിഷ്കരിച്ചിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതി വികസിപ്പിച്ച് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ സ്വർണ്ണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനായി ആധുനിക രീതിയിലുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ കാഡ്കോയുടെ കീഴിൽ ഒരു Gold Appraisers Training Institute സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിൽ അപ്രൈസർ (Appraiser)-മാരെ നിയമിക്കുമ്പോൾ കാഡ്കോയുടെ പരിശീലനം ലഭിച്ച സ്വർണ്ണപ്പണിക്കാരെ (Goldsmiths) പരിഗണിക്കുന്നതിന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാങ്കുകൾക്ക് നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു".

ശിപാർശ നമ്പർ 6 ഭേദഗതി കൂടാതെ അംഗീകരിക്കുകയും കൂടാതെ സംസ്ഥാനത്ത് സുലഭമായ തെങ്ങിൻ തടികൾ ഉപയോഗിച്ചുകൊണ്ടുള്ള ഫർണിച്ചർ നിർമ്മാണം പ്രോത്സാഹിപ്പിക്കുവാനും അതിലൂടെ മരപ്പണിക്കാർക്ക് കൂടുതൽ തൊഴിൽ ലഭ്യമാക്കുന്നതിന് കാഡ്കോയ്ക്കു കഴിയുമെന്നും അതിനനുയോജ്യമായി ഒരു പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കണമെന്നും റബ്ബർ തടികളെ അടിസ്ഥാനപ്പെടുത്തിയുള്ള ഫർണിച്ചർ കേരളത്തിൽ ഉത്പാദിപ്പിക്കുന്നതുപോലെ തെങ്ങിൻ തടി കൊണ്ടുള്ള ഫർണിച്ചർ ആകർഷകമായ രീതിയിൽ ഉല്പാദിപ്പിക്കണമെന്ന കാര്യം കൂടി ടി ശിപാർശയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

തുടർന്ന് ശിപാർശ നമ്പർ 7,8,9 എന്നിവ ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു

വനത്തിൽ വീഴുന്ന മരങ്ങൾ നശിച്ചുപോകാതെ വനം വകുപ്പ് അത് കാഡ്കോയ്ക്ക് ലഭ്യമാക്കുന്നതിനും അവ ഉപയോഗിച്ച് ഫർണിച്ചർ നിർമ്മാണം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഈ നിർദ്ദേശം കൂടി പ്രസ്തുത ശിപാർശയിൽ ഉൾപ്പെടുത്തുന്നതിനും സമിതി തീരുമാനിച്ചു. ആയതിൻപ്രകാരം താഴെപ്പറയുന്ന രണ്ട് ശിപാർശകൾ കൂടി പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന ഭേദഗതിയോടെ കരട് റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(i) "സംസ്ഥാനത്ത് സുലഭമായ തെങ്ങിൻ തടിയുടെ ലഭ്യത പ്രയോജനപ്പെടുത്തി സംസ്കരിച്ച തെങ്ങിൻ തടി ഉപയോഗിച്ചുകൊണ്ടുള്ള ഫർണിച്ചർ നിർമ്മാണവും മറ്റ് അലങ്കാര പണികളും പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി മരപ്പണിക്കാർക്കുള്ള തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും സഹായകരമായ ഒരു പദ്ധതി ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു".

(ii) "വനത്തിൽ വീണ് നശിക്കുന്ന തടികൾ വനം വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനും അവ ഉപയോഗിച്ച് ഫർണിച്ചർ നിർമ്മാണം നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു".

II. <u>പാലക്കാട് കിൻഫ്ര മെഗാ ഫുഡ് പാർക്കിന്റെ കൈവശമുള്ള സ്ഥലം വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ടും പ്രസ്തുത പ്രദേശത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിച്ചുകൊണ്ടും പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 502/2018</u>

(ഫയൽ നമ്പർ 4805/സബ്.സി.ബി2/2018/നി.സെ.)

വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലൈസൻസും സർട്ടിഫിക്കറ്റുകളും സമയബന്ധിതമായി ലഭിക്കുന്നതിനും ടി വിഷയത്തിന്റെ

അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത പ്രദേശത്തെ വ്യവസായ പ്രദേശമായും പ്രസ്തുത മേഖലയ്ക്കായി ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുന്നതിനുമായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടെന്നും കിൻഫ്ര മെഗാഫുഡ് പാർക്ക് 2019 മാർച്ച് മാസത്തോടെ പൂർത്തിയാകുമെന്നും നിലവിൽ ഇത് സംബന്ധിച്ച് 15 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിന്റെ ഓക്ഷൻ (Auction) സമയത്ത് ഏകജാലക ക്ലിയറൻസ് ബോർഡ് അത്യാവശ്യമായി വരുന്നതാണെന്നും കിൻഫ്ര മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്ന് എസ്.ആർ.ഒ. നമ്പർ 502/2018 സമിതി അംഗീകരിച്ചു.

പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ഐ.ടി. വകുപ്പിന്റെ കീഴിലുള്ള സൈബർ പാർക്ക് ഉൾപ്പെട്ട ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശം യോഗത്തിൽ ഉയരുകയും ഇക്കാര്യം ഐ.ടി. വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനിക്കണമെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

## 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് രണ്ടാമത് റിപ്പോർട്ട്

III. <u>2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് തുടർ നടപടി സംബന്ധിച്ച് (നമ്പർ 1976/സബ്.സി.ബി2/27/നി.സെ.)</u>

2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡികകൾ 1, 3, 4, 6, 25 മുതൽ 28 വരെ എന്നിവ സമിതി അംഗീകരിച്ചു.

സമിതിയോഗം 10.30-ന് അവസാനിച്ചു.

## 19-2-2019-ലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV, 2019 ഫെബ്രുവരി 19-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ ബഹു. സമിതി ചെയർമാനും വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. പി. ജയരാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രിയുമായ ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു:

1. ശ്രീ. സി. ദിവാകരൻ, എം.എൽ.എ.
2. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.
3. ശ്രീ. എൻ. വിജയൻപിള്ള, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എ. കെ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. ഷർമ്മിള മേരി ജോസഫ്, സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീ. കൃഷ്ണകുമാർ റ്റി. വി., സെക്രട്ടറി, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്
3. ശ്രീ. ബിജു കെ., ഡയറക്ടർ, വ്യവസായ-വാണിജ്യ വകുപ്പ്
4. ശ്രീ. ബി. എസ്. ബിജു ഭാസ്കർ, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
5. ശ്രീമതി യമുന വി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. സുധീർ കെ., ഡയറക്ടർ, കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ്
8. ശ്രീ. വി. വി. അജയകുമാർ, ഡയറക്ടർ, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്
9. ശ്രീ. അനിൽകുമാർ കെ. എസ്., മാനേജിംഗ് ഡയറക്ടർ, ഹാന്റെക്സ്
10. ശ്രീ. ജി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കയർ കോർപ്പറേഷൻ ലിമിറ്റഡ്
11. ശ്രീ. അനിൽ കെ. ആർ., ഡയറക്ടർ, നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്
12. ശ്രീ. സി. സുരേഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, കയർഫെഡ്
13. ശ്രീ. പി. വി. ശശീന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി
14. ശ്രീ. കെ. എസ്. പ്രദീപ് കുമാർ, അഡീഷണൽ ഡയറക്ടർ, വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ്
15. ശ്രീ. ശ്രീധന്യൻ എൻ., എക്സിക്യൂട്ടീവ് ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി
16. ശ്രീ. ശിവദാസൻ ഇ. കെ., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
17 ശ്രീ. കെ. വി. സുരേഷ്, ഡെപ്യൂട്ടി ഡയറക്ടർ, വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ്.

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXXVII-ന്റെ പരിധിയിൽ വരുന്ന 2851—ഗ്രാമ ചെറുകിട വ്യവസായങ്ങൾ, 2851-00-105—ഖാദി ഗ്രാമവ്യവസായങ്ങൾ, 4851—ഗ്രാമ ചെറുകിട വ്യവസായ ങ്ങൾക്കുള്ള മൂലധന ചെലവ്, 6851—ഗ്രാമ ചെറുകിട വ്യവസായങ്ങൾക്കുള്ള വായ്പകൾ എന്നീ ശീർഷകങ്ങളിലെ വിവിധ കണക്കിനങ്ങൾ സംബന്ധിച്ച കുറിപ്പുകൾ സമിതി സൂക്ഷ്മമായി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## 2851-00-102-39—<u>വിവിധോദ്ദേശ വിപണന സാധ്യതാ കേന്ദ്രങ്ങൾ</u>

കരകൗശല വ്യവസായങ്ങൾ, കൈത്തറി, കയർ തുടങ്ങിയ പരമ്പരാഗത ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും പി.പി.പി. മാതൃകയിൽ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ സ്ഥാപിച്ച് കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് അവരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കാനും അസംഘടിതരും സാധാരണക്കാരുമായ ഗ്രാമീണ തൊഴിലാളികൾക്ക് തൊഴിൽ നല്കുവാനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കി. പ്രസ്തുത വിപണന കേന്ദ്രത്തിന്റെ നിർമ്മാണം 2018-19 സാമ്പത്തികവർഷം ആലപ്പുഴ ജില്ലയിൽ ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുന്നതിനായി നിലവിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള 1 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷക ത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 9 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

## 2851-00-001-93—<u>കപ്പാസിറ്റി ബിൽഡിംഗ്/ഊർജ്ജിത വ്യവസായവൽക്കരണ പരിപാടി</u>

സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ബ്ലോക്ക്, താലൂക്ക്, ജില്ലാതലങ്ങളിൽ സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായ സംരംഭക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കി. പ്രസ്തുത പദ്ധതിക്കായി മേൽ ശീർഷകത്തിൽ 2 കോടി രൂപകൂടി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2851-00-105-66(03)—ഖാദിബോർഡ് കമ്പ്യൂട്ടർവൽക്കരിക്കൽ

ഖാദിബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നത് ലക്ഷ്യമിട്ട് കമ്പ്യൂട്ടർവൽക്കരണ പ്രക്രിയയുടെ ഭാഗമായി ഖാദി ബോർഡിനും ജില്ലാ ഓഫീസുകൾക്കും ആവശ്യമായ കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുക, ഇ-ഫയൽ, ഫയലുകളുടെ ട്രാക്കിംഗ്, ഓൺലൈൻ നിരീക്ഷണ സംവിധാനം എന്നിവ ഏർപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 20,000 രൂപകൂടി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-105-66 (04)—തേനീച്ച വളർത്തൽ വ്യവസായ വികസനം

തേനീച്ച കർഷകർക്ക് ആവശ്യമായ പരിശീലനം നൽകുക, തേനീച്ചയോടുകൂടിയ മേൽത്തരം തേനീച്ചപ്പെട്ടികൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക, എറണാകുളം, കോഴിക്കോട് ജില്ലകളിൽ തേൻ സംസ്കരണ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ആധുനികവൽക്കരണം, ആലപ്പുഴ ജില്ലയിൽ തേനീച്ച നഴ്സറി പരിശീലനകേന്ദ്രം ആരംഭിക്കൽ എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് സമിതി മനസ്സിലാക്കി. പ്രസ്തുത പദ്ധതിക്കായി 2019-2020 സാമ്പത്തികവർഷം ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 65,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-105-87—ഖാദിബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ഖാദി ഗ്രാമവ്യവസായ ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി ഇടുക്കി, കോഴിക്കോട് ജില്ലകളിലെ വിപണന കേന്ദ്രങ്ങളുടെ നവീകരണത്തിനും, കോട്ടയം ജില്ലയിലെ കോടിമതയിലെ മാർക്കറ്റിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനുമായും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.5 കോടി രൂപകൂടി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-105-85—പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിക്ക് (PMEGP) അനുസൃതമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും പുതിയ ഖാദിഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ വേണ്ട ധനസഹായം (മാർജിൻ മണി/സബ്സിഡി) നൽകുവാനും ഈ മേഖലയിൽ പുതിയ

തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കി. വ്യവസ്ഥകൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിന്റെ പരമാവധി 40 ശതമാനം തുക സംസ്ഥാന സർക്കാർ മാർജിൻ മണിയായി നൽകുന്നതാണെന്നും ആകെ പദ്ധതി ചെലവിന്റെ 90-95 ശതമാനം വരെ തുക ബാങ്ക് വായ്പയും 5-10 ശതമാനം വരെ തുക ഗുണഭോക്തൃവിഹിതവും ആയിരിക്കണമെന്നും ആയതിനാൽ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം എന്നിവയും ഖാദിഗ്രാമ വ്യവസായ ബോർഡ് നൽകുന്നുണ്ടെന്നും സമിതി മനസ്സിലാക്കി. പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5.25 ലക്ഷം രൂപ കൂടി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-105-73—<u>ഖാദി നെയ്ത്തുകാർക്കുള്ള ഉൽപ്പാദന/ഉത്സവകാല ഇൻസെന്റീവ്</u>

നെയ്ത്തുകാർക്ക് 180 പൈസ നിരക്കിലും നൂൽപ്പുകാർക്ക് 60 പൈസ നിരക്കിലും ഉത്പാദന പ്രോത്സാഹനം നൽകുന്നതിനും ഉത്സവകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാലബത്ത നൽകുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതി പ്രകാരം, കേരളത്തിലെ ഖാദി സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയിൽ പണിയെടുക്കുന്ന 13600-ഓളം ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഉത്സവകാല ഇൻസെന്റീവ് വിതരണം ചെയ്യേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ ഖാദി ബോർഡിന്റെ പ്രവർത്തനം ഇപ്പോൾ പരിതാപകരമായ അവസ്ഥയിലാണെന്നും തൊഴിലാളികൾക്ക് വേതനം നല്കുന്നതിനോ, ആവശ്യമായ നൂൽ വാങ്ങുന്നതിനോ പോലും പണമില്ലാത്ത സാഹചര്യമാണുള്ളതെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ 2019-2020 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപകൂടി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-105-72—<u>വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ നടപ്പിലാക്കലും, ശക്തിപ്പെടുത്തലും</u>

വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പുതുതായി ഹാന്റ് മെയ്ഡ് പേപ്പർ യൂണിറ്റുകൾ, പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ, നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.509 കോടി രൂപകൂടി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-105-71—<u>വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ നടപ്പിലാക്കലും, ശക്തിപ്പെടുത്തലും</u>

ഖാദി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം, പഴയവയുടെ പുനരുദ്ധാരണം, അടിസ്ഥാന സൗകര്യവികസനം, നെയ്ത്ത് പരിശീലനം നല്കുക, പൈതൃകത്തെ ബാധിക്കാത്ത രീതിയിലുള്ള ആധുനികവത്ക്കരണം എന്നിവ ലക്ഷ്യമിടുന്ന പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപകൂടി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-105-99-31—<u>കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്-ഭരണപരമായ ചെലവുകൾ-സഹായധനം-ശമ്പളം</u>

ഖാദി ഗ്രാമ വ്യവസായ ബോർഡിലെ ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള പരിഷ്കരണം, പെൻഷൻ പരിഷ്കരണം എന്നിവയുമായി ബന്ധപ്പെട്ട് ജീവനക്കാർക്കും പെൻഷൻകാർക്കും കുടിശ്ശിക ഇനത്തിൽ നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ 107.9272 കോടി രൂപ കൂടി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-105-96-33—<u>കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദിയുടെ ചില്ലറ വില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ്</u>

ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ എല്ലാ വർഷവും വിവിധ സ്പെല്ലുകളിലായി നോർമൽ റിബേറ്റിന് പുറമേ ഉത്സവകാലങ്ങളിൽ 10% അധിക റിബേറ്റ് ഖാദി ചില്ലറ വില്പനയ്ക്ക് നൽകി വരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. 2019-2020 സാമ്പത്തിക വർഷം റിബേറ്റിനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4860-01-195-92—<u>ടെക്സ്ഫെഡിന്റെ അധീനതയിലുള്ള പവർലും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ നവീകരണം</u>

സർക്കാർ ആശുപത്രികൾക്കാവശ്യമായ കോട്ടൺ ബാൻഡേജ്, വകുപ്പുകളിൽ ആവശ്യമായ യൂണിഫോം എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ

വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ മേൽ ശീർഷകത്തിൽ 1.2 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-103-95—<u>കൈത്തറിത്തുണി വില്പനയിലെ റിബേറ്റ്</u>

കൈത്തറി തുണികൾക്ക് വില്പനയുടെ 20-30% വരെ സർക്കാർ കിഴിവ് (റിബേറ്റ്) നൽകുന്നതിലൂടെ നിലവിൽ 25 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്നും ഈ കുടിശ്ശിക നൽകി റിബേറ്റ് കാലോചിതമാക്കുന്നതിന് 2019-2020 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ മേൽ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-103-74—<u>പരിശീലനവും വികസനവും</u>

കൈത്തറിയുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ അംഗീകരിച്ച കോഴ്സുകൾ, കണ്ണൂരിൽ സ്ഥിതിചെയ്യുന്ന കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം എന്ന സ്ഥാപനത്തിൽ നടത്തണമെന്ന ലക്ഷ്യത്തോടെയുള്ളതാണ് ഈ പദ്ധതി എന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥി കളിൽ ഭൂരിഭാഗവും നെയ്ത്തുകാരുടെയും സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ഉള്ളവരുടെ മക്കളുമായതിനാൽ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്, സ്ഥാപനത്തിന്റെ ഭരണച്ചെലവിന്റെ ഒരംശം എന്നിവ സർക്കാർ വഹിച്ചുവരുന്നു. ആയതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 1.7 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4851-00-195-95—<u>കൈത്തറി അപ്പക്സ് സംഘം നിക്ഷേപങ്ങൾ (ഹാന്റക്സ്)</u>

അയ്യായിരത്തിലേറെ വരുന്ന കൈത്തറി നെയ്ത്തുകാരെ വ്യക്തമായ പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളെ കൂടി സംയോജിപ്പിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കൈത്തറി സുരക്ഷാ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട നെയ്ത്തുകാരെ ഉൾപ്പെടുത്തി മാർക്കറ്റിൽ ഡിമാന്റുള്ള ഉത്പന്നങ്ങൾ ഉല്പാദിപ്പിച്ച് ഹാന്റക്സ് മുഖാന്തിരം വിപണനം നടത്തുവാൻ ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിന് മൂന്ന് മാസത്തേയ്ക്കുള്ള ഉല്പാദനച്ചെലവ്, വില്പന ശാലാ നവീകരണം, കമ്പ്യൂട്ടറൈസേഷൻ

എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5.8 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-103-64—വിപണന കയറ്റുമതി ഉന്നമന പദ്ധതി

കയറ്റുമതി പ്രോത്സാഹന ധനസഹായം, കൈത്തറി ഉല്പന്നങ്ങളുടെ ബ്രാൻഡിംഗ്, നെയ്ത്തുകാരുടെ അവാർഡ്/വീവേഴ്സ് ഫെസ്റ്റ് എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4851-00-190-99—കേരള കൈത്തറി വികസന കോർപ്പറേഷൻ നിക്ഷേപങ്ങൾ (ഹാന്റ്‌വീവ്)

2019-2020 സാമ്പത്തികവർഷം നെയ്ത്ത് പരിശീലനം നൽകിയ 2000 പേരെ നെയ്ത്തുകാരായി കണക്കാക്കി പുതിയ തറികൾ വിതരണം ചെയ്ത് ഉല്പാദനം നടത്തി ഹാന്റ്‌വീവിനെ ലാഭത്തിലാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്ത മാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 4.118 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-103-38—നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി

ഒരു ദിവസം നിശ്ചിത അളവിൽ അധികമായി ജോലി ചെയ്യുന്ന കൈത്തറി തൊഴിലാളികൾക്ക് നൽകിവരുന്ന ഒരു പ്രോത്സാഹന പദ്ധതിയാണ് ഇതെന്നും പ്രതിദിനം സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർക്ക്/നൂൽ ചുറ്റുന്നവർക്ക് ഓരോ അധിക മീറ്ററിനും ഇരട്ടി വേതനം, പരമാവധി 1,000 രൂപ വരെ പ്രതിവാരം ധനസഹായം ലഭിക്കുമെന്നും, സ്കൂൾ യൂണിഫോം പദ്ധതിയും മറ്റ് പുതിയ പദ്ധതികളും കാരണം നെയ്ത്തുകാർ കൂടുതലായി ഈ മേഖലയിലേയ്ക്ക് വരികയും തന്മൂലം ഉല്പാദനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം കൂടുതൽ തുക ആവശ്യമായി വരുന്ന പശ്ചാത്തലത്തിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കയർ വ്യവസായങ്ങൾ സംബന്ധിച്ച കണക്കിനങ്ങളുടെ പരിശോധന സമിതിയുടെ 27-2-2019-ാം തീയതിയിലേയ്ക്ക് മാറ്റി വയ്ക്കുന്നതിന് സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 3.10-ന് അവസാനിച്ചു.

## 2019 ഫെബ്രുവരി 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2019 ഫെബ്രുവരി 27-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ ബഹു. സമിതി ചെയർമാനും വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. പി. ജയരാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയുമായ ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു:

1. ശ്രീ. സി. ദിവാകരൻ, എം.എൽ.എ.
2. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.
3. ശ്രീ. എൻ. വിജയൻപിള്ള, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എ. കെ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. കെ. ഇളങ്കോവൻ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ഡോ. ഷർമ്മിള മേരി ജോസഫ്, സെക്രട്ടറി, വ്യവസായ വകുപ്പ്
3. ശ്രീ. കെ. ജി. വിജയകുമാരൻ നായർ, സെക്രട്ടറി, റിയാബ്
4. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, കയർ വികസന വകുപ്പ്
5. ശ്രീ. ബിജു കെ., ഡയറക്ടർ, വ്യവസായ-വാണിജ്യ വകുപ്പ്
6. ശ്രീമതി യമുന വി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. കെ. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്

8. ശ്രീ. ബി. എസ്. ബിജു ഭാസ്കർ, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്

9. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്

10. ശ്രീ. പി. ശ്രീകുമാർ, ഡയറക്ടർ, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്

11. ഡോ. എസ്. രത്നകുമാർ, മാനേജിംഗ് ഡയറക്ടർ, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്

12. ശ്രീമതി ഹേമലത റ്റി.ആർ., മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ

13. ശ്രീ. രാജേഷ് രാമകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ്

14. ഡോ. ഫെബി വർഗ്ഗീസ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്

15. ശ്രീ. രാജേഷ് ആർ., മാനേജിംഗ് ഡയറക്ടർ, കാപ്പെക്സ്

16. കേണൽ ഷാജി വർഗ്ഗീസ്, മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ)

17. ശ്രീ. ഷാജഹാൻ എ., മാനേജിംഗ് ഡയറക്ടർ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്

18. ശ്രീ. പ്രസാദ് ബി., മാനേജിംഗ് ഡയറക്ടർ, ട്രാൻസ്ഫോമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്

19. ശ്രീ. സന്തോഷ് കോശി, മാനേജിംഗ് ഡയറക്ടർ, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

20. ശ്രീ. ജയ്കിഷൻ കെ., മാനേജിംഗ് ഡയറക്ടർ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

21. ശ്രീ. അശോക് ആർ., മാനേജിംഗ് ഡയറക്ടർ, കെൽപാം

22. ശ്രീ. കെ. ബി. ജയകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ) ആന്റ് കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

23. ശ്രീ. ജോർജ് നൈനാൻ, മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

24. ശ്രീ. എൻ. കെ. മനോജ്, മാനേജിംഗ് ഡയറക്ടർ, കേരള കരകൗശല വികസന കോർപ്പറേഷൻ

25. ശ്രീ. എസ്. അശോക് കുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ക്ലെയ്സ് & സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്

26. ശ്രീമതി ശ്യാമള, മാനേജിംഗ് ഡയറക്ടർ, ആട്ടോകാസ്റ്റ് ലിമിറ്റഡ് & കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്

27. ശ്രീ. എ. എം. അബ്ദുൾ റഷീദ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്

28. ശ്രീ. റ്റി. എ. ഹരോൾഡ് നിക്കോൾസൺ, മാനേജിംഗ് ഡയറക്ടർ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്

29. ശ്രീ. സതീഷ്കുമാർ പി., മാനേജിംഗ് ഡയറക്ടർ, കേരള സിറാമിക്സ് ലിമിറ്റഡ്.

2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XXXVII-ൽ ഉൾപ്പെടുന്ന വ്യവസായങ്ങളുമായി ബന്ധപ്പെട്ട കണക്കിനങ്ങൾ സംബന്ധിച്ച കുറിപ്പുകൾ പരിശോധിക്കുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

2853-02-001-97—<u>ഇ-ഗവേണൻസ് പദ്ധതി-നടപ്പാക്കൽ</u>

സുതാര്യവും കാര്യക്ഷമവുമായ ധാതു പരിപാലനത്തിനായി കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (KOMPAS) എന്ന പദ്ധതിയിലൂടെ മൈനിംഗ് & ജിയോളജി വകുപ്പ് നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പദ്ധതി പ്രകാരമുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം, ഹാർഡ്‌വെയർ, സെക്യൂരിറ്റി ആഡിറ്റ് എന്നിവയുടെ ചെലവ്, ഓൺലൈനായി മിനറൽ ട്രാൻസിറ്റ് പാസ്സുകൾ അനുവദിക്കുക, ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുക കൂടാതെ കോടതി കേസുകൾ, അപ്പീൽ പെറ്റീഷനുകൾ, അനധികൃത ഖനനം തുടങ്ങിയവ സംബന്ധിച്ച നടപടികളുടെ കമ്പ്യൂട്ടറൈസേഷൻ, വകുപ്പ് ആസ്ഥാനത്ത് പൂർണ്ണമായി കമ്പ്യൂട്ടറൈസേഷൻ (ഇ-ഓഫീസ്) എന്നിവയുടെ ചെലവുകൾക്കായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 27 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2852-80-003-99—<u>കാര്യാന്വേഷണ വികസന കേന്ദ്രം</u>

സെന്റർ ഫോർ മാനേജ്മെന്റിന്റെ കീഴിൽ കാര്യാന്വേഷണ വികസന കേന്ദ്രത്തിനായി പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.75 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

4860-60-190-94—<u>കെ.എസ്.സി.ഡി.സി.യുടെ കീഴിലുള്ള ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവത്ക്കരണവും</u>

2852-08-600-82—<u>കശുവണ്ടി വികസന കോർപ്പറേഷൻ-ബ്രാൻഡ് പ്രൊമോഷൻ (കെ.എസ്.സി.ഡി.സി.)</u>

2018 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക തീർക്കുന്നതിനായി 54.98 കോടി രൂപ, 2014 ജൂൺ മുതൽ 2016 ജൂലൈ വരെ ഇ.പി.എഫ്. കുടിശ്ശിക തീർക്കുന്നതിനായി 4.78 കോടി രൂപ, 20 ഫാക്ടറികൾ വിലയ്ക്ക് വാങ്ങുന്നതിലേയ്ക്കായി 62.05 കോടി രൂപ കെ.ജി.എസ്.റ്റി. 2016-ലെ ആംനെസ്റ്റി സ്കീമിൽ 1970 മുതലുള്ള കുടിശ്ശിക തീർക്കുന്നതിനായി 15.99 കോടി രൂപ, 2019-20 സാമ്പത്തികവർഷം പ്രവർത്തന മൂലധനമായി 100 കോടി രൂപ എന്നിവ ചേർത്ത് ആകെ 237.80 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ മേൽശീർഷകങ്ങളിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

എല്ലാ വ്യവസായ സ്ഥാപനങ്ങളുടെയും പ്രധാനപ്പെട്ട സാമ്പത്തിക സ്രോതസ്സ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പയാണെന്നിരിക്കെ അത്തരത്തിൽ ഫണ്ട് സ്വരൂപിക്കാതെ ബഡ്ജറ്റ് വിഹിതം മാത്രം വിനിയോഗിച്ച് കാപ്പെക്സിനും കശുവണ്ടി വികസന കോർപ്പറേഷനും അതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കില്ലെന്ന് വിലയിരുത്തിയ സമിതി ഓരോ സ്ഥാപനത്തിന്റെയും ഫിനാൻഷ്യൽ മാനേജ്മെന്റ് കർശനമാക്കണമെന്ന് അഭിപ്രായപ്പെട്ടു. സ്വന്തം വിശ്വാസതയിൽ ബാങ്ക് വായ്പ ലഭ്യമാക്കി പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ശേഷി സ്ഥാപനങ്ങൾ ആർജ്ജിക്കുകയാണ് വേണ്ടതെന്നും, ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് എന്ന നിലയിൽ ഇടപെടാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്നും കൂടാതെ നിരുത്തരവാദപരമായ പ്രവർത്തനങ്ങളിലൂടെ നഷ്ടം വരുത്തിയശേഷം അധിക തുക ആവശ്യപ്പെടുന്ന വ്യവസായ സ്ഥാപനങ്ങളോട് ഗൗരവപൂർവ്വമായ സമീപനം സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

. കേരളത്തിലെ പരമ്പരാഗത വ്യവസായമെന്ന നിലയിൽ കശുവണ്ടി വ്യവസായത്തിന് അന്താരാഷ്ട്ര വിപണി പോലും കീഴടക്കാൻ സാധിക്കുമെന്നതിനാൽ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഇപ്പോഴത്തെ പ്രവർത്തനം മെച്ചപ്പെടുത്താൻ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെ ശ്രദ്ധ പതിയേണ്ടത് ആവശ്യമാണെന്നും സമിതി വിലയിരുത്തി.

4851-00-195-99—<u>കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ</u>

2852-08-600-81—<u>ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവൽക്കരണവും (കാപ്പെക്സ്)</u>

സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ (200) നല്കുക (181 തൊഴിൽ ദിനങ്ങൾ 2018-ൽ നൽകി). ആധുനികവത്കരണവും ഭാഗികമായ യന്ത്രവൽക്കരണവും നടത്തുക, ബ്രാൻഡ് ബിൽഡിംഗും ആഗോള-ആഭ്യന്തര വിപണിയും ശക്തിപ്പെടുത്തുക കൂടാതെ പ്രോസസ്സിംഗിനായുള്ള കൂലി ഇനത്തിലുള്ള ചെലവ്, ഇ.എസ്.ഐ., ഇ.പി.എഫ്., ആർ.ഡബ്ല്യൂ.എഫ്. മുതലായ ക്ഷേമ പദ്ധതികൾ കുടിശ്ശിക ഇല്ലാതെ അടയ്ക്കുക, ഫാക്ടറി സ്റ്റാഫ്, ഹെഡ് ഓഫീസ് സ്റ്റാഫ് മുതലായവർക്ക് ശമ്പളം നൽകുക തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ മേൽ ശീർഷകങ്ങളിൽ പ്രവർത്തന മൂലധനമായി 30 കോടി രൂപയും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നല്കുന്നതിനായി (2015 മുതൽ 2018 വരെ) 10 കോടി രൂപയും ചേർത്ത് 40 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2852-08-600-90—<u>ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും</u>

2852-08-600-78—<u>കശുമാവ് കൃഷി പ്രദേശ വ്യാപന പദ്ധതി</u>

കശുമാവിൻ തോട്ടങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.എ.സി.സി.വഴി 5 ഏക്കറോ അതിൽ കൂടുതലോ സ്ഥലമുള്ള കർഷകർക്കും സ്ഥാപനങ്ങൾക്കും കശുമാവിൻ തൈ നൽകുന്നതിനും നിലം ഒരുക്കുന്നതിനുമായി ഹെക്ടറിന് 13,000 നിരക്കിൽ സബ്സിഡി നൽകുക, കർഷകരുടെ ആവശ്യപ്രകാരം വിവിധ പ്രദേശങ്ങളിൽ നിന്നും തൈകൾ ശേഖരിച്ച് എത്തിച്ചുകൊടുക്കുക, ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായ വില ലഭിക്കത്തക്ക രീതിയിൽ വിവിധ ഗ്രൂപ്പുകൾക്ക് രൂപം നൽകുക, സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി പാഴായിപ്പോയ്ക്കൊണ്ടിരിക്കുന്ന കശുമാങ്ങയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളായ കാഷ്യൂ ജാം, സിറപ്പ്, അച്ചാറുകൾ, കാൻഡി എന്നിവ നിർമ്മിച്ച് സ്ത്രീകളുടെ വരുമാനം

വർദ്ധിപ്പിക്കുക, കെ.എസ്.എ.സി.സി.യുടെ ഔദ്യോഗികമായ എല്ലാ രേഖകളും ഡിജിറ്റലൈസ് ചെയ്യുക, അതോടൊപ്പം കശുമാവ് ഗ്രാഫ്റ്റുകൾ ഇ-ടെൻഡർവഴി ക്ഷണിക്കുക, കർഷകരിൽ നിന്നും അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുക, കാലപ്പഴക്കം വന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പുതുക്കുക, യൂണിറ്റ് കാഷ്യൂ മോഡൽ ഗാർഡൻ, മോഡൽ കാഷ്യൂ ഫാം എന്നിവ ആരംഭിക്കുക, കൂടാതെ 2017-18-ലെ 1000 ഹെക്ടർ സ്ഥലത്തേയ്ക്ക് തൈ ഒന്നിന് 60 രൂപ നിരക്കിൽ സബ്സിഡി തുക നൽകുക എന്നിവയ്ക്കായി മേൽ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ പ്രസ്തുത ശീർഷകത്തിൽ 1.98 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4885-01-200-95—<u>കെ.എസ്.ഐ.ഡി.സി. മുഖേനയുള്ള വ്യവസായിക പ്രോത്സാഹന പ്രവർത്തനങ്ങളുടെ നിർവ്വഹണം</u>

ലൈഫ് സയൻസ് പാർക്കിൽ ബയോ ടെക്നോളജി, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ് മെഡിക്കൽ ടെക്നോളജി, ബയോ ഇൻഫോർമാറ്റിക്സ് എന്നീ മേഖലകളിലെ വ്യവസായിക വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് പദ്ധതി എന്ന് സമിതി മനസ്സിലാക്കി. ലൈഫ് സയൻസ് പാർക്കിലെ വ്യവസായിക അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, ഉൾപാതകൾ എന്നിവ ഒരുക്കുന്നതിനും ഗവേഷണ വികസനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്മാൾ ലബോറട്ടറി അനിമൽ ഫെസിലിറ്റി സ്ഥാപിക്കുന്നതിനായും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ പ്രസ്തുത ശീർഷകത്തിൽ 14.5 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കൊച്ചിയിലെ ഇൻഫോ പാർക്കിലെ കെ.എസ്.ഐ.ഡി.സി.യുടെ ഭൂമിയിൽ 50,000 ചതുരശ്ര അടിയിൽ ഒരു ബിസിനസ്സ് ഇൻകുബേഷൻ സെന്ററും ഓഫീസ് കോംപ്ലക്സും നിർമ്മിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ പ്രസ്തുത ശീർഷകത്തിൽ 14 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4885-60-800-96—<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ഉള്ള തുക</u>

പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും നവീകരണത്തിനും ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 289.99 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6853-60-190-97—ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

2017-18 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ ആധുനിക വൽക്കരണ പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം പൂർത്തീകരിക്കുമ്പോൾ ഉണ്ടാവുന്ന പദ്ധതി ചെലവിന്റെ വർദ്ധനവ്, ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറിയുടെ പ്ലാറ്റിനം ജൂബിലി വർഷത്തിൽ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി കമ്പനി പുറംതള്ളുന്ന മാലിന്യത്തിൽ നിന്ന് ഉപോല്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ട നടത്തിപ്പ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ പ്രസ്തുത ശീർഷകത്തിൽ 57.20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6854-01-190-98—കോട്ടയം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനുള്ള വായ്പകൾ

2018-19 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ സിമന്റ് കിലൻ നവീകരണ പദ്ധതികൾ പൂർത്തീകരിക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 1.5 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6857-02-190-99—കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ഇൻഡസ്ട്രീസിനുള്ള വായ്പ

2018-19-ൽ പ്രഖ്യാപിച്ച എൽ.വി.പി., എസ്.വി.പി. പദ്ധതിയുടെ നടത്തിപ്പിനായി 23 കോടി രൂപയും പദ്ധതി ചെലവിൽ ഉണ്ടാകുന്ന വർദ്ധനയും കൂടി കണക്കിലെടുത്ത് ബഡ്ജറ്റ് തുകയോടൊപ്പം ഉപധനാഭ്യർത്ഥനവഴിയോ അഥവാ ധനപുനഃവിനിയോഗം വഴിയോ പ്രസ്തുത ശീർഷകത്തിൽ 27 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

6853-01-190-99—കേരള സംസ്ഥാന മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷനുള്ള വായ്പകൾ (കെ.എം.ഡി.എൽ.)

കണ്ണൂർ ജില്ലയിൽ രാമന്തളി പഞ്ചായത്തിലെ വലിയ കടപ്പുറം അഴിമുഖത്ത് അടിഞ്ഞു കൂടിയിട്ടുള്ള മണൽ ഡ്രഡ്ജ് ചെയ്ത് മാറ്റി മത്സ്യബന്ധന ബോട്ടുകൾക്ക് സഞ്ചാര യോഗ്യമാക്കുവാനും മണൽ വേർതിരിച്ച് ജില്ലാ കളക്ടറും പഞ്ചായത്ത് അധികാരികളും

നിർദ്ദേശിക്കുന്ന സ്ഥലത്ത് നിക്ഷേപിച്ച് കൊടുക്കുന്ന പ്രവർത്തി ഏറ്റെടുത്ത് നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 4 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6858-01-190-96—<u>കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്കുള്ള വായ്പകൾ</u>

2017-18, 2018-19 കാലയളവുകളിൽ ഭരണാനുമതി നൽകിയ ആധുനിക വൽക്കരണ പദ്ധതികൾ അടുത്ത സാമ്പത്തികവർഷം പൂർത്തീകരിക്കാൻ വേണ്ട തുകയും കാലതാമസം മൂലമുണ്ടാകുന്ന പദ്ധതി ചെലവിലെ വർദ്ധനയും കണക്കാക്കി ആകെ 20.67 കോടി രൂപ കൂടി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6858-01-190-97—<u>ട്രാൻസ്ഫോർമേഴ്സ് ആന്റ് കേരളാ ഇലക്ട്രിക്കൽസ് ലിമിറ്റഡിനുള്ള വായ്പ</u>

ദേശീയ അന്തർദേശീയതലത്തിൽ നിർബന്ധമാക്കിയിട്ടുള്ള മാനദണ്ഡപ്രകാരം ട്രാൻസ്ഫോർമറുകളുടെ ടെസ്റ്റിംഗ് നടത്തുന്നതിനായി ത്രീ ഫേസ് ജനറേറ്റർ സ്ഥാപിക്കുന്നതിനും കമ്പോളത്തിന് ആവശ്യമായ ഉയർന്ന കപ്പാസിറ്റിയിലെ ട്രാൻസ്ഫോർമറുകളുടെ ഉല്പാദനത്തിനായി നിലവിലെ ക്രെയിൻ കപ്പാസിറ്റി ഉയർത്തുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 8.50 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6858-60-190-84—<u>സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംങ്സ് ലിമിറ്റഡിനുള്ള വായ്പ</u>

ഷൊർണ്ണൂർ മെഷീനിംഗ് യൂണിറ്റിന്റെ വികസന പ്രവർത്തനത്തിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 2.45 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6858-60-190-99—<u>കേരള സ്റ്റീൽ ഇൻഡസ്ട്രീസിനുള്ള വായ്പകൾ</u>

അഴീക്കലിൽ കപ്പലിന്റെയും ബോട്ടിന്റെയും അറ്റകുറ്റപ്പണിക്കാവശ്യമായ ഡ്രൈഡോക്ക് 60-ഓളം പേർക്ക് പ്രത്യക്ഷമായും അതിലധികം പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ പര്യാപ്തമായ ഒന്നാണെന്നും അടുത്ത 25 വർഷത്തേക്ക് കപ്പലിന്റേയും ബോട്ടിന്റേയും

അറ്റകുറ്റപ്പണി നടത്തുവാൻ ഈ പദ്ധതിക്ക് സാധിക്കുമെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ആയതിൽ ഡ്രൈഡോക്കിന്റെ രണ്ടാംഘട്ട പൂർത്തീകരണത്തിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 17 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6858-60-190-89—ഓട്ടോകാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ

ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ പുനരുദ്ധാരണ നവീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 4.64 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6858-03-190-99—കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ത്രീ വീലർ പ്രോജക്ട്

ഇലക്ട്രിക് ഓട്ടോ പദ്ധതി സംബന്ധിച്ച വിശദാംശം ആരാഞ്ഞതിന് മറുപടിയായി ഇലക്ട്രിക് ഓട്ടോ നിർമ്മാണത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 50 കോടി രൂപയിൽ 10 കോടി രൂപ അനുവദിച്ചെങ്കിലും തുക ലഭ്യമായിരുന്നില്ലായെന്നും കമ്പനിയുടെ തനത് ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക് ഓട്ടോയുടെ പ്രോട്ടോടൈപ്പ് നിർമ്മിച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണെന്നും എം.ഡി. സമിതിയെ അറിയിച്ചു. തുടർന്ന് പുതിയ ഇ-വെഹിക്കിൾ പോളിസി പ്രകാരം ഇലക്ട്രിക് വാഹന നിർമ്മാണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 34 കോടി രൂപകൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

6859-02-190-99—കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക് വികസന കോർപ്പറേഷനുള്ള വായ്പകൾ

കെൽട്രോൺ റീസ്ട്രക്ചർ ചെയ്യുന്നതിനായി നടപടി സ്വീകരിക്കണമെന്നും, മത്സരാധിഷ്ഠിതമായ ജോലികൾ കെൽട്രോണിൽ ചെയ്യുവരുന്നത് എന്നതിനാലും, വിരമിച്ച ആളുകളെയോ താൽക്കാലിക ജീവനക്കാരെയോ നിയമിച്ച് വൈദഗ്ദ്ധ്യമുള്ളതും ഉത്തരവാദിത്വമുള്ളതും ആയ ജോലികൾ ചെയ്യാൻ സാധിക്കില്ല എന്നതിനാൽ ഇത് സംബന്ധിച്ച് നോട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കണമെന്ന് സമിതി അഭിപ്രായ പ്പെട്ടു. തുടർന്ന് ഇലക്ട്രോണിക്സ് വ്യവസായ മേഖലയിലെ മാറ്റങ്ങൾക്കനുസൃതമായി പുതിയ ഉല്പന്നങ്ങൾ നിർമ്മിക്കുക, ഉല്പാദന മികവ് വർദ്ധിപ്പിക്കാനായി നിലവിലുള്ള നിർമ്മാണശാല നവീകരിക്കുക, സോളാർ മൊഡ്യൂളിന്റെ നിർമ്മാണം, സ്മാർട്ട് മീറ്ററിംഗ്, സൗരോർജ്ജ വൈദ്യുതി നിലയം എന്നിവ നടപ്പിലാക്കുക, കൂടാതെ സ്പേസ് ഇലക്ട്രോണിക്സ്,

ഡിഫെൻസ് ഇലക്ട്രോണിക്സ്, പവർ ഇലക്ട്രോണിക്സ് എന്നീ രംഗങ്ങളിലെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി കമ്പനിയുടെ ഉല്പാദന സൗകര്യങ്ങൾ ആധുനീകരിക്കുക തുടങ്ങിയവയ്ക്കായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 21.74 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6885-60-190-95—<u>കെൽട്രോൺ കംപോണന്റ് കോംപ്ലക്സിനുള്ള വായ്പകൾ</u>

പദ്ധതി ചെലവിനങ്ങളിലുണ്ടായേക്കാവുന്ന വർദ്ധനവ് കണക്കിലെടുക്കുമ്പോൾ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനഃപുനവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 1.50 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6860-60-190-94—<u>കേരള സിറാമിക്സ് ലിമിറ്റഡിനുള്ള വായ്പകൾ</u>

കേരള സിറാമിക്സ് ലിമിറ്റഡ് ഇപ്പോൾ ക്ലേ ഇറക്കുമതി ചെയ്യുകയാണെന്നും, കമ്പനി സ്വന്തം നിലയിൽ ക്ലേ ഉത്പാദിപ്പിക്കുന്നതിനായി ഖനനത്തിനാവശ്യമായ സ്ഥലം വാങ്ങുന്നതിനും, യന്ത്രസാമഗ്രികൾ നവീകരിക്കുന്നതിനുമായി 23 കോടി രൂപയുടെ പദ്ധതികൾ അതിവേഗം പുരോഗമിക്കുന്നതായും 2019 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനാവുമെന്നും എന്നാൽ ആയതിലേയ്ക്ക് 10 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ബഡ്ജറ്റ് അലോക്കേഷനിലൂടെ 5 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളു വെന്നും പദ്ധതി പൂർത്തീകരിച്ചാൽ 50 പേർക്കുകൂടി തൊഴിൽ നൽകാനാവുമെന്നും കൂടാതെ കമ്പനി സ്ഥിരമായി ലാഭത്തിലാകാനാവുമെന്നും സമിതി കുറിപ്പിന്റെ വിശദീകരണമായി എം.ഡി. സമിതിയെ അറിയിച്ചു. കമ്പനിയുടെ സമഗ്ര പുനരുദ്ധാരണത്തിനായുള്ള ആധുനികവത്കരണ പദ്ധതികൾക്കായി വിവിധ ഘട്ടങ്ങളിലായി അനുവദിച്ച തുകകൾ പൂർണ്ണമായി ലഭിച്ചിട്ടില്ലെന്നും തുകകൾ ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനെ തുടർന്ന് അധികചെലവുണ്ടായെന്നും സമിതി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ചെലവിനുണ്ടാകുന്ന വർദ്ധനവ് കൂടി കണക്കിലെടുത്ത് മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 6.79 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6860-60-190-79—<u>കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിനുള്ള വായ്പകൾ</u>

കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിന്റെ ഖനനത്തിനെതിരെയുള്ള സമീപവാസികളുടെ എതിർപ്പുമൂലം ഖനനം നിർത്തി വയ്ക്കുകയുണ്ടായെന്നും തുടർന്ന്

കമ്പനിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 9.50 കോടി രൂപ ചെലവിൽ സ്ഥാപിക്കുന്ന ആധുനിക ഡയറി ഫാമിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും കൂടാതെ സ്റ്റാർട്ട് അപ്പ് ഇൻക്യുബേറ്റർ, കോക്കനട്ട് പ്രോസസ്സിംഗ് യൂണിറ്റ്, ഐ.ടി.പാർക്ക്, പെട്രോൾ പമ്പ് എന്നിവ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതായി എം.ഡി. സമിതിയെ അറിയിച്ചു. 2018-19-ൽ ഡയറിഫാം/കോക്കനട്ട് പ്രോസസ്സിംഗ് പദ്ധതിക്ക് ഭരണാനുമതി നല്കിയെങ്കിലും പണം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്നും യന്ത്രസാമഗ്രികളുടെയും കെട്ടിട നിർമ്മാണ സാമഗ്രികളുടെയും വിലവർദ്ധനവ് ഉണ്ടായതുമൂലം പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ അധിക ചെലവ് ഉണ്ടാകുമെന്നും സമിതി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 3.50 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6851-00-190-90—<u>കേരള സംസ്ഥാന ചെറുകിട വ്യവസായിക കോർപ്പറേഷനുള്ള വായ്പ</u>

സിഡ്കോയുടെ പൂർണ്ണതോതിലുള്ള നവീകരണ വികസന പ്രവർത്തനങ്ങൾ നടത്തുകവഴി ചെറുകിട ഉല്പാദന മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ ഉന്നമനം സാധ്യമാകുമെന്ന് സമിതി മനസ്സിലാക്കുന്നു. പൂർണ്ണതോതിലുള്ള നവീകരണവും വികസനവും ഉറപ്പാക്കാനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ മേൽ ശീർഷകത്തിൽ 19.06 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-104-86—<u>പൊതു പ്രവർത്തന സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്</u>

കരകൗശല മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രം സ്ഥാപിക്കൽ എന്ന പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.010005 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4851-00-104-99—<u>കരകൗശല മേഖലയിലുള്ള അപ്പെക്സ് ഓർഗനൈസേഷനുള്ള സഹായം</u>

കരകൗശല മേഖലയിലെ അപ്പെക്സ് ഓർഗനൈസേഷനുള്ള സഹായത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 152.9085 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6851-00-190-96—കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനുള്ള വായ്പകൾ

പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ മേൽശീർഷകത്തിൽ 12.6112150 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6851-00-190-88—കേരള സ്റ്റേറ്റ് പാൽമിരാ വർക്കേഴ്സ് സൊസൈറ്റിക്ക് വായ്പ

ആധുനിക സാങ്കേതിക ഉല്പാദന രീതികൾ ഉൾപ്പെടുത്തി കരുപ്പട്ടിയുടെ ഒരു മോഡേൺ ഉല്പാദന യൂണിറ്റ് നിർമ്മിക്കാനായുള്ള സംരംഭത്തിന് ഫാക്ടറി ബിൽഡിംഗിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 50 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6851-00-190-86—കേരള ബാംബൂ കോർപ്പറേഷനുള്ള വായ്പകൾ

കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് 2018-19 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിന്റെ പൂർത്തീകരണത്തിനായി 2.80 കോടി രൂപ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിൽ അടിയന്തരമായി നടത്തേണ്ട അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കിയിട്ടുള്ള സാഹചര്യത്തിൽ മില്ലുകളുടെ അറ്റകുറ്റപ്പണികൾക്കായി മേൽ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4860-60-102-99—സംയോജിത റൈസ് ടെക്നോളജി പാർക്ക്

കേരളത്തിൽ ലഭ്യമാകുന്ന നെല്ല്, കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ് തുടങ്ങിയ പൊതുവിതരണ ശൃംഖല വഴി ന്യായമായ വിലയിൽ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയ പദ്ധതിയായ ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക് ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 20 കോടി രൂപകൂടി മേൽ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6860-60-190-86—ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനുള്ള വായ്പകൾ

ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന്റെ വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 5 കോടി രൂപകൂടി മേൽശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6860-01-190-95—കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ

ബഡ്ജറ്റ് മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെ പുനരുദ്ധാരണത്തിനായി 29.53 കോടി രൂപയ്ക്ക് 2018-19-ൽ ഭരണാനുമതി ലഭിച്ചെങ്കിലും 25 കോടി രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ആയത് പദ്ധതിയുടെ പൂർത്തീകരണത്തിന് അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിൽ അടിയന്തരമായി നടത്തേണ്ട അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കിയിട്ടുള്ള സാഹചര്യത്തിൽ മില്ലുകളുടെ അറ്റകുറ്റപ്പണികൾക്കായി മേൽ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4885-60-800-96—പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ഉള്ള തുക

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദീർഘകാല പദ്ധതികൾ നടപ്പിലാക്കി സ്ഥാപനങ്ങൾ സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള ഈ പദ്ധതിയ്ക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 30 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തുടർന്ന് കയർ വികസന വകുപ്പുമായി ബന്ധപ്പെട്ട കുറിപ്പ് സമിതി പരിശോധിച്ചു. കയർ വികസന വകുപ്പിന്റെ വിവിധ ശീർഷകങ്ങളിൽ കഴിഞ്ഞ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായി ചെലവഴിക്കാത്തതെന്തുകൊണ്ടാണെന്നും, അനുവദിക്കുന്ന തുക മുഴുവനും കടിശ്ശിക നൽകുന്നതിനായി ഉപയോഗിക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തേണ്ടതാണെന്നും അനുവദിക്കുന്ന തുക നോൺ-പ്രൊഡക്ടീവ് എക്സ്പെൻഡിച്ചറിനായി മാത്രം ഉപയോഗിക്കരുതെന്നും, കേരളത്തിൽ ചകിരി സുലഭമായിട്ടും കോയമ്പത്തൂർ, പൊള്ളാച്ചി എന്നിവിടങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന അവസ്ഥയിൽ മാറ്റം ഉണ്ടാകണമെന്നും ആയതിലേക്കായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും സമിതി ആരാഞ്ഞു.

കയർ മേഖല നേരിടുന്ന പ്രധാന പ്രശ്നം ചകിരിയുടെ ദൗർലഭ്യമാണെന്നും കേരളത്തിൽ തന്നെ പല സ്ഥലങ്ങളിൽ നിന്നായി ലഭ്യമാകുന്ന ചകിരി ഉപയോഗിക്കാതിരിക്കുന്ന അവസ്ഥയുണ്ടെന്നും, ഈയൊരവസ്ഥ പരിഹരിക്കുന്നതിനായി ഒരു പഞ്ചവത്സര പദ്ധതി തയ്യാറാക്കി കൃഷി വകുപ്പുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2851-00-106-92-02—<u>വിപണന വികസന പദ്ധതി (50% കേന്ദ്രസഹായ പദ്ധതി)</u>
(സംസ്ഥാന വിഹിതം)

കയർഫെഡ്, ഫോമിൽ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർ സഹകരണ സംഘങ്ങൾ ഇടങ്ങിയവയുടെയും കയർ മേഖലയുടെയും ആകെ വിറ്റുവരവ്, തൊഴിൽ ദിനം സൃഷ്ടിക്കൽ, മൂല്യ ശൃംഖലയിലെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ എന്നീ ഘടകങ്ങളെ ആധാരമാക്കിയുള്ള ധനസഹായം നൽകൽ ഇടങ്ങിയവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-106-54—<u>ഉല്പാദനത്തിനും വിപണനത്തിനുമുള്ള പ്രോത്സാഹനം</u>

പാരമ്പര്യ കയർ ഉല്പന്നങ്ങളുടെ പ്രോത്സാഹനം, വിപണനം, സ്ഥാപനങ്ങളുടെ വാർഷിക വിറ്റുവരവ്, ഇൻപുട്ട്-ഔട്ട്പുട്ട് ലിങ്കേജ്, തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം ഇടങ്ങിയവ അടിസ്ഥാനമാക്കി ധനസഹായം നല്കി ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ഈ പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-106-34—<u>വില വ്യതിയാന നിധി</u>

2019-20 സാമ്പത്തികവർഷം ചകിരി, കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ ഉല്പാദനം ഗണ്യമായി വർദ്ധിക്കുമെന്നതിനാൽ ഇവ സംഭരിച്ച് വിപണനം നടത്തുന്നതിനും യഥാസമയം ഇവയുള്ള വില സംഘങ്ങൾക്ക് നൽകുന്നതിനുമായി അധികം തുക ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2851-00-106-93—<u>ക്ഷേമനടപടികൾ-കയർ തൊഴിലാളി പെൻഷൻ</u>

കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമപദ്ധതികൾ ഇവ നടപ്പിലാക്കാൻ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്ന വിഹിതം 2011-12 വരെ പ്ലാൻ ഇനത്തിലാണ് വകയിരുത്തിയിരുന്നതെന്നും 2012-13 മുതൽ പ്രസ്തുത തുക നോൺ പ്ലാൻ ഇനത്തിലാണ് വകയിരുത്തിയിരുന്നതെന്നും പ്രതിമാസം 1,000 രൂപ വീതം പെൻഷൻ, കൂടാതെ കുടുംബപെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, വിരമിക്കൽ ആനുകൂല്യം എന്നിവ നൽകാനും മറ്റ് ക്ഷേമപദ്ധതികൾ നടപ്പാക്കാനും ഉപയോഗിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. മേൽ ചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ 55.84 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സമിതിയുടെ യോഗം 11-3-2019-ന് തിരുവനന്തപുരത്ത് ചേരാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 12.50-ന് അവസാനിച്ചു.

## 13-3-2019-ലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV 2019 മാർച്ച് മാസം 13-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 4 'ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. പി. ജയരാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയുമായ ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും താഴെപ്പറയുന്ന അംഗവും തദവസരത്തിൽ ഹാജരായിരുന്നു:

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എ. കെ. ഷൈല, ജോയിന്റ് സെക്രട്ടറി

4. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി

5. ശ്രീമതി രജി ഡി. ഒ. അണ്ടർ സെക്രട്ടറി.

സമിതി 2019-20 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 2.30 മണിക്ക് അവസാനിച്ചു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.